# സത്യദൂതൻ

2018 ഏപ്രിൽ | ലക്കം 4

വില ₹ 30



## ഹദ്റത്ത് അഹ്മദ് (അ) വാഗ്ദത്ത മസീഹ്

## സ്റ്റീഫൻ ഹോക്കിൻസ്: പരിമിതികളെ കീഴടക്കിയ ശാസ്ത്രപ്രതിഭ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more

**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2018 ഏപ്രിൽ
ഹി.ശ.1398 - ശഹാദത്ത്
1439 റജബ് - ശഅബാൻ
പുസ്തകം 90 ലക്കം 4
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്ബ സംഗ്രഹം
**ഹദ്റത്ത് അഹ്മദ് (അ) വാഗ്ദത്ത മസീഹ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 23-03-2018ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

12
**വിവാദാത്മകമായ ദയാവധം**
എ. എം. മുഹമ്മദ് സലീം
ജീവൻ ദൈവത്തിന്റെ പരമപാവനമായ നിരുപാധിക ദാനമാണ്. അത് സ്വയം നശിപ്പിക്കാനോ മറ്റൊരാളാൽ നശിപ്പിക്കപ്പെടാനോ അനുവാദമില്ല. മാറാരോഗത്തിന്റെ തീരാവേദന അനുഭവിക്കുന്ന രോഗിയെ ദയാവധത്തിന് വിധേയമാക്കാൻ അനുമതി നൽകിക്കൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രിം കോടതി വിധിയെപ്പറ്റി

17
**മലക്കുകൾ - 7**
**മലകി-ശൈത്താനി പ്രേരണകളും മനുഷ്യമനസ്സും**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

24
**ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ദിവ്യ രചന**
മുഹമ്മദ് ഉമർ, കോഴിക്കോട്
പ്രവാചകന്മാരാരും തന്നെ ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരല്ല. അവർക്ക് ലഭിച്ച ജ്ഞാനങ്ങൾ ദൈവിക വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള ആത്മീയ പ്രതിഭാസങ്ങളാണ്. അത്തരത്തിലുള്ള ഒരു അത്ഭുത ദൃഷ്ടാന്തമാണ് ഹദ്റത്ത് അഹ്മദ് (അ)ന്റെ ഖുത്ബ ഇൽഹാമിയ്യ.

27
**റിച്ചാർഡ് ഡാക്കിൻസ് വിമർശിക്കപ്പെടുന്നു - 3**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

32
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ - 18**
ഇബ്നു വഫ കോഴിക്കോട്

41
കുറിപ്പുകൾ
**സ്റ്റീഫൻ ഹോക്കിൻസ്: പരിമിതികളെ കീഴടക്കിയ ശാസ്ത്രപ്രതിഭ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗങ്ങൾ വർധിപ്പിച്ചു. അവർ കള്ളം പറഞ്ഞു കൊണ്ടിരിക്കുന്ന കാരണത്താൽ അവർക്ക് വേദനാ ജനകമായ ശിക്ഷ ലഭിക്കുന്നതാണ്. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരു തെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. (2:12)





## നബിവചനം

അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി തിരുമേനി(സ) അരുളി: ജ്ഞാനം ജനങ്ങളിൽനിന്ന് നഷ്ടപ്പെടും. അജ്ഞതയും കുഴപ്പവും പ്രത്യക്ഷപെടും ഹറജ് വർദ്ധിക്കും അപ്പോൾ ഒരാൾ ചേദിച്ചു. അല്ലാഹുവിന്റെ ദൂതരെ, എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി (സ) കൊലയാണ് ഉദ്ദേശിച്ച തെന്ന് മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവികബന്ധവും പാപവിമുക്തിയും

പാപം യഥാർഥത്തിൽ ഒരു വിഷമാണ്. മനുഷ്യന് ദൈവത്തോടുള്ള അനുസരണവും ദൈവത്തോടുള്ള ആവേശ പൂർണമായ സ്നേഹവും സ്നേഹോദാരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായി തീരുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം ഭുമിയിൽ നിന്ന് വേരോടെ കടപുഴകി വീണാൽ അതിന് ഭൂമിയിൽ നിന്നുള്ള ജലം വലിച്ചെടുക്കാൻ കഴിയുന്നതല്ല. അത് ദിനം പ്രതി വാടിയുണങ്ങിപോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിന് നഷ്ടപ്പെട്ടുപോവുകയും ചെയ്യും. ഏതൊരു ഹൃദയവും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്നും വെറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇത് തന്നെയാണ്. ചുരുക്കത്തിൽ ഉണക്ക  വൃക്ഷത്തെപോലെയെന്ന പോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തികളയുന്നു. (സിറാജുദ്ദീൻ ഈസായി കെ ചാർ സവാലൊം കാ ജവാബ്. ഭാ. 2)



എഡിറ്റോറിയൽ

# മഹ്ദീ മസീഹ്:

## പുനരുജ്ജീവനത്തിന്റെ ഏക വഴി

ദൈവത്തിൽ നിന്ന് ആഗതനാവുന്ന ഒരു മഹാത്മാവിലൂടെയാണ് സമൂഹങ്ങൾ പുരുജ്ജീവിപ്പിക്കപ്പെടുക എന്നത് ലോകാരംഭം മുതൽക്കുള്ള സനാതന തത്ത്വമാണ്. സമൂഹം നാനാവിധത്തിലും ജീർണിക്കുമ്പോൾ അതിന്റെ മുമ്പിൽ രണ്ട് വഴികൾ മാത്രമാണുള്ളത്. ഒന്നുകിൽ പൂർണമായി നശിക്കുക അല്ലെങ്കിൽ പുനരുജ്ജീവിക്കുക. നാശം ഗ്രസിച്ചുകഴിഞ്ഞ സമൂഹങ്ങൾക്ക് സ്വയം പുനരുജ്ജീവിക്കാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ നിരുപാധികമായ കാരുണ്യത്താൽ വെളിപാടുകൾ കൊണ്ടനുഗൃഹീതരായവർ അവതീർണരായാണ് സമൂഹങ്ങൾ സമുദ്ധരിക്കപ്പെടുക. സമൂഹത്തിന്റെ ഭൗതിക സ്വാധീനങ്ങൾ ബാധിക്കാത്ത സ്വഛവും സുദൃഢവുമായ ദൈവിക ജ്ഞാനം ലഭിക്കുന്ന മതപുരുഷന്മാരെ കൊണ്ട് മാത്രമെ പുനരുജ്ജീവനവും ആത്മീയ ധാർമിക സമൂഹങ്ങളുടെ നിർമിതിയും സാദ്ധ്യമാവുകയുള്ളൂ. ഇങ്ങനെ ആവിർഭവിക്കുന്ന പ്രവാചകന്മാരുടെ ചരിത്രമാണ് വിശുദ്ധ ഖുർആൻ മുഴുവൻ നിറഞ്ഞു നിൽക്കുന്നത്. ശക്തവും സനാതനവുമായ ഈ ദൈവിക പ്രക്രിയ നിലച്ചു പോയി എന്ന് പറയുന്നത് അതിക്രമികളുടെ പ്രസ്താവനമാത്രമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

അവസാനകാലത്ത് ഇസ്‌ലാം മതം ജീർണിക്കുകയും മുസ്‌ലിംകളുടെ ഖിലാഫത്ത് വ്യവസ്ഥ തകരുകയും ചെയ്യുമ്പോൾ ഇമാം മഹ്ദിയും മസീഹുമായി നുബുവ്വത്തിനാൽ അനുഗൃഹീതമായ ഒരു മഹാത്മാവ് അവതരിക്കുമെന്ന് വിശുദ്ധ ഖുർആനും റസൂൽ തിരുമേനി (സ)യും പറഞ്ഞതാണ്. മുസ്‌ലിം സമൂഹത്തിന് ഹൃദിസ്ഥമായ ഈ പ്രവചനത്തിന്റെ പൂർത്തീകരണം ഒരു പെരുന്നാളായി അഘോഷിക്കാൻ മുസ്‌ലിം ചരിത്രത്തിലുടനീളം അല്ലാഹുവിന്റെ ഔലിയാക്കന്മാരും ഉലമാക്കന്മാരും ഉമറാക്കന്മാരും കാത്തിരുന്നു. മസീഹിന്റെ ഇറക്കത്തെ പറ്റി പറയാത്ത ഇസ്‌ലാമിക ഗ്രന്ഥങ്ങളോ പ്രഭാഷണങ്ങളോ പഴയ കാലത്ത് ഇല്ലായിരുന്നു. പക്ഷേ വാഗ്ദത്ത മസീഹ് പ്രവചിതമായ സർവ വിധ അടയാളങ്ങളുടെയും നിറവിൽ വന്നുനിന്നപ്പോൾ ചരിത്രം ആവർത്തിക്കുക യാണുണ്ടായത്. വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയതുപോലെ നിഷേധത്തിന്റെ കോലാഹലങ്ങളായിരുന്നു കൂടുതലും.

റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം വാഗ്ദത്ത മഹ്ദിയും മസീഹുമായി നുബൂവ്വത്ത് കൊണ്ട് അനുഗൃഹീതനായ ഹദ്റത്ത് അഹ്മദ് (അ)യഥാകാലം ആഗതനായി. പ്രമാണിക മുസ്‌ലിം പണ്ഡിതന്മാർ നബിയിൽ കുറഞ്ഞ ഒന്നുകൊണ്ടും മുസ്‌ലിം ഉമ്മത്തിന് രക്ഷപ്പെടാൻ സാധ്യമല്ല എന്ന് വിലപിച്ചുകൊണ്ടിരിക്കുമ്പോഴാണ് യഥാകാലം അല്ലാഹു ഹദ്റത്ത് അഹ്മദ് (അ) നെ അയക്കുന്നത്. ബഹുഭൂരിപക്ഷത്തിന്റേയും നിഷേധമായിരുന്നു ഫലം. എതിർപ്പുകളെ അതിജീവിച്ച് ഇസ്‌ലാം മതത്തിന്റെ പുനരുജ്ജീവനത്തിന് വേണ്ടി ഹദ്റത്ത് അഹ്മദ് (അ) അല്ലാഹുവിന്റെ ആജ്ഞയാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിച്ചു. അദ്ദേഹം ദിവംഗതനായപ്പോൾ നുബൂവ്വത്തിനെ തുടർന്നുള്ള ഖിലാഫത്ത് വ്യവസ്ഥ സംജാതമാവുകയുണ്ടായി. അഹ്മദിയ്യാ ഖിലാഫത്തിലെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) ന്റെ കീഴിൽ വിശ്വവ്യാപകമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി നിറഞ്ഞ പ്രതീക്ഷയോടെ ഇന്ന് പ്രവർത്തിക്കുന്നു. മഹ്ദി ആഗതനായാൽ തന്റെ സലാം എത്തിക്കണമെന്ന റസൂൽ തിരുമേനി (സ)യുടെ ആഗ്രഹം സഫലമാവാനും ഇസ്‌ലാമിന്റെ ആഗോള വിജയം സമീപസ്ഥമാക്കാനും മുസ്‌ലിം സഹോദരന്മാർ അഹ്മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിക്കണമെന്ന് അഭ്യർഥിക്കുന്നു.



ഹദ്റത്ത് അഹ്മദ് (അ)

# ഞാൻ വ്യാജവാദിയല്ല

ഓ മുസ്ലിംകളെ ഓർത്തുകൊള്ളുക അല്ലാഹു എന്നിലൂടെ നിങ്ങൾക്ക് ഒരു സുവാർത്ത അറിയിച്ചിരിക്കയാണ്. ഞാൻ എന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അത് ശ്രവിക്കുന്നതും ശ്രവിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടം. ഹദ്റത്ത് ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്നത് തികച്ചും സത്യമാണ്. വാഗ്ദാനം ചെയ്യപ്പെട്ട ആൾ താനാണെന്ന് അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ട് പറയുകയാണ്. ഇസ്ലാമിന്റെ ജീവിതം ഈസാ നബി (അ) ന്റെ മരണത്തിലാണ് ഉള്ളതെന്നത് ഒരു ഉറച്ച സത്യമാണ്.

........... ഇനി ചിന്തിച്ചാലും! വാദിയായ ഞാൻ ദജ്ജാലാണെന്നും കള്ളവാദിയാണെന്നും മുദ്രകുത്തപ്പെടുകയുണ്ടായി. എന്നിട്ടും വ്യാജവാദിയായ എനിക്കായി ഇത്രയധികം അടയാളങ്ങൾ പൂർത്തിയാക്കപ്പെടുക എന്നത് അത്ഭുതകരം തന്നെ. ഞാനല്ലതെ മറ്റാരാണ് വ രേണ്ടതെങ്കിൽ പിന്നെ അയാൾക്ക് എന്തടയാളമാണ് അവശേഷിക്കുക. അൽപ്പമെങ്കിലും നീതി കാണിക്കൂ. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു ഏതെങ്കിലും വ്യാജവാദിയെ ഇവ്വിധം സഹായിക്കാറുണ്ടോ? എനി ക്കെതിരായി വന്നവരെല്ലാം പരാജിതരായി എന്ന കാര്യം അത്ഭുതമല്ലേ? ഏതെല്ലാം ആപത്തുകളിലും അപകടങ്ങളിലുമാണ് എന്റെ എതിരാളികൾ എന്നെ ചാടിക്കാൻ ശ്രമിച്ചത്. അവയിൽ നിന്നെല്ലാം അലാഹു സുരക്ഷിതനായും ഉദ്ദേശ്യ സാഫല്യം ലഭിച്ചവനായും രക്ഷപ്പെടുത്തി. വ്യാജന്മാരോട് അല്ലാഹു ഇങ്ങനെയാണോ പെരുമാറുക എന്ന് സത്യം ചെയ്ത് ആരെങ്കിലും പറയട്ടെ.

എന്നെ എതിർത്തു കൊണ്ടിരിക്കുന്ന ഉലമാക്കന്മാർക്ക് എന്തു പറ്റിയെന്ന് ഞാൻ പരിതാപപ്പെടുകയാണ്. അവർ വിശുദ്ധ ഖുർആനും ഹദീസുകളും എന്തുകൊണ്ട് സശ്രദ്ധം പാരായണം ചെയ്യുന്നില്ല. ഇതിന് മുമ്പ് കഴിഞ്ഞുപോയ മഹാത്മാക്കളെല്ലാം തന്നെ വാഗ്ദത്ത മസീഹിന്റെ ആഗമനം പതിനാലാം നൂറ്റാണ്ടിലാണെന്ന് പറഞ്ഞുകൊണ്ടിരുന്ന കാര്യം അവർ അറിയുന്നില്ലേ? എല്ലാ ദിവ്യ ദർശകരുടെ ദർശനങ്ങളും ഇവിടം വന്നെത്തി നിൽക്കുന്നു. വാഗ്ദത്ത മസീഹിന്റെ ആഗമനം ഹിജ്റ പതിനാലാം നൂറ്റാണ്ടിനപ്പുറം പോകില്ല എന്ന് ഹിജ്ജുൽ കിറാമ എന്ന ഗ്രന്ഥം വ്യക്തമായി രേഖപ്പെടുത്തുന്നു. വന്യ മൃഗങ്ങൾകൂടി അഭയം തേടിയ നൂറ്റാണ്ടാണ് പതിമൂന്നാം നൂറ്റാണ്ടെന്നും പതിനാലാം നൂറ്റാണ്ട് അനുഗൃഹീത നൂറ്റാണ്ടാണെന്നും ഇവർ തന്നെ മിംബറുകളിൽ കയറിനിന്നു കൊണ്ട് പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ എന്താണ് ഉണ്ടായത്? പതിനാലാം നൂറ്റാണ്ടിൽ ഈമാമിന് പകരം വന്നത് ഒരു വ്യാജവാദിയാണ്.!! എന്ന് മാത്രമല്ല, അയാളെ പിന്താങ്ങി ക്കൊണ്ട് ആയിരക്കണക്കിന് ലക്ഷക്കണക്കിന് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. അല്ലാഹു ഒരോ രംഗത്തും എതിർപ്പിലും അദ്ദേഹത്തെ സഹായിച്ചു. കൊണ്ടിരിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് അൽപ്പം ചിന്തിച്ച് മറുപടി പറയുക . വായ കൊണ്ട് എന്തെങ്കിലും പറയുക എന്നത് എളുപ്പമാണ്. അല്ലാഹുവിനെ ഭയന്ന് കൊണ്ട് സംസാരിക്കുക എന്നത് പ്രയാസകരമാണ്..

ഇത് കൂടാതെ ഒരുകാര്യം കൂടി ശ്രദ്ധേയമാണ്. അല്ലാഹു ഒരു വ്യാജവാദിക്കും കറ്റ് കെട്ടുകാരനും ഹദ്റത്ത് റസൂൽ തിരുമേനിക്ക്(സ) ലഭിച്ചയത്ര കാലയളവ് നൽകുകയില്ല. എനിക്ക് ഇപ്പോൾ 67 വയസ്സായി. എന്റെ നിയോഗിത കാലഘട്ടം 23 വർഷത്തിലധികമായി. ഞാൻ യഥാർത്ഥത്തിൽ ഒരു വ്യാജ വാദിയായിരുന്നെങ്കിൽ അല്ലാഹു ഈ പ്ര സ്ഥാനത്തെ ഇത്രയധികം നീട്ടി ക്കൊണ്ടു പോകുമായിരുന്നില്ല.

(ലുധിയാനാ പ്രഭാഷണം)

*വിവ: മുഹമ്മദ് ഉമർ*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 23-03-2018 ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വി.വ: മുഹമ്മദ് ഇസ്മായിൽ ആലപ്പുഴ.

# ഹദ്റത്ത് അഹ്മദ് (അ) വാഗ്ദത്ത മസീഹ്

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഇന്ന് മാർച്ച് 23 ആണ്. അഹ്മദിയ്യാ ജമാഅത്തിൽ ഈ ദിവസം 'മസീഹ് മൗഊദ് ദിനം' എന്ന പേരിൽ അറിയപ്പെടുന്നു. ഈ ദിവസം മസീഹ് മൗഊദ് ദിന യോഗവും സംഘടിപ്പിക്കുന്നു. ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ കേൾപ്പിക്കുന്നതാണ്; അതിൽ അദ്ദേഹം വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദിന്റെ നിയോഗോദ്ദേശ്യവും ആവശ്യകതയും സ്ഥാനവും വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാദത്തിനു ശേഷം നാമമാത്ര മുസ്ലിം ഉലമാക്കൾ സാധാരണ മുസ്ലിംകളെ അദ്ദേഹത്തിന്നെതിരെ ഇളക്കിവിടുന്നതിനുവേണ്ടി കഠിനമായി ശ്രമിച്ചു. പക്ഷേ, അല്ലാഹുവിന്റെ സഹായത്താൽ അദ്ദേഹത്തിന്റെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. സത്പ്രകൃതക്കാരായവർ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക വാഗ്ദാനങ്ങളനുസരിച്ചുള്ള തന്റെ വരവിനെ കുറിച്ചും താൻ തന്നെയാണ് മസീഹ് മൗഊദ് എന്ന് വിളംബരം ചെയ്തുകൊണ്ടും പറയുന്നു:

"യഥാർഥമായ തൗഹീദും നബി(സ) തിരുമേനിയുടെ വിശുദ്ധിയും ബഹുമാനവും ആദ്ധ്യാത്മകതയും ദൈവഗ്രന്ഥവും അല്ലാഹുവിൽനിന്നായ കാരണത്താൽ, അക്രമത്തിന്റേയും അധികാരത്തിന്റേയും വഴിയിലൂടെ ആക്രമണം ചെയ്യപ്പെട്ടപ്പോൾ അല്ലാഹുവിന്റെ ആത്മീയരോഷത്തിന്റെ തേട്ടമായിരുന്നില്ലേ അതിനെ തകർക്കാനുള്ളയാളെ ഇറക്കുക എന്നത്? താൻ ചെയ്ത **ഇന്നാ നഹ്നു നസ്സൽന ദ്ദിക്റ വഇന്നാ ലഹൂ ല ഹാഫിളൂൻ** എന്ന വാഗ്ദാനം അല്ലാഹു മറന്നുപോയോ? തീർച്ചയായും ഓർത്തുകൊള്ളുക! അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. അവൻ തന്റെ വാഗ്ദാനമനുസരിച്ച് ലോകത്ത് ഒരു താക്കീതു കാരനെ അയച്ചു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ പ്രതികാരനടപടികളാൽ അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുകയും ചെയ്യും. ഞാൻ നിങ്ങളോടു സത്യമായും സത്യമായും പറയുന്നു, 'ഞാൻ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് മസീഹു മൗഊദായി വന്നിരിക്കുന്നു; ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കുക. ഇഷ്ടമില്ലെങ്കിൽ നിഷേധിക്കുക.' എന്നാൽ, നിങ്ങൾ നിഷേ

ധിക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാനില്ല. അല്ലാഹു ഉദ്ദേശിച്ചത് നടക്കുകതന്നെ ചെയ്യും. **സ്വദഖല്ലാഹു വ റസൂലുഹൂ വ കാന വഅ്ദൻ മ്മഫ്ഊലാ** എന്ന് പറഞ്ഞിരിക്കുന്നു. അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യം സത്യമായി പുലരുകയും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്തു." പിന്നീട് ഒരവസരത്തിൽ പറഞ്ഞു:

"പ്രവാചകത്വത്തിന്റെ സരണിയിൽ (മിൻഹാജുന്നുബുവ്വ) ഈ ജമാഅത്തിനെ അളക്കുകയും ആരോടൊപ്പമാണ് സത്യമെന്ന് നോക്കുകയും ചെയ്യുക. സാങ്കല്പികമായ തത്ത്വങ്ങളും പദ്ധതികളുംകൊണ്ട് ഒരു പ്രയോജനവുമില്ല. സാങ്കല്പികമായ കാര്യങ്ങൾകൊണ്ട് ഞാനെന്നെ സാക്ഷ്യപ്പെടുത്തുന്നില്ല. ഞാനെന്റെ വാദത്തെ നുബുവ്വത്തിന്റെ സരണിയുടെ നിലവാരത്തിലാണ് സമർപിക്കുന്നത്. അപ്പോൾ പിന്നെ ഈ അടിസ്ഥാനപരമായ തത്ത്വമനുസരിച്ച് അതിന്റെ സത്യത അളക്കാതിരിക്കാൻ എന്തുകാരണമാണുള്ളത്?" ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ പറയുന്ന കാര്യങ്ങൾ ഹൃദയം തുറന്ന് കേൾക്കുന്നവർ ഫലമെടുക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു; വിശ്വസിക്കുകയും ചെയ്യും. പക്ഷേ, മനസ്സിൽ ലുബ്ധും പകയും വെച്ചുപുലർത്തുന്നവർക്ക് ഞാൻ പറയുന്ന കാര്യങ്ങൾ ഒരു ഫലവും ചെയ്യുകയില്ല."

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എന്നോടു എന്റെ വാദത്തിനുള്ള തെളിവ് ചോദിക്കുക എന്നത് എല്ലാ ഓരോ സത്യാന്വേഷിയുടേയും അവകാശമാണ്. നബിമാർ സമർപ്പിച്ചിട്ടുള്ളതുതന്നെയാണ് അതിൽ നാമും സമർപിക്കുന്നത്; ഖുർആനിലെ ആയത്തുകൾ, തിരുഹദീഥുകൾ, ബുദ്ധിപരമായ തെളിവുകൾ. അതായത് പരിഷ്കർത്താവിനെ അന്വേഷിക്കുന്നവനാഗ്രഹിക്കുന്ന വർത്തമാനകാല ആവശ്യങ്ങൾ! പിന്നീടുള്ളത് എന്റെ കൈയാൽ അല്ലാഹു വെളിപ്പെടുത്തിയ അടയാളങ്ങളാണ്. ഞാൻ ഒരു രേഖാചിത്രം ക്രമീകരിച്ചിട്ടുണ്ട്. അതിൽ 150 നടുത്ത് അടയാളങ്ങൾ നല്കിയിരിക്കുന്നു. അതിന് കോടിക്കണക്കിനാളുകൾ സാക്ഷികളാണ്. വ്യർഥമായ കാര്യങ്ങൾ സമർപ്പിക്കുക എന്നത് നന്മയല്ല.

വാഗ്ദത്ത മസീഹ് നീതിമാനായ വിധികർത്താവായിവരുമെന്ന് നബി(സ)തിരുമേനി പറഞ്ഞത് അതുകൊണ്ടാണ്. ഹൃദയത്തിൽ ദുഷ്ടത കുടികൊള്ളുന്നവർ വിശ്വസിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ട് വ്യർഥമായ തെളിവുകളും ആക്ഷേപങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, അവർ ഓർത്തുകൊള്ളട്ടെ, അവസാനം അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ശക്തിമത്തായ പ്രതികാര നടപടികളാൽ എന്റെ സത്യത വെളിപ്പെടുത്തുന്നതായിരിക്കും. ഞാൻ കറ്റുകെട്ടിപ്പറയുകയാണെങ്കിൽ ക്ഷണത്തിൽ നശിപ്പിക്കപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, എന്റെ എല്ലാ പ്രവർത്തനവും അല്ലാഹുവിന്റെ സ്വന്തം പ്രവർത്തനമാണ്. ഞാൻ അവനിൽനിന്നു വന്നിരിക്കുന്നു. എന്നെ നിഷേധിക്കൽ അവനെ നിഷേധിക്കലാണ്. അതുകൊണ്ട് അവൻ സ്വയം എന്റെ സത്യം വെളിപ്പെടുത്തുന്നതായിരിക്കും."

മസീഹ് മൗഊദിനെ നിഷേധിക്കുമ്പോൾ നബി(സ)തിരുമേനിയേയും നിർബന്ധമായും നിഷേധിക്കേണ്ടിവരുമെന്ന കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹിനെ നിഷേധിക്കുന്നതുകൊണ്ട് നബി(സ) തിരുമേനിയെ എങ്ങനെയാണ് നിഷേധിക്കുന്നത്? കാരണം ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ മുജദ്ദിദ് അഥവാ പരിഷ്കർത്താവ് വരുമെന്ന് നബി(സ) തിരുമേനി വാഗ്ദാനം ചെയ്തിരുന്നു. അത് (അല്ലാഹുവിൽ അഭയം) കളവായി പുലർന്നു. പിന്നീട് നബി(സ) തിരുമേനി **ഇമാമുക്കും മിൻകും** എന്നു പറഞ്ഞിരുന്നു. അതും (അല്ലാഹുവിൽ അഭയം) കളവായിത്തീർന്നു. കുരിശിന്റെ കുഴപ്പങ്ങളുടെ കാലത്ത് ഒരു മസീഹും മഹ്ദിയും വരുമെന്ന് സുവാർത്ത അറിയിച്ചിരുന്നു. അതും (അല്ലാഹുവിൽ അഭയം) തെറ്റായിപ്പോയി. കാരണം കുഴപ്പങ്ങൾ നിലവിലുണ്ടായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, വരേണ്ട ഇമാം വന്നില്ല. ഇക്കാര്യങ്ങൾ ഒരുവൻ സമ്മതിക്കുമ്പോൾ പ്രാവർത്തികമായ നിലയിൽ അവൻ നബി(സ)തിരുമേനിയെ നിഷേധിക്കുന്നവനാകുകയില്ലേ?"

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥിന്റേയും സാക്ഷിയും സാക്ഷാത്കാരവുമാകുന്നു. ഞാൻ വഴിപിഴച്ചവനല്ല. മറിച്ച് മഹ്ദിയാകുന്നു. ഞാൻ കാഫിറല്ല. മറിച്ച് **അന അവ്വലുൽ മുഅ്മിനീ**ന്റെ ശരിയായ സാക്ഷാത്കാരമാകുന്നു. ഞാൻ എന്തൊന്നു പറയുന്നുവോ, അല്ലാഹു എന്നിൽ എന്തൊന്ന് വെളിപ്പെടുത്തിയോ അത് സത്യമാകുന്നു. വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും സത്യമായി വിശ്വസിക്കുന്ന അല്ലാഹുവിൽ ദൃഢവിശ്വാസമുള്ളവർക്ക് ഈ തെളിവ് മതിയായതാണ്. അതായത് എന്റെ നാവിൽനിന്ന് കേട്ട് മൗനമവലംബിക്കുക. പക്ഷേ, തന്റേടിയ്ക്കും കടിഞ്ഞാണില്ലാത്തവനും എന്തു ചികിത്സയാണുള്ളത്? അല്ലാഹു സ്വയം അവന് മനസ്സിലാക്കിക്കൊടുത്തുകൊള്ളും. അതിനാൽ, അവരുടെ മനസ്സിൽ പിശുക്കും പിടിവാശിയുമില്ലെങ്കിൽ ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുകയും എന്റെ പിന്നാലെ വരികയും ചെയ്യട്ടെ. എന്നിട്ട് നോക്കട്ടെ അല്ലാഹു അവരെ അന്ധകാരത്തിൽ വിടുകയാണോ അതല്ല പ്രകാശത്തിലേക്ക് കൊണ്ടുവരുകയാണോ എന്ന്. സഹനത്തോടും സത്യമനസ്സോടും എന്റെ പിന്നാലെ വരുന്നവർ നശിപ്പിക്കപ്പെടുകയില്ലെന്നും പ്രത്യുത അവർ അനശ്വരമായ ജീവിതത്തിൽ ഭാഗഭാക്കാകുമെന്നും ഞാൻ ദൃഢമായും വിശ്വസിക്കുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഹൃദയം

ശുദ്ധിയുള്ളവരുടേയും ദൈവഭയമുള്ളവരുടേയും മുമ്പിൽ വീണ്ടും പ്രത്യക്ഷപ്പെടുമെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് ഈസായുടെ തീരുമാനം സമർപ്പിക്കുകയാണ്. അവർ എനിക്കു മനസ്സിലാക്കിതരട്ടെ, യഹൂദികളുടെ ചോദ്യത്തിന് കൊടുത്ത മറുപടിയിൽ അതായത് മസീഹിനെക്കാൾ മുമ്പേ ഏലിയാവുവരേണ്ടതു നിർബന്ധമല്ലേ? മസീഹ് എന്തൊന്ന് പറഞ്ഞുവോ അത് സത്യമല്ലേ?''

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "വരേണ്ടുന്നയാൾ യോഹന്നാൻ അഥവാ യഹ്യാ നബിയാണെന്നും ഇഷ്ടമെങ്കിൽ വിശ്വസിക്കുക എന്നും യേശുമിശിഹ പറയുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു മുഅ്മിൻ, അല്ലാഹുവിന്റെ ദൂതന്മാർ എങ്ങനെയാണ് വരുന്നതെന്ന് അറിയുന്നു. യേശുമിശിഹ എന്തൊന്ന് പറയുകയും ചെയ്യുകയും ചെയ്തുവോ അത് ശരിയാണെന്നും സത്യമാണെന്നും അവൻ ദൃഢമായും വിശ്വസിക്കുന്നു.'' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇപ്പോൾ അതേ കാര്യം തന്നെയാണുള്ളത്. മറിച്ചാണെങ്കിൽ പറഞ്ഞുതരിക?. ദൈവഭയമുണ്ടെങ്കിൽ തന്റേടത്തോടെ ഈ വാദം കളവാണെന്ന് പറയുമ്പോൾ ശരീരം വിറകൊള്ളേണ്ടതാണ്. അഹോകഷ്ടം! ഫിർഔനിന്റെ ജനതയിലുണ്ടായിരുന്ന വ്യക്തിയുടെ ഈമാൻ പോലും ഇക്കൂട്ടരിൽ ഇല്ല; ഇയാൾ വ്യാജവാദിയാണെങ്കിൽ സ്വയം നശിച്ചുകൊള്ളുമെന്ന് അയാൾ പറഞ്ഞു. എന്നെ സംബന്ധിച്ച് ദൈവഭക്തിയോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ കുറഞ്ഞത് അങ്ങനെയെങ്കിലും പറയുകയും അല്ലാഹു എന്നെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണോ അതല്ല ഈ ജമാഅത്തിനെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയാണോ എന്ന് നോക്കുകയും ചെയ്യുമായിരുന്നു.''

ഇന്നും അല്ലാഹുവിന്റെ കൃപയാൽ ഒരു ചെറിയ സ്ഥലത്തുനിന്നുയർന്ന ആ ശബ്ദം ലോകത്തിലെ 210 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവുമാണ്. അഹ്മദിയ്യത്ത് എത്തിപ്പെടുമെന്ന് 30,40 വർഷംമുമ്പേ സങ്കല്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സന്ദേശമെത്തിയെന്നു മാത്രമല്ല, അത്ഭുതപ്പെട്ടുപോകുമാറുള്ള ദൃഢവിശ്വാസികളെ അല്ലാഹു അവിടെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു സംഭവം പറയാം.

ബെനിനിൽ 2010-ൽ ഒരു ജമാഅത്ത് നിലവിൽവന്നു. അവിടെ ഇബ്റാഹിം സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. അഹ്മദിയ്യത്തു സ്വീകരിച്ചതിനുശേഷം ആത്മാർഥതയിലും കൂറുപുലർത്തുന്നതിലും വളരെ അഭിവൃദ്ധിപ്പെട്ടു. അദ്ദേഹം തന്റെ ബന്ധുക്കൾക്ക് തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. തബ്‌ലീഗുകൊണ്ട് പൊറുതിമുട്ടി, അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹവുമായി വഴക്കിടാൻ തുടങ്ങി. പക്ഷേ, അദ്ദേഹം തബ്‌ലീഗ് ചെയ്തുകൊണ്ടേ ഇരുന്നു. അദ്ദേഹത്തിന്റെ ശ്രമത്താൽ ചുറ്റുവട്ടത്തുള്ള മൂന്നു ഗ്രാമം അഹ്മദിയ്യത്തിൽ ചേർന്നു. അപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ തന്റെ ഒരു കൂട്ടുകാരനുമൊത്ത് അദ്ദേഹത്തെ കൊല്ലാൻ പദ്ധതിയിട്ടു. ഇബ്റാഹിം സാഹിബ് പറയുന്നു: 'അദ്ദേഹം സ്വപ്നം കണ്ടു. തന്റെ മൂത്ത സഹോദരനും അദ്ദേഹത്തിന്റെ സുഹൃത്തും വലിയ കുഴിയെടുത്ത് അതിലെന്തോ ഇട്ടുകൊണ്ടിരിക്കുന്നു.' സ്വപ്നം കണ്ട് മൂന്നു ദിവസത്തിനുശേഷം മൂത്ത സഹോദരന്റെ കൂട്ടുകാരൻ പെട്ടെന്ന് രോഗിയാവുകയും മരിക്കുകയും ചെയ്തു. അപ്പോൾ തന്റെ സഹോദരൻ(ഇബ്റാഹീം സാഹിബ്) കൂട്ടുകാരനെതിരിൽ കൂടോത്രം ചെയ്തതാണെന്ന് അയാൾ പറയാൻ തുടങ്ങി. കുറച്ചു കാലത്തിനുശേഷം ഇബ്റാഹിം സാഹിബ് പറയുന്നു: 'തന്റെ സഹോദരൻ ഒരു മരത്തിനോടു ചേർന്നുനിന്ന് സ്വയം അളക്കുന്നതായിട്ട് ഞാൻ വീണ്ടും ഒരു സ്വപ്നം കണ്ടു.' അവിടെ ഒരു സമ്പ്രദായമുണ്ട്. ആരെങ്കിലും മരണപ്പെട്ടാൽ മരത്തിന്റെ ചെറിയ കമ്പ് ഒടിച്ച് മയ്യിത്ത് അളന്നാണ് അയാളുടെ ഖബ്ർ കുഴിക്കുന്നത്. ഇബ്റാഹിം സാഹിബ് പറയുന്നു; കുറച്ചു ദിവസത്തിനുശേഷം മൂത്ത സഹോദരന്റെ ഗർഭിണിയായ ഭാര്യ സുഖമില്ലാതായി. രണ്ടു ദിവസത്തിനുള്ളിൽ മരിക്കുകയും ചെയ്തു. ഇയാൾ കൂടോത്രം ചെയ്യുന്നയാളാണെന്ന് സഹോദരൻ പറഞ്ഞുപരത്താൻ തുടങ്ങി. അവിടത്തെ പ്രാദേശിക ചീഫിന് പരാതി കൊടുക്കുകയും തന്നെ സഹായിക്കണമെന്ന് പറയുകയും ചെയ്തു. അദ്ദേഹം കുറച്ചു പണം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. താൻ ചികിത്സിക്കാമെന്നും പറഞ്ഞു. സഹോദരൻ അദ്ദേഹത്തിന് പണം കൊണ്ടുകൊടുത്തു. ഇബ്റാഹിം സാഹിബിനെ ചീഫ് വിളിപ്പിച്ചു. താങ്കൾ ഇത് എന്തുതമാശയാണ് കാണിക്കുന്നതെന്ന് പറഞ്ഞ് ദേഷ്യപ്പെട്ടു. 'താങ്കൾ പുതിയ മതം സ്വീകരിച്ചിരിക്കുകയാണെന്നും അത് ഉപേക്ഷിക്കണമെന്നും തൗബചെയ്യണമെന്നും ഇല്ലെങ്കിൽ നാളെ താങ്കൾ സൂര്യനെ കാണുകയില്ലെന്നും' ചീഫ് പറഞ്ഞു. ഇബ്റാഹിം സാഹിബ് പറഞ്ഞു: 'മതം എന്തായാലും ഉപേക്ഷിക്കാൻ പറ്റുകയില്ല. പിന്നെ മരിക്കുന്ന കാര്യമാണ്. ജീവിതവും മരണവുമെല്ലാം അല്ലാഹുവിന്റെ കൈയിലാണ്.' അപ്പോൾ ചീഫ് പറഞ്ഞു: "ഈ പ്രദേശത്തെ ദൈവം ഞാനാണ്. ഞാനാഗ്രഹിക്കുന്നത് ഞാൻ ചെയ്തിരിക്കും. മരിക്കുമെന്ന് ഞാൻ ആരോടെങ്കിലും പറഞ്ഞാൽ അവൻ മരിച്ചിരിക്കും. തീർച്ചയായും അവൻ മരിക്കും.'' ഇബ്റാഹിം സാഹിബ് പറഞ്ഞു: 'ശരി, താങ്കൾ താങ്കളുടെ പാരമ്പര്യപരമായ ആളുകളോടു പറഞ്ഞിട്ടുണ്ടാകും. പക്ഷേ, ഞാൻ ഇതിനെക്കുറിച്ച് താങ്കളോടൊന്നും പറയുന്നില്ല. പക്ഷേ, ദീൻ ഉപേക്ഷിക്കുന്ന പ്രശ്നമില്ല. കാരണം യാഥാർഥ്യമിതാണ്. സത്യദീൻ ഇതാണ്.'' അപ്പോൾ അയാൾക്ക് കൂടുതൽ ദേഷ്യമായി. ഇവനെ മുറിയിലട

യ്ക്കാൻ അയാൾ കല്പിച്ചു. ഇബ്റാഹിം സാഹിബ് അവരോടു പറഞ്ഞു: 'നിങ്ങൾ എന്റെയിടയിൽ വന്നു വീഴരുത്. ഇക്കാര്യം വിട്ടുകളയുക. അവർ അത്യാഗ്രഹികളായിരുന്നു. കുറച്ചു പൈസവാങ്ങി അവർ അദ്ദേഹത്തെവിട്ടു. അടുത്ത ദിവസം ആ ചീഫിന് തളർവാതം പിടിപെട്ടതായി അറിയാൻ കഴിഞ്ഞു. അനങ്ങാനും അടങ്ങാനും കഴിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് മരിക്കുകയും ചെയ്തു. ഇതു കണ്ട് അദ്ദേഹത്തിന്റെ ശത്രുവായ മൂത്ത സഹോദരൻ ഞങ്ങളെ തമ്മിൽ രഞ്ജിപ്പിലാക്കുക എന്ന് കുടുംബക്കാരോടു പറഞ്ഞു. ഇബ്റാഹീം സാഹിബ് പറഞ്ഞു: 'എനിക്കാരോടും വഴക്കില്ലതന്നെ. ഞങ്ങൾ എങ്ങനെയുള്ള രഞ്ജിപ്പിലാണെന്നാൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം തന്നെ ഇതാണ്.' ഈ ദൃഷ്ടാന്തത്തിന് ആ പ്രദേശങ്ങളിൽ വളരെ സ്വാധീനമുണ്ടായി. വലിയചർച്ചയായി. അഹ്മദിയ്യത്തിന്റെ സത്യത സ്ഥാപിതമായി. ഇക്കാര്യങ്ങളാണ് ഇന്നും ദൈവകൃപയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അനുകൂലമായി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നോക്കൂ! ഞാൻ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തു പറയുന്നു. ആയിരക്കണക്കിന് അടയാളങ്ങൾ എന്റെ സത്യസാക്ഷ്യത്തിന് വെളിപ്പെട്ടു. വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഇത് നിലച്ചുപോകുകയില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഭാവിയിലും ഇത് ഉണ്ടാകുന്നതായിരിക്കും. ഇത് മനുഷ്യന്റെ പദ്ധതിയായിരുന്നെങ്കിൽ ഇത്രമാത്രം സഹായവും പിന്തുണയും ഇതിനുണ്ടാകുമായിരുന്നില്ല. ഇത് അല്ലാഹുവിന്റെ പദ്ധതിയായതുകൊണ്ടാണ് സഹായം ഉണ്ടായിക്കൊണ്ടിരിക്കുന്നത്."

തങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണെന്നും മുമ്പേതന്നെ ഇത്രയധികം കക്ഷികൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു, ഇനി ഇപ്പോൾ പുതിയൊരു കക്ഷിയുടെ ആവശ്യമെന്താണെന്നും താങ്കളുടെ ജമാഅത്തിൽ ചേരേണ്ട ആവശ്യമെന്താണെന്നുമുള്ള ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ രീതിയിലാണ് അവർ വഞ്ചിക്കുന്നത്. അജ്ഞരായ ചിലയാളുകൾ അത്തരം കാര്യങ്ങൾകേട്ട് വഞ്ചിതരാകുന്നതിൽ അത്ഭുതപ്പെടാനില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർക്കുക! ഇത്തരം കാര്യങ്ങൾ വിവരക്കുറവിന്റേയും ദൈവജ്ഞാനം ഇല്ലാത്തതിന്റേയും ഫലമാണ്. ഇതെന്റെ ജോലിയല്ല. ഈ ജമാഅത്ത് ഞാൻ രൂപീകരിച്ചിട്ടില്ല. ഇത് അല്ലാഹുവാണ് രൂപീകരിച്ചിട്ടുള്ളത്. കാരണം വിശ്വാസപരമായ അവസ്ഥ ബലഹീനമായി ക്ഷീണിച്ച് ഏതുവരെയെത്തിയെന്നാൽ, ഈമാനിക ശക്തി തികച്ചും ഇല്ലാതായിപോയിരിക്കുന്നു. യഥാർഥമായ ഈമാനിന്റെ ആത്മാവ് ഊതാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഈ ജമാഅത്തു മുഖേനയാണ് അവൻ അത് ആഗ്രഹിച്ചിട്ടുള്ളത്. ഈ പരിതഃസ്ഥിതിയിൽ അവരുടെ ആക്ഷേപം നിരർഥവും പാഴ്വേലയുമാണ്. ബാഹ്യമായ കർമം മുസ്‌ലിംകൾ ചെയ്യുന്നുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, അതിൽ ആത്മാവില്ല; തഖ്‌വയില്ല.'' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മുസ്‌ലിംകൾ എന്നു പറയപ്പെടുന്നവരുടെ കർമങ്ങൾ സൽക്കർമങ്ങളായിരുന്നെങ്കിൽ അതിന് പരിശുദ്ധമായ ഫലങ്ങൾ എന്തുകൊണ്ടുണ്ടാകുന്നില്ല.'

മസീഹ് മൗഊദി(അ)ന്റെ ആഗമനോദ്ദേശ്യം ആന്തരികവും ബാഹ്യവുമായ ഫിത്നകളിൽ നിന്നും ആക്രമണങ്ങളിൽ നിന്നും ഇസ്‌ലാമിനെ സുരക്ഷിതമാക്കുകയാണ്. നബി(സ) തിരുമേനിയും ഇക്കാര്യത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ) തിരുമേനി അവസാനകാലത്തെ കുറിച്ച് പറഞ്ഞു. 'അക്കാലത്ത് രണ്ടുതരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകും. ഒന്ന് ആഭ്യന്തരമായിട്ടുള്ളത്. ഒന്ന് ബാഹ്യമായിട്ടുള്ളത്. ആന്തരികമായിട്ടുള്ള കുഴപ്പം മുസ്‌ലീംകൾ സത്യമാർഗത്തിൽ നിലകൊള്ളുകയില്ലെന്നുള്ളതാണ്. അവർ സാത്താനിക കർമത്തിനും കൈകടത്തലിനും വിധേയരായിരിക്കും. പുറത്തുനിന്നുള്ള കുഴപ്പം നബി(സ)തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ കള്ളാരോപണം ഉന്നയിക്കുമെന്നതാണ്. ഇതും ഇക്കാലത്ത് ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. എല്ലാതരത്തിലുള്ള ഹൃദയഭേദകമായ ആക്രമണങ്ങൾകൊണ്ടും ഇസ്‌ലാമിനെ നിന്ദിക്കാനും നശിപ്പിക്കാനും ശ്രമമുണ്ടാകുന്നതാണ്. യേശുവിന്റെ ദൈവത്വം വിശ്വസിപ്പിക്കുന്നതിനും കുരിശിലെ ശപ്തമരണത്തിൽ വിശ്വസിപ്പിക്കുന്നതിനും എല്ലാവിധത്തിലുള്ള തന്ത്രങ്ങളും ഉപായങ്ങളും നടപ്പിൽ കൊണ്ടുവരുന്നതായിരിക്കും.'

ഹദ്റത്ത് മസീഹു മൗഊദ്(അ)നെ വിശ്വസിച്ച നമ്മുടെ അല്ലാഹുവുമായുള്ള ബന്ധത്തിന്റേയും തഖ്‌വയുടെയും നിലവാരം മറ്റു മുസ്‌ലിംകളെക്കാൾ ഉയർന്നതായിരിക്കേണ്ടതാണ്. നമ്മുടെ കർമപരമായ അവസ്ഥ മറ്റുള്ളവരെക്കാൾ മികച്ചതായിരിക്കേണ്ടതാണ്. നമ്മുടെ കർമം എപ്പോഴും അല്ലാഹുവിന്റെ പ്രീതി അനുസരിച്ചും സർഗാത്മകവും ആയിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സൽകർമം എന്താണ്? വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമവും വെച്ചിരിക്കുന്നു. അണുവോളം കുഴപ്പമില്ലാത്തതിനാണ് സൽകർമമെന്നു പറയുന്നത്. ഓർത്തുകൊള്ളുക! മനുഷ്യന്റെ കർമത്തിൽ എപ്പോഴും കള്ളൻ കിടക്കുന്നുണ്ടാകും. ആ കള്ളനാരാണ്? അതാണ് പ്രദർശനപരത, ഡംഭ്. ഡംഭ് എന്നു പറഞ്ഞാൽ കർമം ചെയ്ത് സ്വയം സന്തോഷിക്കുക. പലതരത്തിലുള്ള ദുഷ്കർമങ്ങളും

പാപവും അവനിൽനിന്നുണ്ടാകുന്ന തിനാൽ കർമങ്ങൾ നിഷ്ഫല മായിപ്പോകുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സൽകർമം എന്ന് പറയുന്നത് അതിൽ അക്രമം, ഡംഭ്, പ്രദർശനപരത, അഹങ്കാരം, അവകാശധ്വംസനം തുടങ്ങിയവ യുടെ വിചാരംപോലും ഉണ്ടാകുക യില്ല. പരലോകത്ത് മനുഷ്യൻ സൽകർമംകൊണ്ട് രക്ഷപ്പെടുന്നതു പോലെ ഇഹലോകത്തും രക്ഷപ്പെടു ന്നു. അതായത് പരലോകത്തിലും സൽകർമം കാരണത്താൽ രക്ഷപ്പെ ടാനുള്ള സാഹചര്യമുണ്ടാകും. നല്ല കർമങ്ങളുണ്ടെങ്കിൽ അല്ലാഹു തൃപ്തിപ്പെടുന്നതായിരിക്കും. സമ്മാ നങ്ങൾ നല്കി അനുഗ്രഹിക്കുന്നതാ യിരിക്കും. ഇപ്രകാരം ഇഹലോ കത്തും നല്ല കർമങ്ങളുണ്ടെങ്കിൽ ഭൗതികമായ ധാരാളം പ്രയാസങ്ങ ളിൽനിന്നും ബുദ്ധിമുട്ടുക ളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്ന താണ്. വീടു മുഴുവൻ ഒരാളെങ്കിലും സൽകർമിയായിട്ടുണ്ടെങ്കിൽ മുഴു വൻ വീട്ടുകാരും രക്ഷപ്പെട്ടിരിക്കുന്ന താണ്. ഈ നേരത്ത് നിങ്ങൾ തൗബ ചെയ്തിരിക്കുകയാണ്. ഈ തൗബ കൊണ്ട് നിങ്ങൾ നിങ്ങളെ എത്ര മാത്രം ശുദ്ധീകരിച്ചുവെന്ന് ഭാവി യിൽ അല്ലാഹു കാണാനാഗ്രഹിക്കു ന്നു. എപ്പോഴും പൊറുക്കലിനെ തേടിക്കൊണ്ടിരിക്കേണ്ടതാണ്. മനു ഷ്യൻ എല്ലാ ഓരോ പാപത്തിനും, അത് പുറമെനിന്നുള്ളതാണെങ്കിലും ഉള്ളിൽനിന്നുള്ളതാണെങ്കിലും അറി ഞ്ഞുകൊണ്ടുള്ളതാണെങ്കിലും അറി യാതെ ചെയ്യുന്നതാണെങ്കിലും കൈയും കാലും നാവും മൂക്കും ചെവിയും കണ്ണും കൊണ്ടുള്ളതാ ണെങ്കിലും എല്ലാ തരത്തിലുള്ള പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ശരീരത്തിന്റെ എല്ലാ ഓരോഭാഗവും പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരി ക്കാൻ ഇസ്തിഗ്ഫാർ ചെയ്യുക.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇക്കാലത്ത് ആദം (അ)ചെയ്ത ദുആ ചെയ്യേണ്ടതാണ്. അത് ഏതു ദുആയാണ്? **റബ്ബനാ ളലംനാ അൻഫുസനാ വഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ** ഈ ദുആ ആദ്യമെതന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. അശ്രദ്ധരായി ജീവിക്കരുത്. അശ്രദ്ധനായി ജിവി ക്കാത്ത മനുഷ്യൻ ശക്തിക്കതീത മായ വിപത്തിൽ അകപ്പെടുമെന്ന് ഒരിക്കലും കരുതാവതല്ല. കല്പന കൂടാതെ ഒരു വിപത്തും വരുന്നില്ല. എനിക്ക് ഈ ദുആ ഇൽഹാമുണ്ടാ യി. **റബ്ബി കുല്ലുശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർ നീ വർഹംനീ** എല്ലാം അവന്റെ കൈയി ലാണുള്ളത്. ഇത് നമ്മുടെ വിശ്വാസ മാണ്; കാര്യഹേതുക്കൾ കൊണ്ടു ചെയ്താലും, കാര്യഹേതുക്കൾ കൂടാതെ ചെയ്താലും! അല്ലാഹു എന്തെങ്കിലും മാർഗമുണ്ടാക്കു കയോ ഉണ്ടാക്കാതിരിക്കുകയോ ചെയ്യുന്നു. അവന്റെ കൈയിലാണ് സകലതുമുള്ളത്. അതുകൊണ്ട് ദുആ ചെയ്യേണ്ടതാണ്. ഈ രണ്ടു ദുആയും ശ്രദ്ധിക്കുകയും മനസ്സിലാ ക്കുകയും ചെയ്യുക.'

നമ്മളിലെ ഓരോ അഹ്മദിയും ആത്മപരിശോധന ന ടത്തേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചി ട്ടുള്ളവരാണെങ്കിൽ ആ വിശ്വാസ ത്തോടും ബയ്അത്തിനോടുമുള്ള കടമ നിറവേറ്റുന്നവരുമാണോ? എന്റെ പരിശോധനയിൽ നമ്മളിൽ ധാരാളമാളുകൾ നമസ്കാരങ്ങളും മുഴുവനും അനുഷ്ഠിക്കാത്തവരാ ണെന്ന കാര്യം മുന്നിൽ വന്നിട്ടുണ്ട്. നമസ്കാരത്തിലേക്ക് ശ്രദ്ധതന്നെയി ല്ല. ഇസ്തിഗ്ഫാറിലേക്ക് ചിലർക്ക് ഒട്ടുംതന്നെ ശ്രദ്ധയില്ല. പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ യില്ല. ഇതാണ് അവസ്ഥയെങ്കിൽ നമ്മൾ സൽകർമകാരികളാണെന്ന് നമുക്കെങ്ങനെയാണ് പറയാൻ കഴി യുക? മറ്റുള്ളവർ നിഷേധിച്ചു കൊണ്ട് പാപികളായിക്കൊണ്ടിരിക്കു ന്നു. നമ്മൾ വിശ്വസിച്ചുകൊണ്ട് നമ്മ ളിൽ മാറ്റമുണ്ടാക്കാതെ, ചെയ്ത പ്രതിജ്ഞ നിറവേറ്റാത്ത കാരണ ത്താൽ പാപികളായിക്കൊണ്ടിരിക്കു ന്നു. അതിനാൽ വളരെ ആശങ്ക യോടെ നമ്മളിൽ ഓരോരുത്തരും ആത്മപരിശോധനനടത്തേണ്ട ആവ ശ്യമാണുള്ളത്. നമ്മൾ കേവലം ആചാരപരമായ നിലയിൽ മസീഹ് മൗഊദ് ദിനം കൊണ്ടാടുന്നവർ ആകാതിരിക്കാൻ അല്ലാഹു അനുഗ്ര ഹിക്കുമാറാകട്ടെ. പ്രത്യുത മസീഹു മൗഊദിനെ വിശ്വസിച്ചതിന്റെ കടമ നിറവേറ്റുന്നവരാകട്ടെ. ഉള്ളിൽനിന്നും പുറമെനിന്നുമു ള്ളതായ എല്ലാത്തരം കുഴപ്പങ്ങ ളിൽനിന്നും രക്ഷപ്പെടുന്നവരാകട്ടെ. അല്ലാഹു എപ്പോഴും നമ്മെ അവന്റെ അഭയത്തിൽ വെക്കുമാറാ കട്ടെ. എല്ലാ വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടു ത്തുമാറാകട്ടെ.

ഇന്ന് ഒരു സന്തോഷ വാർത്തയുമുണ്ട്. ഖാദിയാനിൽനിന്ന് മുമ്പേ ഇറങ്ങിക്കൊണ്ടിരുന്ന അൽഹക്കം പത്രം ഇന്ന് ഇവിടെ നിന്ന് ഇംഗ്ലീഷുഭാഷയിൽ വീണ്ടും സമാരംഭം കുറിക്കുകയാണ്. പ്രിന്റാ യിട്ട് കുറച്ചുഭാഗം മാത്രമേ വരികയു ള്ളു. പക്ഷേ, ഇന്റർനെറ്റിൽ പൂർണ മായും ലഭ്യമായിരിക്കും. ഖുത്ബ കഴിഞ്ഞുടനെ ഇത് ലഭിക്കുന്നതാണ്; www.alhakam.org വെബ്സൈ റ്റിൽ. ഇപ്രകാരം തന്നെ മൊബൈൽ ഫോണിലും ടാബ്ലെറ്റ്സ് തുടങ്ങിയ വയിലും alhakam എന്ന പേരിൽ ആപ്പും ലഭിക്കുന്നതാണ്. ഇത് ഡൗൺലോഡ് ചെയ്ത് പത്രം സുഗമമായി വായിക്കാവുന്നതാണ്. ഇപ്പോഴത്തെ ഈ ലക്കം മസീഹ് മൗഊദ് സ്പെഷ്യൽ പതിപ്പാണ്. വരുംദിനങ്ങളിൽ എല്ലാ വെള്ളിയാ ഴ്ചയും പുതിയ പതിപ്പുകൾ ലോഡു ചെയ്യുന്നതായിരിക്കും. ഇതിൽനിന്ന് ജനങ്ങൾക്ക് ഫലമെടുക്കാൻ കഴിയു ന്നതാണ്. ഇതിന്റെ പുനഃസമാരംഭം എന്നെന്നും നിലനിറുത്തട്ടെ എന്ന് അല്ലാഹുവിനോടു ദുആ ചെയ്യുന്നു. ഇത് ഇംഗ്ലീഷു ഭാഷയിലായിരിക്കും. അതുകൊണ്ട് ഇംഗ്ലീഷ് അറിയുന്ന വിഭാഗം ഇതിനെ കൂടുതൽ പ്രയോ ജനപ്പെടുത്തേണ്ടതാണ്.

# വിവാദാത്മകമായ ദയാവധം

ജീവൻ ദൈവത്തിന്റെ പരമപാവനമായ നിരുപാധിക ദാനമാണ്. അത് സ്വയം നശിപ്പിക്കാനോ മറ്റൊരാളാൽ നശിപ്പിക്കപ്പെടാനോ അനുവാദമില്ല. മാറാരോഗത്തിന്റെ തീരാവേദന അനുഭവിക്കുന്ന രോഗിയെ ദയാവധത്തിന് വിധേയമാക്കാൻ അനുമതി നൽകിക്കൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയെപ്പറ്റി

**എ. എം. മുഹമ്മദ് സലീം**



ജീവന്റെ സ്രഷ്ടാവ് ദൈവമാണ്. മനുഷ്യന് അത് ദാനം ലഭിച്ചതാണ്. അങ്ങനെ ദാനം കിട്ടിയ മനുഷ്യജീവൻ സ്വയം നഷ്ടപ്പെടുത്താനോ അന്യന് നശിപ്പിക്കാനോ മനുഷ്യന് അവകാശമില്ല എന്നാണ് പൊതുവേയുള്ള നീതിസങ്കൽപ്പം. കൊലപാതകം പോലെയുള്ള അതിനിഷ്ഠൂരമായ ക്രിമിനൽ കുറ്റങ്ങൾക്ക് ചെയ്ത ഒരാൾക്ക് നിലവിലെ നീതിനിയമ വ്യവസ്ഥ വധശിക്ഷ അനുശാസിക്കുന്നു. അത് മറ്റൊരു വിഷയമാണ്. മനുഷ്യജീവൻ അതീവ പാവനവും ഏറ്റവും അമൂല്യവുമായതിനാൽ അന്തസ്സാർന്ന രീതിയിൽ അത് സംരക്ഷിക്കപ്പെടണമെന്നാണ് ഇസ്‌ലാമും മറ്റെല്ലാ മാനവീയ സ്ഥാപനങ്ങളും ആവശ്യപ്പെടുന്നത്. എന്നാൽ ചില അപൂർവ സന്ദർഭങ്ങളിൽ കർശനവും സങ്കീർണവുമായ ഉപാധികളോടെ മനുഷ്യ ജീവൻ നശിപ്പിക്കാൻ (Passive Euthenesia) അനുവദിക്കുന്ന ഒരു വിധിയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി മാർച്ച് 9ന് പുറപ്പെടുവിച്ചിട്ടുള്ളത്. മനുഷ്യജീവനെ പറ്റിയുള്ള മൗലിക മതസങ്കൽപ്പങ്ങളും താത്വികവും ദാർശനികവുമായ വീക്ഷണവും ഉൾക്കൊള്ളുന്നതിനാൽ സുപ്രീം കോടതി വിധി വിവാദാത്മകമാണ്. ആദരണീയമായ കോടതികൾ നിയമം വ്യാഖ്യാനിക്കുന്നവർ മാത്രമാണ്. നിയമം നിർമിക്കുന്നവരല്ല. നിയമം നിർമിക്കേണ്ടത് വിശ്വാസ-നൈതിക മാനങ്ങളുള്ള രാജ്യത്തെ ജനപ്രതിനിധിസഭയുടെ പാർലമെന്ററി പ്രക്രിയകളിലൂടെയാണെന്നും നാം ഓർക്കണം.

മാറാരോഗങ്ങൾക്ക് (Terminal Illness) അടിമപ്പെട്ട് ജീവിതം നരക തുല്യമായി മാറുന്ന രോഗികൾക്ക് കൃത്രിമോപാധികളിലൂടെ ദുരിത ജീവിതം വലിച്ചുനീട്ടികൊണ്ടുപോകുന്നത് വ്യക്തിക്ക് സ്വയം വേണ്ടെന്ന് വെച്ചുകൂടേ എന്നതാണ് സുപ്രീം കോടതിക്ക് മുമ്പിലെത്തിയ നിയമ പ്രശ്നം. 'കോമൺ കോസ്' (Common Cause) എന്ന സന്നദ്ധ സംഘടന നൽകിയ പൊതു താൽപര്യഹർജിയിലാണ് വിധിയുണ്ടായത്. കർശനവും വ്യവസ്ഥാപിതവുമായ ചില ഉപാധികൾ പാലിച്ചുകൊണ്ട് ഒരാൾ രേഖാമൂലം മരണതാൽപര്യ പത്രം (Living will) മുൻകൂട്ടി നൽകി ആവശ്യപ്പെട്ടാൽ അങ്ങനെ ആവാമെന്നും നമ്മുടെ ഭരണ ഘടന മൗലികമായി വാഗ്ദാനം ചെയ്യുന്ന ജീവിക്കാനുള്ള അവകാശത്തിൽ 'അന്തസ്സായ മരണം' ഉൾപ്പെടുമെന്നുമാണ് (To Live and Die with Dignity) സുപ്രീം കോടതിയുടെ അഭിപ്രായം. കോടതി വിധിയുടെ അന്തസത്ത ഒരാളെ കൊല്ലാൻ സഹായിക്കുന്നു എന്നതിനെക്കാൾ മാറാരോഗത്തിന്റെ തീരാവേദനയിൽ നിന്നുമുള്ള മോചനമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും ബഹുമാനപ്പെട്ട കോടതി വ്യക്തമാക്കി. യൂത്തനേഷ്യ (Euthanasia) എന്ന ഗ്രീക്ക് പദത്തിന് ദയാവധം എന്നല്ല 'നല്ല മരണം' എന്നാണ് അർഥമെന്നും വേദനയോ കഷ്ടപ്പാടോ ഇല്ലാതെയുള്ള സുഖമരണം എന്നാണ് അതിന്റെ അർഥമെന്നും

ജഡ്ജിമാർ സൂചിപ്പിച്ചു.

### ദയാവധം വീക്ഷണ വ്യത്യാസങ്ങൾ

ദയാവധത്തെ സെക്കുലറായിതന്നെ നാം സമീപിക്കുമ്പോൾ വിവിധ രാജ്യങ്ങൾ വ്യത്യസ്ത സമീപനങ്ങളും നിർവചനങ്ങളുമാണ് അതിന് നൽകിയിരിക്കുന്നത്. ബ്രിട്ടീഷ് വൈദ്യശാസ്ത്ര നൈതിക നിർവചനമനുസരിച്ച് ഒരിക്കലും ശമിക്കില്ലെന്ന് പൂർണബോദ്ധ്യമുള്ള ജീവന്റെ ആതുരാവസ്ഥയിൽ നിന്ന് മോചിപ്പിക്കാനുള്ള ഇടപെടൽ ആണ് ദയാവധം. നെതർലാന്റ്സ്, ബെൽജിയം മുതലായ കുറേകൂടി ഭൗതികാസക്തരായ യൂറോപ്യൻ രാജ്യങ്ങളുടെ അഭിപ്രായത്തിൽ രോഗിയുടെ അപേക്ഷ പ്രകാരം ഡോക്ടർ അവസാനിപ്പിക്കുന്ന ജീവിതം എന്നാണ് ദയാവധത്തെ ലളിതമായി നിർവചിച്ചിരിക്കുന്നത്. അതായത് അപേക്ഷ പ്രകാരം സഹായധിഷ്ഠിത ആത്മഹത്യയും ജീവൻ അവസാനിപ്പിക്കലും (Assisted suicide and termination of life on request) എന്നാണ് യൂറോപ്യ നിർവചനം. യുഎസ്സിലെ നിയമം യൂറോപ്പിനെ അപേക്ഷിച്ച് താരതമ്യേന കുറേകൂടി കർശനമാണ്. സ്വയം ദയാവധത്തിന് ശ്രമിക്കുന്നവരെ ആത്മഹത്യാ കുറ്റത്തിനും സഹായിക്കുന്നവർക്ക് കൊലകുറ്റത്തിനും കേസെടുക്കുന്നതാണ് അവിടുത്തെ പല സംസ്ഥാനങ്ങളിലെയും നിയമം. ചില സംസ്ഥാനങ്ങൾ യൂത്തനേഷ്യ അംഗീകരിച്ചിട്ടുണ്ട്.

### ദയാവധം രണ്ട് വിധം

ദയാവധം മുഖ്യമായും രണ്ടായി തരം തിരിക്കാം. സകർമകമായ ദയാവധം (Active Euthenesia), നിഷ്ക്രിയ ദയാവധം (Passive Euthenesia) എന്നിങ്ങനെയാണ് ഈ തരം തിരിവ്. രോഗി ഉണർച്ചയിലാണെങ്കിലും അബോധാവസ്ഥയിൽ കഴിയുന്ന ആതുരാവസ്ഥയെയാണ് **Persistent Vegetative State (PVS)** എന്ന് പറയുന്നത്. ഈ അവസ്ഥയിൽ ഉപകരണങ്ങളുടെയോ മരുന്നുകളുടെയോ സഹായത്തോടെ നിലനിൽക്കുന്ന ജീവൻ വലിച്ചു നീട്ടികൊണ്ടു പോകാതെ, രോഗിയുടെ പൂർവ സമ്മതത്തോടെ ഉപകരണങ്ങളുടെയും മറ്റുഉപാധികളുടെയും വിഛേദനം കൊണ്ട് രോഗിക്കുണ്ടാകുന്ന മരണത്തെയാണ് പാസ്സീവ് യൂത്തനേഷ്യ എന്ന് പറയുന്നത്. ആക്ടീവ് ദയാവധം കുടുതൻ മനുഷ്യത്വ വിരുദ്ധവും ക്രൂരവുമാണ്. രോഗി സ്വബോധത്തോടെ സ്വന്തം സമ്മതത്തോടെയും ഡോക്ടറുടെ സഹായം തേടിക്കൊണ്ട് മാരകമായ വിഷം കുത്തിവെച്ചോ ഉറക്കഗുളികയോ മറ്റുവല്ല മരുന്നു കഴിച്ചോ രോഗാവസ്ഥയിൽ നിന്ന് മരണം മുഖേന മോചനം നേടുന്നതിനെയാണ് ആക്റ്റീവ് യൂത്തനേഷ്യ എന്ന് പറയുന്നത്. നെതർലന്റ്സ്, ബൽജിയം, ലക്സംബർഗ് എന്നീ യൂറോപ്യൻ രാജ്യങ്ങളിലൊഴിച്ച് ആക്ടീവ് യൂത്തനേഷ്യ അംഗീകരിച്ചിട്ടില്ല. യൂത്തനേഷ്യ അംഗീകരിച്ച രാജ്യങ്ങളിലെല്ലാം അത് ആക്ടീവ് യൂത്തനേഷ്യയായാലും പാസ്സീവ് യൂത്തനേഷ്യയായാലും രോഗിയുടെ സമ്മതത്തോടെയുള്ള Voluntary Euthanasia യാണ് അംഗീകരിച്ചിട്ടുള്ളത്. രോഗിയുടെ സമ്മതമില്ലാതെ Non-voluntary Euthanasia എല്ലാ രാജ്യങ്ങളിലും നിരോധിച്ചതാണ്. അത് കൊലപാതകമാണ്.

### ലിവിങ്ങ് വിൽ

ബഹുമാനപ്പെട്ട സുപ്രീം കോടതി പാസ്സീവ് ദയാവധമാണ് കർശനമായ ഉപാധികളോടെ അംഗീകരിച്ചത്. ജീവൻ രക്ഷാ യന്ത്രങ്ങളുടെയും മരുന്നുകളുടെയും സഹായത്തോടെ ജീവൻ വലിച്ചുനീട്ടി നിലനിർത്തുന്ന രോഗാവസ്ഥയെയും ചികിത്സയേയും ഫിലമെന്റ് ഇല്ലാത്ത ഒരു ബൾബ് കത്തിക്കാൻ ശ്രമിക്കുന്നത് പോലെ എന്നാണ് ജഡ്ജിമാർ വിശേഷിപ്പിച്ചത്. മസ്തിഷ്ക്കത്തിന്റെ പ്രവർത്തനം നിലച്ചതിനാൽ പേരിന് മാത്രം ജീവൻ നിലനിൽക്കുകയും മരണം നിഴൽപോലെ പുറകെ നിൽക്കുകയും ഒരിക്കലും ജീവചൈതന്യവും ബോധവും തിരിച്ചു വരാത്ത അവസ്ഥയിൽ മാന്യതയോടെ മരിക്കാനുള്ള അവകാശം മൗലികാവകാശമാണെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറയുന്നത്. ദയാവധത്തിന്റെ നൈതികവും നിയമപരവുമായ വശങ്ങൾ മറ്റ് രാജ്യങ്ങളുടെ നിലപാടുകൾ, ലോ കമ്മീഷൻ റിപ്പോർട്ട്, അന്താരാഷ്ട്ര കരാറുകൾ, മനുഷ്യവകാശ നിയമങ്ങൾ സുപ്രീംകോടതിയുടെ മുൻ കാല വിധികൾ മുതലായവ പരിശോധിച്ച് വിശകലനം ചെയ്താണ് ഈ വിധി പുറപ്പെടുവിച്ചത്. വിധിയുടെ പൂർണരൂപം നെറ്റിൽ ലഭ്യമാണ്.

വിധിയിൽ സുപ്രധാനമായ ഒന്നാണ് Living will. സജീവമായ ഒസ്യത്ത് എന്നാണ് പേരെങ്കിലും അത് ഒരു മരണ താൽപര്യ ഒസ്യത്താണ്. പ്രായപൂർത്തിയായ ഒരാൾ ശാരീരികവും മാനസികവുമായി തികച്ചും ആരോഗ്യമുള്ള അവസരത്തിൽ തനിക്ക് ഭാവിയിലുണ്ടാകുന്ന ആതുരാവസ്ഥയിൽ ലഭിക്കേണ്ട ചികിത്സയെ പറ്റി മുൻകൂട്ടി നൽകുന്ന നിർദേശങ്ങളടങ്ങിയ ഒസ്യത്തിനാണ് Living will എന്ന് പറയുന്നത്. സാധാരണ ഒസ്യത്ത് മരണ ശേഷമാണ് നടപ്പാക്കുക എന്നാൽ ലിവിങ്ങ് വിൽ ജീവിച്ചിരിക്കുമ്പോൾ അതായത് അയാൾ ജീവഛവമായി മാറിക്കഴിഞ്ഞാൽ നടപ്പാക്കുന്ന ഒന്നാണ്. ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായവും ചികിത്സയും വേണ്ടെന്ന് വെച്ച് ദയാവധം വരിക്കാനുള്ള അവകാശത്തിന്റെ ഭാഗമായാണ് കോടതി ലിവിങ്ങ് വിൽ മുൻ കൂറായി എഴുതണമെന്ന് വിധിയിൽ നിർദേശിച്ചത്. ലിവിങ്ങ് വിൽ എന്ന് വിളിക്കപ്പെടുന്ന ഈ മുൻകൂർ നിർദേശങ്ങളടങ്ങിയ സാക്ഷ്യപത്രം ഒരു രേഖയായി സൂക്ഷിക്കപ്പെടണം. അത്തരം ഒരു വിൽ പത്രത്തിൽ തന്റെ ആഗ്രഹം

നടപ്പാക്കാനായി ഒരു രക്ഷകർത്താവിനെയോ അടുത്ത ബന്ധുവിനേയോ ചുമതലപ്പെടുത്തേണ്ടതുണ്ട്. സാക്ഷികൾ ഒപ്പിടുന്നതിന് പുറമേ ഒരു ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഈ സാക്ഷ്യ പത്രം സാക്ഷ്യപ്പെടുത്തണം. ആ വിൽപത്രം മജിസ്ട്രേറ്റിന്റെ ഓഫീസിൽ സൂക്ഷിച്ചിരിക്കണം. അതിന്റെ ഒരു കോപ്പി ലോക്കൽ പഞ്ചായത്ത് മുസിപ്പൽ അധികാരികളുടെ പക്കലും സൂക്ഷിക്കണം. ജീവച്ഛവമായിക്കിടക്കുന്ന രോഗിയുടെ ലിവിങ്ങ് വിൽ പ്രകാരം ദയാവധം നടപ്പാക്കാൻ ഒരു മെഡിക്കൽ ബോർഡ് രൂപീകരിക്കണം. ജനറൽ മെഡിസിൻ, കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, സൈക്യാട്രി അല്ലെങ്കിൽ ഓങ്കോളജി വിഭാഗങ്ങളിൽ നിന്നുള്ള കുറഞ്ഞത് മൂന്ന് ഡോക്ടർമാരും ബോർഡിലുണ്ടാകണം. അവർക്ക് 20 വർഷത്തിൽ കുറയാത്ത ചികിത്സാപരിചയവുമുണ്ടാകണം. രോഗിയുടെ ജീവൻ അവസാനിപ്പിക്കാമെന്നാണ് അവരുടെ അഭിപ്രായമെങ്കിൽ അത് അവർ കലക്ടറെ അറിയിക്കണം. കലക്ടർ ഇത്പോലെ ഒരു സമിതി രൂപീകരിച്ച് ലിവിങ്ങ് വില്ലിലെ നിർദേശം നടപ്പാക്കണം. ദയാവധത്തിന് രോഗിനൽകുന്ന സമ്മത പത്രം ഏതവസരത്തിൽ വേണമെങ്കിലും രോഗിക്ക് റദ്ദാക്കാൻ അവകാശമുണ്ടായിരിക്കും. നിലവിൽ ദയാവധം സംബന്ധിച്ച് നിയമവും മാർഗനിർദേശങ്ങളും ഇല്ലാത്തതിനാൽ കോടതി അനുഛേദം 142 പ്രകാരം പാർലമെന്റ് ഇക്കാര്യത്തിൽ ഒരു സമ്പൂർണ നിയമം കൊണ്ട് വരുന്നത് വരെ കോടതി നിർദേശങ്ങൾ നിയമപരമായി തുടരുമെന്നും വിധിയിലുണ്ട്.

## സ്വയംമരണം മതങ്ങളിൽ

ഹിന്ദു ക്രിസ്ത്യൻ ഇസ്‌ലാം ജൂത ബൗദ്ധ ജൈന മതങ്ങളടക്കം എല്ലാ മതങ്ങളും ജീവൻ ദൈവദത്തമാണെന്നും അത് യാതൊരു വിധത്തിലും നശിപ്പിക്കാൻ മനുഷ്യന് അനുവാദമില്ലെന്നും പൊതുവായി വാദിക്കുന്നുണ്ടെങ്കിലും സ്വയം ജീവൻ നശിപ്പിക്കുന്ന ചില ആത്മബലി സമ്പ്രദായങ്ങളും ആചാരങ്ങളും പല മതങ്ങളിലും കാണാവുന്നതാണ്. ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ ക്രൂശീകരണം ഒരു ആത്മബലിയാണെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. മനുഷ്യരുടെ പാപം ഏറ്റെടുത്ത്കൊണ്ട് ക്രിസ്തു സ്വയം അറിഞ്ഞു നടത്തിയ ജീവനാശമാണ് ക്രൂശീകരണം എന്നാണ് ക്രിസ്തീയ വിശ്വാസം. ഭർത്താവ് മരിച്ചാൽ ചിതയിൽ ചാടി ആത്മഹത്യചെയ്യുന്ന സതി സമ്പ്രദായം മറ്റൊരു ആത്മബലിയാണ്. പ്രാചീന ഗ്രീസിൽ ശിക്ഷ വിധിക്കപ്പെട്ട് കുറ്റവാളികൾ സ്വയം ജീവനൊടുക്കാൻ നിയമം അനുവദിച്ചിരുന്നു. ജപ്പാനിൽ നിലനിന്നിരുന്ന വളരെ (കു)പ്രസിദ്ധമായ ആത്മാഹുതി സമ്പ്രദായമാണ് ഹരാകീരി (Harakiri) സ്വന്തം വയർ കുത്തിക്കീറി ജീവിതം അവസാനിപ്പിക്കുന്ന രീതിയാണ് ഇത്. ക്ഷേത്രങ്ങളിലാണ് ഇത് അരങ്ങേറിയത്. ജൈന സന്യാസിമാർ അനുഷ്ഠിക്കുന്നതും പുണ്യമാണെന്ന് കരുതുന്നതുമായ ഒരു കർമമാണ് നിർവാണം. ഭക്ഷണമുപേക്ഷിച്ചുകൊണ്ട് സംസാരജീവിതത്തിൽ നിന്ന് മോക്ഷം നേടുകയാണ് ജൈന സന്യാസിമാർ ചെയ്യുന്നത് എന്നാണ് വിശ്വാസം. സ്വന്തം ഇഛ പ്രകാരം ജീവൻ ഉപേക്ഷിക്കുന്ന യൂത്തനേഷ്യ അനുവദിക്കുന്ന സുപ്രീം കോടതി വിധിയുടെ ചൈതന്യം ഉൾക്കൊണ്ട് മതങ്ങളിലെ സ്വജീവ ഹനന സമ്പ്രദായങ്ങളെല്ലാം നിയമപരമായി സാധൂകരിക്കപ്പെടുമോ എന്ന് ആശങ്കപ്പെടാൻ സാദ്ധ്യതയുണ്ട്. അതുപോലെ മരണം വരെ ഉപവാസമനുഷ്ഠിക്കും എന്ന് കട്ടായം പറഞ്ഞ് ഉപവസിക്കുന്ന രാഷ്ട്രീയക്കാരെ അറസ്റ്റ് ചെയ്ത് ബലമായി ആഹാരം കഴിപ്പിക്കുന്നതും ഇല്ലാതാവുമോ?

## യൂത്തനേഷ്യയും ഇസ്‌ലാമും

ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ ഉന്നത നീതിബോധമുള്ള പണ്ഡിതന്മാരായ നിയമജ്ഞന്മാർ യുത്തനേഷ്യയുടെ വിധിയിൽ രേഖപ്പെടുത്തിയ സുചിന്ത്യമായ അഭിപ്രായങ്ങൾ മനുഷ്യദുഃഖങ്ങൾക്കും വേദനകൾക്കും അറുതി വരുത്താനും ജീവിതം സുഖപ്രദമാക്കാനുമുള്ള ആത്മാർഥമായ അഭിലാഷത്തിന്റെ പ്രകടനമാണെന്നതിൽ സംശയമില്ല. മനുഷ്യന് പ്രകൃതി അനുവദിക്കുന്ന സ്വാഭാവിക മരണം നൽകാതെ കൃത്രിമ മാർഗങ്ങളിലൂടെ ജീവൻ നീട്ടിവലിച്ചുകൊണ്ടുപോകുന്നതിനെ പ്രകൃതിമതമായ ഇസ്‌ലാമും അനുകൂലിക്കുകയില്ല. ഇസ്‌ലാം മതത്തിന്റെ ആധികാരിക വക്താവും സമാദരണീയനുമായ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ഒരു ചോദ്യോത്തര വേളയിൽ യൂത്തനേഷ്യ ഇസ്‌ലാമിന് അംഗീകരിക്കാൻ സാധ്യമല്ല എന്നും അതേസമയം യന്ത്രസഹായത്തോടെ കൃത്രിമമായി ജീവൻ നീലനിർത്തുന്ന രീതി അഭികാമ്യമല്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. രോഗം മൂലം താൻ ജീവഛവമായി മാറുന്ന ഒരവസ്ഥ വരുകയാണെങ്കിൽ തന്നെ കൊന്നുകളയണമെന്ന് ആരോഗ്യാവസരത്തിൽ അല്ലെങ്കിൽ ബോധമുള്ളപ്പോൾ സമ്മതപത്രം വസിയത്തായി എഴുതിവെക്കണം എന്ന സുപ്രീം കോടതി വിധിയിലെ നിർദേശങ്ങളോട് മതങ്ങൾ യോജിക്കുമെന്ന് തോന്നുന്നില്ല. അങ്ങനെ മുൻകൂറായി സ്വന്തം ജീവൻ നശിപ്പിക്കാൻ ഒസിയത്ത് ചെയ്യുന്നത് അയുക്തികവും അനുചിതവും അശുഭാപ്തി വിശ്വാസവുമല്ലേ? സുപ്രീം കോടതി വിധിയിൽ പറഞ്ഞ സ്വന്തം ശരീരത്തിന്മേലുള്ള വ്യക്തിയുടെ Self Determination and Autonomy ആത്മനാശത്തിന് ഉപയോഗിക്കുന്നത് ജീവസുരക്ഷ നൽകുന്ന മൗലികാവകാശത്തിന് എതിരാവില്ലേ? രോഗശമനവും

രോഗചികിത്സാരംഗവും അത്യന്തം യാദൃച്ഛികതകളും അത്ഭുതങ്ങൾ നിറഞ്ഞതും അപ്രവചനീയവുമാണ്. ഇത് വിദഗ്ധന്മാർക്കെന്നല്ല സാധാരണക്കാർക്കുപോലും സുപരിചിതമായ ഒരു യാഥാർഥ്യമാണ്.

ആത്മഹത്യയും ചികിത്സവേണ്ടെന്ന് വെച്ച് ജീവൻ വെടിയുന്നതിനേയും ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. മനുഷ്യ ജീവൻ പരിപാവനമാണെന്നാണ് ഇസ്‌ലാമിന്റെ സങ്കൽപ്പം. ഖുർആൻ പറയുന്നു. ***'അല്ലാഹു പാവനമാക്കിയ ജീവനെ നിയമാനുസൃതമായിട്ടല്ലാതെ വധിക്കരുത്.'(6:152) 'ഒരാളെ (അകാരണമായി) വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചത് പോലെയാകുന്നു' (5:33) 'നിങ്ങൾ നിങ്ങളെതന്നെ വധിക്കരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവനാണ്. ' (5:30)***

രോഗത്താൽ മനുഷ്യൻ എത്രതന്നെ പീഡിതനാണെങ്കിലും ജീവൻ സ്വയം ഉപേക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമപരമായ അനുമതി നൽകുന്നത് കോടതി അവകാശപ്പെടുന്നത് പോലെ മനുഷ്യ ജീവന്റെ അന്തസ്സിന്റെയും പരിപാവനത്വത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നുണ്ടോ എന്ന കാര്യം യുക്തിപരമായും നൈതികമായും ധാർമികമായും ശരിയാണെന്ന് തോന്നുന്നില്ല. ഒരുപക്ഷേ കോടതിവിധിയിലൂടെ അത്തരം ഒരു കൃത്രിമ നൈതികത സൃഷ്ടിക്കപ്പെടുകയും, അത് പിന്നീട് ധാർമികമാണെന്ന് (കുറ്റകരമല്ല) വ്യഖ്യാനിക്കപ്പെടുകയും ചെയ്തേക്കാം. ദയാവധത്തിന് നിയമപരമായ അനുവാദം നൽകുമ്പോൾ ഒരു ഘട്ടത്തിൽ മനുഷ്യ ജീവൻ സ്വയം നശിപ്പിക്കാനോ അന്യന് നശിപ്പിക്കാനോ അനുവാദമുണ്ട് എന്ന സന്ദേശമാണ് നൽകപ്പെടുന്നത്. അത് മനുഷ്യജീവന്റെ പാവന സങ്കൽപത്തിന് വിരുദ്ധമല്ലേ? മനുഷ്യന്റെ ജീവനും ജീവിതവും സുഖദുഃഖങ്ങളിലൂടെയും സങ്കട- സന്തോഷങ്ങളിലൂടെയും ബോധത്തിലൂടെയും അബോധത്തിലൂടെയും കടന്നു പോകുന്ന പ്രതിഭാസമാണ്. എല്ലാ അവസ്ഥാന്തരങ്ങളിലും മനുഷ്യൻ പാലിക്കുന്ന സംയമനവും സഹനതയുമാണ് മനുഷ്യമഹത്വത്തിന്റേയും മനുഷ്യ ജീവന്റെ അന്തസ്സിന്റെയും അടിസ്ഥാനം. പരമ്പരാഗതമായി വ്യക്തിയും സമൂഹവും അംഗീകരിക്കുന്ന ഈ ജീവിതവീക്ഷണമല്ലേ മനുഷ്യന്റെ അന്തസ്സ് വർദ്ധിപ്പിക്കുക? തനിക്ക് അഭിമുഖീകരിക്കാൻ കഴിയാത്ത ജീവിത സന്ദർഭം വരുമ്പോൾ ജീവിതം അവസാനിപ്പിച്ചുകളയാൻ മുൻ കൂട്ടി തീരുമാനിക്കാൻ അനുവദിക്കുന്ന സുപ്രീം കോടതി വിധി ഒരു നിഷേധാത്മക നീതി സങ്കൽപ്പത്തിന് പ്രേരണയാവില്ലേ? വൃദ്ധന്മാരോടും രോഗികളോടും വ്യക്തികളും കുടുംബങ്ങളും സമൂഹവും കാണിക്കുന്ന അവഗണയുടെ പ്രതിഫലനം ഈ വിധിയിലുണ്ടോ എന്ന് സംശയിക്കുന്നു എന്ന് പറഞ്ഞാൽ അതിനെ കുറ്റപ്പെടുത്താനാവുമോ? വൃദ്ധപരിചരണം ആധുനിക കുടുംബങ്ങൾക്കും സമൂഹത്തിനും ഒരു ഭാരമായി കാണുന്നു. ഈ വിധി വൃദ്ധരായ രോഗികളെ വധിക്കുന്നത് പാപമല്ല എന്ന ബോധം ജനങ്ങളിൽ വളർത്തുമോ?. രോഗിക്ക് തങ്ങളുടെ വേദനയിൽ നിന്നും ദുരിതത്തിൽ നിന്നുമുള്ള മോചനം എന്നതിലുപരി വൃദ്ധരും അവശനുമായ താൻ മറ്റുള്ളവർക്ക് ഒരു ഭാരമായി തീരുന്നു എന്ന തോന്നലാണ് സ്വയം ദയാവധം തിരഞ്ഞെടുക്കുന്നതിന് ആളുകളെ പ്രേരിപ്പിക്കാൻ സാദ്ധ്യതയുള്ള ഒരു ഘടകം. തമിഴ്നാട്ടിലെ വിരുദു നഗർ, മധുര, തേനി ജില്ലകളിലെ ചില ഗ്രാമങ്ങളിൽ രഹസ്യവും ദുരുഹവുമായി ഇന്നും തുടരുന്ന ആരെയും ഞെട്ടിപ്പിക്കുന്ന ഒരു പഴയ ആചാരമുണ്ട് **'തലൈകൂത്തൽ'** എന്നാണ് അതറിയപ്പെടുന്നത്. മക്കളും ബന്ധുക്കളും ചേർന്ന് വൃദ്ധരായ മനുഷ്യരെ ആചാര സഹിതം കൊല്ലുന്ന സമ്പ്രദായമാണത്. അത്യന്തം ക്രൂരവും നീചവുമായ ഈ പരമ്പരാഗത ആചാരം ഇന്ത്യയിൽ നിരോധിച്ചതാണെങ്കിലും അതിന്റെ സാമൂഹിക സ്വീകാര്യത കൊണ്ടും ബന്ധുക്കളാണ് ഈ വധകൃത്യം ചെയ്യുന്നത് എന്നത് കൊണ്ടും പലപ്പോഴും വാർത്തകൾ പുറത്തുവരാറില്ല. ബന്ധുക്കളുടെ വധശ്രമത്തിൽ നിന്ന് രക്ഷപ്പെട്ട ഒരുപാവം വൃദ്ധന്റെ കഥ മാധ്യമങ്ങൾ പുറത്ത് കൊണ്ട് വന്നിട്ടുണ്ട്. (The Hindu March 20, 2010) മാതൃഭൂമിയിൽ ഇത് സംബന്ധിച്ച് ഈയിടെ ലേഖന പരമ്പരയും വന്നിരുന്നു. അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധമായ തമിഴ്നാട്ടിലെ തലൈ കൂത്തലും ഒരു തരത്തിലുള്ള ദയാവധമല്ലേ?

യൂത്തനേഷ്യക്കുള്ള ലിവിങ്ങ് വിൽ എഴുതിയ വ്യക്തിക്ക് എപ്പോൾ വേണമെങ്കിലും ആ വിൽ പത്രം റദ്ദാക്കാം. പക്ഷേ അവശനിലയിലോ അബോധാവസ്ഥയിലോ ആയ രോഗി വിദഗ്ധ ചികിത്സയിലൂടെ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സാദ്ധ്യതയുണ്ടെങ്കിലും ബന്ധുക്കളായവർക്ക് അലംഭാവമോ നിക്ഷിപ്തതാൽപര്യങ്ങളോ ഉണ്ടെങ്കിൽ അത് രോഗിയുടെ ജീവന് ഭീഷണിയായേക്കാം. പ്രത്യേകിച്ച് സമ്പന്നനാണെങ്കിൽ. വിധിയിൽ ഒരിടത്ത് അതിന്റെ സാധ്യതകളും പരിഹാരങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്.

അന്തസ്സാർന്ന ജീവിതം എന്നത് കേവലം വ്യക്തിയുടെ വേദനയിൽ നിന്നുള്ള മോചനം മാത്രമല്ല ഈ എന്ന സങ്കൽപ്പം നാം തിരുത്തണം. രോഗം എന്നത് ഒരു വ്യക്തി ദുരന്തമായി മാത്രം കാണുന്ന പ്രവണതയും മാറേണ്ടതുണ്ട്. ഒരാൾ രോഗിയാവുന്നത് വ്യക്തിക്കുണ്ടാകുന്ന ദുരന്തമായി കണ്ട് സമൂഹം ഒഴിഞ്ഞ് നിൽക്കുന്നത് ശരിയല്ല. രോഗമുണ്ടാകുന്നത് സമൂഹത്തിന്റെ കുറ്റംകൊണ്ടു

കൂടിയാണ് എന്ന ബോധം ഉണ്ടാവണം. രോഗചികിത്സയിലുണ്ടാകുന്ന ദുസ്സഹമായ ചെലവ് സഹിക്കാൻ ഒരു സമ്പന്നന് പോലും സാദ്ധ്യമല്ലാത്ത ഒരവസ്ഥ ഇന്ന് നിലനിൽക്കുന്നു. രോഗചികിത്സാരംഗം ജീവകാരുണ്യപരമായ ഒരു മേഖലയായി മാറേണ്ടതിന് പകരം ജീവന് വില പേശി പണം കൊയ്യുന്ന ചൂഷണ വേദിയായി മാറിയിരിക്കുകയാണ്. ചികിത്സിച്ചു കടക്കാരനായി മരിക്കുന്നതിനേക്കാൾ ഭേദം ചികിത്സിക്കാതെ മരിക്കുന്നതാണെന്ന് ആളുകൾ ചിന്തിക്കുന്നതിൽ അത്ഭുതമില്ല. രോഗി മരണം തിരഞ്ഞെടുക്കുന്നതിൽ ബന്ധുക്കൾക്കും സമൂഹത്തിനും തീർച്ചയായും ഒരു പങ്കുണ്ട്. വൈദ്യശാസ്ത്രവും സമൂഹവും ഏറ്റവും കൂടുതൽ ശ്രദ്ധയും സേവനവുമർപ്പിക്കേണ്ട രംഗമാണ് പാലിയേറ്റീവ് കെയർ (Palliative care) അഥവാ സാന്ത്വന ചികിത്സ. രോഗപീഢയാൽ ദയാവധം കാത്തു കഴിയുന്നവർക്ക് സാന്ത്വന ചികിത്സയുടെ തൂവൽസ്പർശത്താൽ അകാല മരണം വരിക്കാനുള്ള അവരുടെ ആഗ്രഹം തന്നെ ഇല്ലാതാക്കാനും അവരുടെ ഒസ്യത്ത് മാറ്റിയെഴുതാനും സാധ്യമാണ്. അവശതയിലേക്ക് വീണുപോവുന്ന രോഗിയെ പരിചരിക്കാനും സാന്ത്വനിപ്പിക്കാനും ബന്ധുക്കളെപ്പോലെ തന്നെ സമൂഹവും ഭരണകൂടവും തികഞ്ഞ പ്രതിബദ്ധതയോടെ തയ്യാറാകേണ്ടതുണ്ട്. വേദനയില്ലാതാക്കാനുള്ള ഏറ്റവും ഫലവത്തായ വേദനാസംഹാരികളുടെയും ചികിത്സാ സമ്പ്രദായങ്ങളുടെയും ഗവേഷണ രംഗം ഇനിയും എത്രയും പുരോഗമിച്ച് മനുഷ്യനെ വേദനയിൽ നിന്നും തീർത്തും മുക്തനാക്കാനുള്ള തീവ്രശ്രമം തുടങ്ങേണ്ടതുണ്ട്.

മനുഷ്യന് എത്രത്തന്നെ ഇഛാശക്തിയുണ്ടെങ്കിലും അവന്റെ ജൈവികവും ശാരീരികവുമായ പ്രവർത്തനങ്ങൾ ബഹുഭൂരിപക്ഷവും മനുഷ്യന്റെ നിയന്ത്രണത്തിനതീതമാണ്. അതുകൊണ്ട് എത്ര രോഗബാധിതനായാലും പ്രകൃതി മനുഷ്യന് നൽകുന്ന സ്വാഭാവിക അന്ത്യം മനുഷ്യന്റെ അന്തസ്സാർന്ന അന്ത്യമായി കരുതുന്നതല്ലേ ശരിയായ കാഴചപ്പാട്. വേദന അസഹനീയമാവുമ്പോൾ മനുഷ്യന് ബോധക്ഷമമുണ്ടാകുന്നു. പ്രാഥമികമായി ശരീരത്തിൽ തന്നെ വേദന അതിവർത്തിക്കാനുള്ള മെക്കാനിസമുണ്ട്. കൂടാതെ വേദനാ സംഹാരികളോട് പ്രതികരിച്ച് വേദന ഇല്ലാതാക്കുന്ന ഘടനയാണ് ശരീരത്തിനുള്ളത്. ശാരീരിക വേദനയില്ലാതാക്കാനുള്ള ചികിത്സാ സമ്പ്രദായം ഇനിയും മുന്നേറി രോഗിക്ക് കൂടുതൽ ആശ്വാസം നൽകേണ്ടതുണ്ട്. ഖുർആനിലെ ഒരു സാന്ത്വന വചനം ഇങ്ങനെയാണ്: ***'ഒരാൾക്കും അല്ലാഹു അവന്റെ കഴിവിൽ പെട്ടതല്ലാതെ ഭാരം നൽകുന്നില്ല.' (2:287)***

## രോഗശമനത്തിലെ അനുഭവ യാഥാർഥ്യങ്ങൾ

യൂത്തനേഷ്യയെക്കുറിച്ചുള്ള സുപ്രീം കോടതി വിധി മാർച്ച് 9 ന് വെള്ളിയാഴ്ചയാണ് വന്നത്. 5 ദിവസങ്ങൾക്ക് ശേഷമാണ് വിശ്വപ്രശസ്തനായ കോസ്മോളജിസ്റ്റ് സ്റ്റീഫൻ ഹോക്കിൻസ് അന്തരിച്ചത്. അദ്ദേഹത്തിന്റെ ജീവിതവും മരണവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പല അഭിപ്രായങ്ങളേയും പ്രത്യക്ഷമായും പരോക്ഷമായും ചോദ്യം ചെയ്യുന്നതാണ്. 21–ാം വയസ്സിൽ യുവാവായിരിക്കെ നാഡീകോശങ്ങളെ തകർക്കുന്ന മോട്ടോർ ന്യൂറോൺ രോഗം പിടിപെട്ട അദ്ദേഹം രണ്ട് വർഷത്തിനപ്പുറം ജീവിക്കില്ല എന്ന് ഡോക്ടർമാർ വിധിയെഴുതിയതാണ്. അത്ഭുതകരമായ പ്രതിഭാശേഷിയോടെ സുദീർഘമായ 55 വർഷം അദ്ദേഹം പിന്നേയും ജീവിച്ചു. 76 ാമത്തെ വയസ്സിലാണ് അന്തരിച്ചത്. അതിനിടക്ക് 1985 ൽ സ്റ്റീഫൻ ഹോക്കിൻസിന് സ്വിറ്റ്സർലാന്റിൽ വെച്ച് അണുബാധയുണ്ടായി മരണത്തിന്റെ വക്കിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ ജീവൻ യന്ത്രസഹായത്തോടെയായി. യന്ത്രസംവിധാനത്തിന്റെ പ്രവർത്തനം നിർത്തിവേണമെങ്കിൽ അദ്ദേഹത്തിന് മരണം തിരഞ്ഞെടുക്കാമെന്ന് ഡോക്ടർമാർ അന്ന് അഭിപ്രായപ്പെട്ടിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ഭാര്യ ജെയിൻ അതിന് സമ്മതിച്ചില്ല. അവർ അവിടെ നിന്ന് ഹോക്കിൻസിനെ ഡിസ്ചാർജ് ചെയ്ത് കേംബ്രിഡ്ജിലേക്ക് കൊണ്ടുവരികയാണ് ചെയ്തത്. യൂത്തനേഷ്യയിൽ നിന്ന് രക്ഷപ്പെട്ട ആ മഹാപ്രതിഭ 33 വർഷം വീണ്ടും ജീവിച്ചു. പിന്നീടാണ് A Brief Hstory of Time എന്ന വിഖ്യാതമായ പുസ്തകവും മറ്റുപുസ്തകങ്ങളും അദ്ദേഹം എഴുതുകയും ഉജ്ജ്വലമായ അക്കാദമിക് ജീവിതം നയിക്കുകയും ചെയ്തു. സുപ്രീം കോടതിയുടെ യൂത്തനേഷ്യ നിയമ നിർദേശത്തിൽ പറയുന്ന ഡോക്ടർമാരുടെ വിദഗ്ധാഭിപ്രായത്തിന്റെ സ്ഥിതിയാണിത്. എല്ലാവരാലും അറിയപ്പെടുന്ന ലോക പ്രശസ്തനായ സ്റ്റീഫൻ ഹോക്കിൻസിന്റെ രോഗത്തെകുറിച്ച് ഒരു വികസിത രാജ്യത്തെ ഡോക്ടമാർ നടത്തിയ വിദഗ്ധാഭിപ്രായം ഇങ്ങനെയാണെങ്കിൽ സാധാരണക്കാരന്റെ ജീവനെ സംബന്ധിച്ച് മൂന്നാം ലോകരാജ്യത്തെ ഡോക്ടർമാർ പറയുന്ന അഭിപ്രായങ്ങൾ അവസാനവാക്കായി എടുക്കാൻ പറ്റുമോ? മാത്രമല്ല മരണത്തെ സംബന്ധിച്ച വൈദ്യശാസ്ത്ര നിർവചനങ്ങൾ കാലാകാലങ്ങളിൽ മാറിവരുന്നത് നമുക്ക് കാണാം. രോഗിയുടെ മരണാസന്നാവസ്ഥയെക്കുറിച്ച് സുപ്രീംകോടതി ഉപയോഗിച്ച വൈദ്യശാസ്ത്ര സാങ്കേതിക പദം **Persistent Vegetative State (PVS)** 'ഉണർച്ചയിലുള്ള അബോധാവസ്ഥ' എന്നാണ്. ഈ അവസ്ഥയിൽ ഒരാഴ്ച്ച രോഗി നിൽക്കുന്നതിനെയാണ് മെഡിക്കൽ സയൻസ് **PVS** എന്ന് വിശേഷിപ്പിക്കുന്നത്. ഇത് സ്ഥിരമായി നിലനിൽക്കുകയാണെങ്കിൽ അതിനെ **Permanent Veg-**

**ശേഷം പേജ് 31 ൽ**

ഭാഗം – 7

# മലകി– ശൈത്താനി പ്രേരണകളും മനുഷ്യമനസ്സും

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ഇനി ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ആദ്യം മലക്കിന്റേയോ ശൈത്വാന്റെയോ പ്രേരണകളല്ല ഉണ്ടാകുന്നത്. ആദ്യത്തെ പ്രേരണ, അത് നല്ലതായാലും ചീത്തതായാലും, മനുഷ്യന്റെ സ്വന്തം ഹൃദയത്തിൽ നിന്നാണ് ഉണ്ടാകുന്നത്. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ സത്പ്രകൃതത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് നബി(സ) പറയുന്നു. ഓരോ മനുഷ്യനും പരിശുദ്ധനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. പിന്നീടുള്ള അവന്റെ അവസ്ഥകളും സഹവാസങ്ങളും കാരണമായാണ് അവന്റെ മനസ്സിൽ ചിന്തകൾ സംജാതമാകുന്നത്. ഇവയിൽ സദ്ചിന്തകളെ മുന്നോട്ട് നയിക്കാൻ മലക്കുകളും ദുഷ്ചിന്തകളെ മുന്നോട്ട് നയിക്കാൻ പിശാചും വരുന്നു.

നബി(സ) പറയുന്നു: ഒരുവന്റെ മനസ്സിൽ സദ്ചിന്തകൾ ഉടലെടുക്കുമ്പോൾ അല്ലാഹു അയാൾക്കു വേണ്ടി ഒരു മലക്കിനെ മേൽനോട്ടക്കാരനായി നിയമിക്കുന്നു. ചീത്ത പ്രേരണകളുടെ അവസ്ഥയും മറ്റൊന്നല്ല. ഏതൊരുവന്റെ മനസ്സിലാണോ ദുഷ്ചിന്തകൾ ഉടലെടുക്കുന്നത് അവനുമേൽ പിശാച് ആധിപത്യം സ്ഥാപിക്കുന്നു.

പ്രേരണകൾ ബാഹ്യമായ മാർഗങ്ങളിലൂടെയാണെങ്കിലും നന്മതിന്മകൾ ആദ്യം ഉടലെടുക്കുന്നത് മനുഷ്യ മനസ്സിലാണ്. അവ സത്പ്രേരണകളാണെങ്കിൽ അവയെ മലക്ക് മുന്നോട്ട് നയിക്കുന്നു. അഥവാ തിന്മയാണെങ്കിൽ പിശാച് അവനെ അനുഗമിക്കുന്നു. അല്ലാതെ, പ്രേരണകൾ മുമ്പേ തന്നെ പുറത്ത് നിന്നുള്ളതും ഹൃദയത്തിനു അതുമായി ബന്ധമല്ലാതാവുകയും അതിനെ കൊള്ളാനും തള്ളാനും അതിനു അവകാശമില്ലാതാവുകയുമാണെങ്കിൽ മനുഷ്യൻ നിർബന്ധം ചെലുത്തപ്പെടുന്നവനായേനെ. എന്നാൽ അങ്ങനെയല്ല. ***'കുന്ദ് ഹം ജനിസ് ബാഹം ജനിസ് പർവാസ്'*** (അതായത്, ഒരേ ഗുണങ്ങൾ ഉള്ളവർ തമ്മിൽ പരസ്പരം ആകർഷിക്കുന്നു) എന്ന ചൊല്ലനുസരിച്ച് മനസ്സിൽ നന്മയുടെ പ്രേരണയുണ്ടാകുമ്പോൾ മലക്കുമായും തിന്മയുടെ പ്രേരണയാൽ ദുഷ്ടാത്മാക്കളുമായും ബന്ധം സ്ഥാപിക്കപ്പെടുന്നു.

ആയതിനാൽ ഈ രണ്ട് പ്രേരണകളെ സംബന്ധിച്ചും ഈ കാര്യം മുന്നിൽ വെയ്ക്കേണ്ടതാണ്. ആത്മീയ പുരോഗതി എങ്ങനെ കരസ്ഥമാക്കാം എന്ന് പല ആളുകളും എന്നോട് ചോദിക്കാറുണ്ട്. ആത്മീയോന്നതി പ്രാപിക്കാനുള്ള വഴി മനുഷ്യൻ തന്റെ ഹൃദയത്തെ പരിശോധിച്ചു കൊണ്ടിരിക്കലാണ്. മനുഷ്യൻ ഉന്നതമായ സ്ഥാനമാനങ്ങളെ അനുഭവിച്ചു കൊണ്ടിരിക്കുന്നതിനെ യാണല്ലോ ആത്മീയ പുരോഗതി എന്ന് പറയുന്നത്. അതിനുള്ള മാർഗം, തന്റെ മനസ്സിൽ ഏറ്റവും കൂടുതൽ സത്പ്രേരണകളാണോ ദുഷ്പ്രേരണകളാണോ കൂടുതൽ ഉണ്ടാകുന്നതെന്ന് മനുഷ്യൻ പരിശോധിക്കുക എന്നതാണ്. സത്പ്രേരണകളാണ് അധികമെങ്കിൽ മലക്കുകൾ

അയാളുടെ ചുവടുകളെ ദൈവത്തിലേക്ക് അടുപ്പിക്കുകയാണെന്ന് മനസ്സിലാക്കുക. മനുഷ്യൻ തന്റെ നമസ്കാര നോമ്പ് ചന്ദാദികളിൽ എത്രമാത്രം മുന്നേറിയിട്ടുണ്ട് എന്ന് നോക്കുന്നതിനു പകരം തന്റെ ഹൃദയത്തിൽ എന്തു പ്രേരണകളാണ് ഉടലെടുക്കുന്നത് എന്ന് നോക്കട്ടെ. അവന്റെ ഹൃദയം കൂടുതൽ നമസ്കരിക്കാനും നോമ്പെടുക്കാനും സത്കർമങ്ങളനുഷ്ഠിക്കാനും കല്പിക്കുന്നുണ്ടോ? അങ്ങനെയൊരു കല്പന ഹൃദയം നല്കുന്നില്ലെങ്കിൽ അത് ദൈവിക പ്രവർത്തനമല്ലെന്നും ഈ നടക്കുന്നതെല്ലാം ഒരു പ്രാരംഭ ശ്രമമെന്ന നിലയ്ക്കോ ശീലമോ പ്രദർശനമോ ആണെന്ന് മനസ്സിലാക്കുകയും ചെയ്യുക. അവൻ നമസ്കാരം അഞ്ചല്ല, പത്ത് നമസ്കരിച്ചാലും, അതായത്, ഫർള് നമസ്കാരങ്ങൾ കൂടാതെ അഞ്ചു നേരം നഫലുകൾ അനുഷ്ഠിച്ചാലും അവന്റെ ഹൃദയം നമസ്കാരത്തെ വെറുക്കുന്നതാണെകിൽ ഇനിയും അവൻ മലക്കുകളുമായി ബന്ധം സ്ഥാപിക്കത്തക്ക സ്ഥാനത്ത് എത്തിയിട്ടില്ലെന്ന് മനസ്സിലാക്കുക. എന്നല്ല, അവൻ പ്രാരംഭ പ്രയത്നത്തിന്റെ സ്ഥാനത്തു പോലും എത്തിയിട്ടില്ല. അവന്റെ നഫ്സ് ഒരു ആചാരമെന്നോണം, ശീലമെന്നൊണം, അല്ലെങ്കിൽ മറ്റുള്ളവർ കാണാൻ വേണ്ടി അവനെക്കൊണ്ട് നമസ്ക്കരിപ്പിക്കുകയാണ്. ഇനി അവന് കർമം ചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ലെങ്കിലും അവന്റെ ഹൃദയത്തിൽ സത്കർമ്മം ചെയ്യാനുള്ള പ്രേരണകൾ സംജാതമാകുന്നുവെങ്കിൽ മലക്കുകൾ അവനുമായി ബന്ധം സ്ഥാപിക്കുന്നു എന്ന് മനസ്സിലാക്കുക. അതു കൊണ്ട് നിങ്ങളുടെ നമസ്കാരം, നോമ്പ് തുടങ്ങിയവയിലൂടെ നിങ്ങളുടെ അവസ്ഥകളെ അളക്കരുത്. മറിച്ച്, എന്താണോ നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അതിലേക്ക് നോക്കുക. ഹൃദയം മോശമായ ജനതകൾ, അവർ പ്രത്യക്ഷ്യത്തിൽ എത്ര തന്നെ ശക്തരാണെങ്കിലും, അധ:പതിക്കുന്നു. റഷ്യയെ തന്നെ നോക്കുക. എത്ര വലിയ ഭരണകൂടമായിരുന്നു അത്. പക്ഷേ, വാഗ്ദത്ത മസീഹിന്റെ പ്രവചനം ഉണ്ടായിരുന്നതിനാൽ അവരുടെ ഹൃദയം മോശമായിത്തീരുകയും അതു മുഖേന അവരുടെ ഭരണകൂടം മോശമായി ഭവിക്കുകയുമുണ്ടായി. ബാഹ്യമായ ശോഷണത്തിനു മുൻപേ ശക്തമായ ഭരണകൂടമെന്ന് അവർ കരുതപ്പെട്ടിരുന്നു. ആയതിനാൽ, ഒരു മനുഷ്യനും തന്റെ നമസ്കാം, നോമ്പ്, സകാത്ത് ഇത്യാദികാര്യങ്ങൾ മുഖേന താൻ നന്മയിലും ഭയഭക്തിയിലും എത്രമാത്രം പുരോഗതി പ്രാപിച്ചിരിക്കുന്നു എന്ന് തീരുമാനിക്കരുത്. മറിച്ച്, തന്റെ ഹൃദയാന്തരാളത്തിലുള്ളതിനെ കൊണ്ട് തന്റെ നന്മയെയും ഭക്തിയെയും പരിശോധിക്കുക. സത്പ്രേരണകളാണ് അവന്റെ മനസ്സിൽ മുന്നേറുന്നതെങ്കിൽ ചില പാപങ്ങൾ അവനിൽ നിന്ന് വിട്ടകന്നില്ലെങ്കിലും മലക്കുകളുടെ ഛായ അവനിൽ പതിയുകയും അവൻ മുന്നേറുകയും ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കുക. ഇനി തിന്മചെയ്യാനുള്ള പ്രേരണകളാണ് അവന്റെ ഹൃദയത്തിൽ ഉയർന്നു കൊണ്ടിരിക്കുന്നതെങ്കിൽ നല്ല പ്രവൃത്തികളാണ് അവൻ ചെയ്യുന്നതെങ്കിലും ശൈത്വാനുമായുള്ള അവന്റെ ബന്ധം വർധിക്കുന്നുവെന്ന് മനസ്സിലാക്കുക. ആയതിനാൽ, കൂടുതൽ നമസ്കരിക്കുന്നതോ നോമ്പെടുക്കുന്നതോ അല്ല വിശ്വാസത്തിന്റെ ലക്ഷണം. നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിലേക്ക് നോക്കുകയും അവയെ പരിശോധിക്കുകയും ആണ് വേണ്ടത്. നിങ്ങളുടെ പ്രവർത്തനങ്ങളെ പരിശോധിക്കുക എന്നതാണ് ജനങ്ങളുടെ പ്രവൃത്തി. എന്നാൽ നിങ്ങളുടെ ധർമമോ? സ്വന്തം ഹൃദയങ്ങളെ പരിശോധിക്കുക എന്നതാണ്.

## മലക്കിന്റെയും ശൈത്വാന്റെയും പ്രേരണകളെ താരതമ്യം ചെയ്യാനുള്ള മാർഗം

നിങ്ങൾക്കുണ്ടാകുന്ന ശൈത്വാന്റെയും മലക്കിന്റെയും പ്രേരണകളിൽ കൂടുതൽ ഏതാണെന്ന് എങ്ങനെ മനസ്സിലാക്കാം എന്നതിനെ സംബന്ധിച്ച് ഇനി ഞാൻ വ്യക്തമാക്കാം.

ഒന്ന് ശരിക്കുള്ള പ്രേരണകൾ, അത് നല്ലതോ ചീത്തയോ ആകട്ടെ, മലക്കിന്റെയോ ശൈത്വാന്റെയോ അല്ല നിങ്ങളുടേത് തന്നെ എന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. അതു കൊണ്ട് നിങ്ങൾ സ്വന്തം ഹൃദയങ്ങളിലേക്ക് നോക്കുകയും നിങ്ങളുടെ ബന്ധം കൂടുതൽ ആരുമായിട്ടാണ് എന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

ഒന്ന്. മനസ്സിൽ ആദ്യം സദ്വിചാരങ്ങളും പിന്നീട് ദുർവിചാരങ്ങളുമാണ് ഉടലെടുക്കുന്നതെന്ന് നിങ്ങൾ കണ്ടാൽ പിശാചിനെ അപേക്ഷിച്ച് മലക്കുമായിട്ടാണ് നിങ്ങൾക്ക് കൂടുതൽ ബന്ധമെന്ന് മനസ്സിലാക്കാം. മലക്കുകൾ തങ്ങളുടെ ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നു. പക്ഷേ, പിശാച് അതിൽ തടസ്സം സൃഷ്ടിക്കുന്നു. ദുർവിചാരങ്ങൾ ഉടലെടുക്കുമ്പോഴെല്ലാം സദ്വിചാരങ്ങൾ മുൻപ് ഉണ്ടായിരുന്നുവോ എന്ന് എപ്പോഴും നോക്കേണ്ടതാണ്. ഇനി ഉണ്ടായിരുന്നുവെങ്കിൽ പിശാചിനേക്കാൾ മലക്കുമായിട്ടാണ് നിങ്ങൾ കുടുതൽ ബന്ധപ്പെട്ട് നില്ക്കുന്നത്. ഉദാ: നിങ്ങൾ നമസ്കരിക്കാൻ വരുമ്പോൾ നിങ്ങളുടെ മനസ്സിൽ പല ദുർബോധനങ്ങളും വരുന്നുണ്ടെങ്കിൽ മലക്കുകൾ നിങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാം. നിങ്ങൾ സത്കർമം ചെയ്യാൻ ഒരുങ്ങുമ്പോൾ പിശാച് അതിനെ കളങ്കപ്പെടുത്താൻ മുതിരുകയാണ് ചെയ്യുന്നത്.

രണ്ട്. ദുഷ്ചിന്തകൾ മനസ്സിൽ ഉടലെടുക്കുന്നതോടൊപ്പം തന്നെ നല്ല ചിന്തകളും ഉണ്ടാകുന്നുണ്ടോ എന്ന് നോക്കുക. ഉദാ: താനും നമസ്കരിക്കുന്നവനാണെന്ന് ജനങ്ങൾ കാണട്ടെ എന്ന് കരുതി

പള്ളിയിൽ പോകാനുള്ള ചിന്ത വന്നതിനു തൊട്ടു പിറകെ നമസ്കരിക്കുന്നെങ്കിൽ അത് അല്ലാഹുവിനു വേണ്ടിയായിരിക്കണം എന്ന ചിന്ത വന്നാൽ ആ സാഹചര്യത്തിൽ നിങ്ങളുടെ മലക്കുകളുമായുള്ള ബന്ധം അധികമല്ലെങ്കിലും മലക്കുകൾ നിങ്ങളെ തീർത്തും കൈവിട്ടില്ലെന്ന് കരുതാം. തക്കം കിട്ടിയെന്നു കണ്ടാൽ ആ നിമിഷം സന്മാർഗത്തിലേക്ക് കൊണ്ടു വരാൻ മലക്കുകൾ തയ്യാറാവുന്നു.

ഈ നിലവരെ മനുഷ്യൻ സുരക്ഷിതനാണ്. എന്തെന്നാൽ, മലക്കുകൾ അവനുമായുള്ള സ്നേഹബന്ധം ഉപേക്ഷിക്കുന്നില്ല. ആദ്യഘട്ടത്തിൽ മലക്കുകൾ അവനെ ഉയർത്തുമ്പോൾ പിശാച് അവനെ താഴേക്ക് പിടിച്ചു വലിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ അവൻ മുങ്ങിത്താഴാൻ പോകുമ്പോൾ മലക്കുകൾ അവനെ രക്ഷിക്കുന്നു. മനുഷ്യൻ ഈ അവസ്ഥയിൽ ആണെങ്കിൽ അവന് അഭിവൃദ്ധിപ്പെടാവുന്ന അവസ്ഥയിലാണെന്ന് കരുതാം. അവൻ നിരാശയുടെ വക്കിലെത്തിയിട്ടില്ലെന്നു പറയാം.

മൂന്ന്. മൂന്നാമത്തെ ഘട്ടം വളരെ സങ്കീർണമാണ്. തിന്മ ചെയ്യാനുള്ള പ്രേരണ മനസ്സിൽ തോന്നുമെങ്കിലും അതിനോടൊപ്പം നന്മ ചെയ്യാനുള്ള പ്രേരണ ഉണ്ടാവുന്നില്ല. മണിക്കൂറുകളും ദിവസങ്ങളും കഴിഞ്ഞു കടന്നാലും മനസ്സിൽ ഈ പ്രചോദനത്തിനു വിരുദ്ധമായ വികാരം സംജാതമാകാതെ വരുന്നു. ഇതാണ് അവസ്ഥയെങ്കിൽ നിങ്ങൾ മനസ്സിലാക്കുക മലക്കുകൾ നിങ്ങളെ പൂർണമായും കൈവിട്ടിരിക്കുന്നു. നിങ്ങൾ മുഴുവനായും പിശാചിന്റെ കെണിയിലകപ്പെട്ടിരിക്കുകയാണ്.

നന്മക്ക് തുല്യമോ അല്ലെങ്കിൽ അതിലധികമോ ഉണ്ടാകുന്ന ചീത്ത പ്രേരണകളുടെ മൂന്നവസ്ഥകളാണിവ. ഇവയിൽ ഏതെങ്കിലുമൊരുഘട്ടത്തിൽ നിലകൊള്ളുന്ന വ്യക്തി വളരെ ജാഗരൂകനായിരിക്കേണ്ടതാണ്. ഇവയ്ക്കു ഉപരിയായി മലക്കിന്റെയും പിശാചിന്റെയും പ്രേരണകളിലൂടെ മനുഷ്യന് കടന്നു പോകേണ്ട രണ്ടു ഘട്ടങ്ങൾ വേറെയുമുണ്ട്. എന്നാൽ അതിൽ മലക്കിന്റെ പ്രേരണകളായിരിക്കും മേൽക്കൈ നേടുക. അവ ഇവയാണ്:

1). ആദ്യം സദ്വിചാരവും അതിനു ശേഷം ദുർവിചാരവും ഉണ്ടാവുക. ഈ അവസ്ഥയാണെങ്കിൽ മലക്കുകൾ പൂർണമായ നിലയിൽ അവനു ചുറ്റുമില്ലെങ്കിലും ശരിക്കും അവൻ ബന്ധപ്പെട്ടിരി ക്കുന്നത് മലക്കുകളുമായിട്ടാണെന്ന് അവൻ മനസ്സിലാക്കേണ്ടതാണ്. പുരോഗതി തടയാൻ പിശാച് ശക്തി ചെലുത്തുക മാത്രമാണ് ചെയ്യുന്നത്.

2). രണ്ടാമത്തെ അവസ്ഥയിൽ സദ്വിചാരങ്ങൾക്കു ശേഷമുണ്ടാകുന്ന ദുർവിചാരങ്ങൾ തുലോം കുറവായിരിക്കും അല്ലെങ്കിൽ വിവിധങ്ങളായ സത്പ്രേരണകളിൽ ചിലതിനെ സംബന്ധിച്ചായിരിക്കും ദുഷ്ചിന്തകളുണ്ടാവുക; ചിലതിനെപ്പറ്റി ഉണ്ടാവുകയില്ല. ആ അവസ്ഥയിൽ പിശാചിന്റെ സ്വാധീനം കുറഞ്ഞ് മലക്കുകളുടെ ബന്ധം ശക്തമാകുന്നുവെന്നും അവന് ഒരു വഴി തുറക്കപ്പെട്ടിരിക്കുന്നു എന്നും വേണം മനസ്സിലാക്കാൻ. ഇതിനും ഉപരിയായി മനുഷ്യൻ അഭിവൃദ്ധി പ്രാപിക്കുമ്പോൾ പിശാചിന്റെ ആക്രമണത്തിൽ നിന്ന് അവൻ തീർത്തും സുരക്ഷിതനായി തീരുന്നു.

മനുഷ്യൻ നന്മയിലാണോ തിന്മയിലാണൊ പുരോഗതി പ്രാപിക്കുന്നതെന്ന് ഈ അഞ്ചു മാർഗങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

മനുഷ്യന്റെയുള്ളിൽ മലക്കിന്റെയും പിശാചിന്റെയും പ്രേരണകളിൽ ഏതാണ് കൂടുതൽ മികച്ചു നില്ക്കുന്നത്? മനുഷ്യനു വേണ്ടി കൂടുതൽ തുറന്നിരിക്കുന്ന മാർഗമേതാണ്? സാത്താനിക മാർഗമോ മലക്കിന്റെ മാർഗമോ? എന്ന ചോദ്യങ്ങൾ ഉയരാറുണ്ട്. ദൈവം മനുഷ്യപുരോഗതിയുടെ മാർഗമാണോ കൂടുതൽ വെച്ചിട്ടുള്ളത്, അതല്ല അവന്റെ വഴികേടിന്റെ മാർഗമോ? എന്ന ചോദ്യവും ഉയരാറുണ്ട്. സൂഫികൾക്ക് ഒരു പിഴവ് സംഭവിച്ചിരിക്കുന്നു. എന്നല്ല, ഒരു സാങ്കേതിക പിഴവ് എന്നു വേണം പറയാൻ. പൂർണനിലയിലുള്ള പിഴവല്ല. ഒരു സംഗതി മനസ്സിലാക്കുന്നതിൽ അബദ്ധം സംഭവിച്ചതാണ്. മലക്കുകൾക്ക് ഒരു വഴിയേയുള്ളു. എന്നാൽ പിശാചിനു മനുഷ്യനിൽ പ്രവേശിക്കാൻ ഒരുപാട് വഴികളുണ്ടെന്നാണ് പൊതുവെ എല്ലാവരും എഴുതുന്നത്. എന്നാൽ, ഇത് ശരിയല്ല. ഒന്നാമതായി പ്രകൃതിനിയമപ്രകാരം അത് തെറ്റാണെന്ന് സ്ഥാപിതമാകുന്നു. തന്നെയുമല്ല, വിശുദ്ധ ഖുർആനനുസരിച്ചും തെറ്റാണ്. മനുഷ്യന്റെയുള്ളിൽ ചിന്തകൾ ഉടലെടുക്കുന്നത് ബാഹ്യസ്വാധീനത്താലാണെന്ന് പ്രകൃതിനിയമത്തിൽ നിന്ന് മനസ്സിലാകുന്നു. ഉദാ: ഒരാളുടെ മനസ്സിൽ മോഷ്ടിക്കണമെന്ന ചിന്തയുണ്ടാകുന്നത് പുറത്ത് ഒരു സാധനം അയാൾ കാണുമ്പോഴാണ്. മറ്റു സംഗതികളും ഇതുപോലെ തന്നെയാണ്. ദുഷ്ചിന്തകൾ മനുഷ്യനിൽ പ്രേരിതമാകുന്നത് ഏതൊക്കെ മാർഗങ്ങളിലൂടെയാണോ അവയിലൂടെ തന്നെയാണ് സദ്വിചാരങ്ങളും പ്രേരിപ്പിക്കപ്പെടുന്നതെന്നും ഇതോടൊപ്പം മനസ്സിലാകുന്നു. ഇന്ന സാധനം കണ്ടാൽ അത് മോഷ്ടിക്കണം എന്ന് ചിന്തിക്കുന്നിടത്ത് തന്നെയാണ് ഇന്നയാൾ ദരിദ്രനാണെന്ന് കണ്ടാൽ അയാളെ സഹായിക്കണമെന്ന ചിന്ത ഉടലെടുക്കുന്നതും. ഇതേപോലെ കാതുകളിലൂടെ കേട്ടുകൊണ്ട് ദുർവിചാരങ്ങൾ ഉണ്ടാകുന്നിടത്താണ് അതേ കാതുകളിൽ തന്നെ സദ്വിചാരങ്ങളും സംജാതമാകുന്നത്. സ്പർശനത്തിന്റെയും ദർശനത്തിന്റെയും രുചിയുടെയും

സ്ഥിതിയും ഇത് തന്നെ. ഓരോ സംഗതിയേയും നല്ല രീതിയിലും ചീത്ത രീതിയിലും ഉപയോഗിക്കാമെന്ന് ഇതിൽ നിന്ന് ഗ്രഹിക്കാം. കാരണം, പിശാച് പ്രവേശിക്കുന്ന മാർഗങ്ങളിലൂടെ തന്നെയാണ് മലക്കുകൾ സത്കർമ്മങ്ങളെ പ്രേരിപ്പിക്കാൻ പ്രവേശിക്കുന്നതും.

സാത്താന് വഴിപിഴപ്പിക്കാൻ ഒരുപാട് മാർഗങ്ങളുണ്ട്, എന്നാൽ മലക്കുകൾക്ക് ഒരേയൊരു മാർഗമേയുള്ളു എന്ന സംഗതി വിശുദ്ധ ഖുർആനിൽ നിന്നും തെറ്റാണെന്ന് സ്ഥാപിതമാകുന്നുണ്ട്. അവർ തെറ്റിദ്ധരിച്ച വചനം ഇതാണ്: ***'വ അന്ന ഹാദാ സിറാത്തീ ഫത്തബി ഊഹു വലാ തത്തബി ഉസ്സുബുല ഫ തഫർറഖ ബികും അൻ സബീലിഹി'(അൻആം:154)*** അല്ലാഹു പറയുന്നു: ***'ഇതെന്റെ നേരായ മാർഗമാണ്. ഇതിനെ അനുഗമിക്കുക. മറ്റു മാർഗങ്ങളെ അനുഗമിക്കരുത്. അവ നിങ്ങളെ എവിടൊക്കെയോ കൊണ്ടെത്തിക്കുന്നതാണ്.'*** ദൈവമാർഗം ഒന്നു മാത്രമാണെന്നും എന്നാൽ സാത്താനിക മാർഗങ്ങൾ പലതാണെന്നും ഇതിൽ നിന്ന് മനസ്സിലാകുന്നു എന്നവർ പറയുന്നു. എന്നാൽ ഈ ആയത്തിന്റെ സാരം മനസ്സിലാക്കുന്നതിൽ അവർക്ക് അബദ്ധം പിണഞ്ഞിരിക്കുകയാണ്. ഒന്നാമതായി, വിശുദ്ധ ഖുർആനിൽ തന്നെ അല്ലാഹു പറഞ്ഞിരിക്കുന്നത്. ***'വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ (അൻകബൂത്:70) എന്നാണ്. അതായത്, നമ്മുടെ മാർഗത്തിൽ പ്രയത്നിക്കുന്നവർക്ക് നാം പല മാർഗങ്ങൾ കാണിച്ചു കൊടുക്കുന്നു.'*** നന്മയുടെ മാർഗങ്ങളും പല വിധങ്ങളുണ്ടെന്നാണ് ഇതിൽ നിന്ന് ഗ്രാഹ്യമാകുന്നത്.

രണ്ടാമതായി, ദൈവത്തിലേക്ക് എത്തിച്ചേരാൻ പല മതങ്ങളും സ്വീകരിക്കേണ്ടതായിട്ടില്ല. മനുഷ്യനെ ദൈവത്തിലേക്ക് എത്തിക്കുന്ന ഏകമതം ഇസ്‌ലാം മാത്രമാണ്. അതേസമയം, ആത്മീയോൽക്കർഷത്തിന്റെ എണ്ണമറ്റ മാർഗങ്ങൾ ഇസ്‌ലാം നിർദേശിക്കുന്നുണ്ട് എന്നതും ശരിയാണ്. പിശാച് മനുഷ്യനെ വഴിപിഴപ്പിക്കാൻ പല മാർഗങ്ങളും വെച്ചിരിക്കുന്നത് പോലെ, ചിലപ്പോൾ ക്രിസ്ത്യാനിയാവാൻ ചിലപ്പോൾ ആര്യമതക്കാരനാവാൻ ചിലപ്പോൾ മറ്റുവല്ല വ്യാജമതവും സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നതു പോലെ, ദൈവം ചെയ്തിട്ടില്ലെന്ന് നിഷേധിച്ചു പറയുകയാണ് ആ വചനം ചെയ്തിരിക്കുന്നത്. ദൈവം ഒരു മതമാണ് വെച്ചിരിക്കുന്നത്. ആ മതമാണെങ്കിൽ അനേകം മാർഗങ്ങൾ ഉൾക്കൊള്ളുന്നതുമാണ്.

ഈ സംഗതി മനസ്സിലാക്കാത്തതിനാലാണ് സൂഫികൾക്ക് അബദ്ധം പിണഞ്ഞത്. വാസ്തവത്തിൽ പിശാചിന്റെ പിഴച്ച മാർഗങ്ങളെക്കാളും എത്രയോ വിശാലമാണ് ദൈവത്തിന്റെ കാരുണ്യം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***'റഹ്മത്തീ വസി അത്ത് കുല്ല ശൈഇൻ' (അഅ്റാഫ്: 157) 'എന്റെ കാരുണ്യം എല്ലാറ്റിനെയും ആവരണം ചെയ്തിരിക്കുന്നു.'***

നന്മയിലേക്ക് പ്രചോദിപ്പിക്കുന്ന മാർഗങ്ങളാണ് കൂടുതലെങ്കിൽ ലോകത്ത് പൈശാചികരായ മനുഷ്യർ കൂടുതലും മറ്റുള്ളവർ കുറവും കാണപ്പെടുന്നത് എന്തുകൊണ്ടാണ്? ഇനി ഞാൻ, ഇതിൽ നിന്ന് പൈശാചിക സ്വാധീനം മലക്കുകളുടെ സ്വാധീനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നല്ലേ തെളിയുന്നത് എന്ന ചോദ്യത്തിലേക്ക് വരാം.

ഇതു സംബന്ധമായി ഓർത്തിരിക്കേണ്ട കാര്യം, പിശാചിന്റെയും മലക്കുകളുടെയും പ്രചോദനങ്ങളെ ദുർവൃത്തരാണോ സദ്‌വൃത്തരാണോ കൂടുതലെന്ന് നോക്കിയല്ല തരം തിരിക്കേണ്ടത്. മറിച്ച്, ഓരോവ്യക്തിയിലും കൂടുതലുണ്ടാകുന്നത് നന്മചെയ്യാനുള്ള പ്രേരണയാണോ തിന്മചെയ്യാനുള്ള പ്രേരണയാണോ എന്ന് നോക്കിയാണ്. ഈ സംഗതി പരിശോധിച്ചാൽ ജനങ്ങളുടെ അധിക പ്രവൃത്തികളും തിന്മയെ അപേക്ഷിച്ച് നന്മയിലധിഷ്ഠിതമാണെന്ന് കാണാം. തിന്മവെറുക്കപ്പെട്ട സംഗതിയായതിനാൽ പ്രകടമായി കാണപ്പെടുന്നതു കൊണ്ട് മാത്രമാണ് അത് അധികരിച്ചിരിക്കുന്നതായി തോന്നുന്നത്. അക്കാരണം കൊണ്ടാണ് ഒരിക്കൽ എല്ലാവരും നരകത്തിൽ നിന്ന് പുറത്ത് വരുന്നതാണെന്ന് നബി(സ) പറഞ്ഞത്. (മുസ്നദ് അഹ്മദ്)

മോഷ്ടിക്കുന്നവനെ മഹാദുർവൃത്തനെന്നും മോശപ്പെട്ട മനുഷ്യനെന്നും വിളിക്കപ്പെടുമെങ്കിലും പല ന്യൂനതകളും അയാളിൽ ഇല്ലാത്തതുമുണ്ടാകാം. അയാളിൽ പല നല്ലകാര്യങ്ങളും കണ്ടെന്നുവരാം. പല നന്മകളുള്ള അയാളിലെ ഒരു തിന്മയായിരിക്കും വാസ്തവത്തിൽ മോഷണം. തിന്മകൾ കൂടുതലും നന്മകൾ താരതമ്യേന കുറഞ്ഞിരിക്കുകയും ചെയ്യുന്ന ആൾ ഉണ്ടാവില്ല. അതുകൊണ്ട് തന്നെ, നന്മ ലോകത്ത് കൂടതലും തിന്മ കുറവുമാണ്. തിന്മകളിൽ എല്ലാവരുടെയും ശ്രദ്ധ പതിയുന്നതു കൊണ്ടാണ് അത് പ്രകടമായി കാണപ്പെടുന്നത്. ഇതിനെ നമുക്ക് മൂക്ക് മാത്രം മുറിഞ്ഞു പോയ വ്യക്തിയുമായി ഉദാഹരിക്കാം. അയാളുടെ മറ്റു ശരീരഭാഗങ്ങൾക്ക് കുഴപ്പമൊന്നുമില്ലെങ്കിലും അയാളുടെ മൂക്കിലേക്ക് തന്നെയായിരിക്കും ശ്രദ്ധ പതിയുക. ശരീരത്തിലെ മറ്റു ഭാഗങ്ങളുടെ സൗന്ദര്യം ആരും കാണുകയില്ല. അപ്പോൾ നന്മകളാണ് കൂടുതലായിട്ടുള്ളത്. പക്ഷേ, ജനങ്ങളുടെ ശ്രദ്ധ പതിയുന്നത് തിന്മകളിലേക്കായതിനാൽ അതു കൂടുതലുള്ളതായി കരുതപ്പെടുന്നു.

ഇനി ഞാൻ, മലക്ക് എങ്ങനെയാണ് പ്രേരണ നല്കുന്നത്? അത് പ്രേരണ നല്കുന്ന മാർഗങ്ങൾ ഏതൊക്കെയാണ്? എന്നതിനെക്കുറിച്ച് പറയാം. എന്റെ സ്വന്തം അനുഭവത്തിൽ നിന്ന്, ദൈവസാമീപ്യം സിദ്ധിച്ച് ഇതിനെക്കുറിച്ച് അറിവു നൽകപ്പെട്ട ആളുകളുടെ അനുഭവങ്ങളിൽ നിന്നും ഇതിന്റെ

പ്രേരണകളെക്കുറിച്ച് മനസ്സിലാകുന്നത് മനുഷ്യൻ വല്ല സത്പ്രവൃത്തിയും ചെയ്യുമ്പോൾ മലക്ക് അവന്റെ മനസ്സിൽ ആ പ്രവൃത്തിയോടുള്ള സ്നേഹം സംജാതമാക്കുന്നു എന്നാണ്. താൻ നന്മയുടെ എല്ലാ മാർഗങ്ങളിലൂടെയും ചരിക്കുന്നതാണെന്ന് മനുഷ്യൻ ദൃഢനിശ്ചയം ചെയ്യുമ്പോൾ 'ഇതാ അവസരം വന്നിരിക്കുന്നു അതിനെ പ്രയോജനപ്പെടുത്തുക' എന്ന് ഓരോ സന്ദർഭത്തിലും മലക്ക് അവനെ അറിയിച്ചു കൊണ്ടിരിക്കുന്നതാണ്. മലക്ക് അവനെ നിർബന്ധിച്ച് ചെയ്യിക്കുന്നുവെന്നല്ല ഇതിനർഥം. മറിച്ച് അവനെ അറിയിച്ചു കൊണ്ടിരിക്കുന്നുവെന്നാണ്.

മലക്കുകൾ പ്രേരണ നല്കുന്ന രണ്ടാമത്തെ മാർഗം അധികമായ അറിവ് നൽകികൊണ്ടിരിക്കുക എന്നതാണ്. ഇതു മുഖേന മനുഷ്യന് ഇന്നത് നന്മയായതിനാൽ ഇത് ചെയ്യാം, ഇതും നന്മയാണല്ലോ ഇതെനിക്ക് ചെയ്യാമല്ലോ എന്നൊക്കെ പ്രചോദനം ലഭിച്ചു കൊണ്ടിരിക്കുന്നു. ഇതൊക്കെയാണെങ്കിലും നന്മയുടെ ഉറവിടം ഹൃദയം തന്നെയാണ്. മലക്കാണ് അതിൽ പ്രകാശവും പ്രതിബിംബവും ഇടുന്നത്. ആ പ്രേരണകളിൽ നടത്തുക എന്നതാണ് അതിന്റെ പ്രവൃത്തി. അതായത്, മലക്കുകൾ മനുഷ്യനെ കൊണ്ട് നന്മ ചെയ്യിപ്പിക്കുന്നില്ല. മറിച്ച് നന്മ ചെയ്യാനുള്ള എളുപ്പ വഴികൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുകയാണ് ചെയ്യുന്നത്. ഉദാ: ഒരു ജനക്കൂട്ടത്തിലൂടെ കടന്നു പോകുന്ന ആദരണീയനായ ഒരു വ്യക്തിക്ക് ജനങ്ങൾ വഴി കൊടുത്തു കൊണ്ടേ പോകുമ്പോൾ ജനങ്ങൾ ആണ് അദ്ദേഹത്തെ നടത്തുന്നത് എന്നതിന് അർഥമില്ല. അദ്ദേഹം തന്നെയാണ് നടക്കുന്നത്. ജനങ്ങൾ അദ്ദേഹത്തിന് നടക്കാൻ എളുപ്പം ഉണ്ടാക്കുന്നു എന്നു മാത്രം. മനുഷ്യനു വേണ്ടി മലക്കുകളും അവർ എളുപ്പത്തിൽ നന്മ ചെയ്യുന്നതിനു വേണ്ടി മാർഗങ്ങൾ സംജാതമാക്കുകയാണ് ചെയ്യുന്നത്.

അതു പോലെത്തന്നെ സാത്താൻ ആരെയും ബലാത്കാരമായി തിന്മ ചെയ്യിക്കുന്നില്ല. മറിച്ച്, ഒരു വ്യക്തി തിന്മ ചെയ്യുമ്പോൾ പിശാച് മറ്റൊന്ന് അയാളുടെ മുൻപിൽ വെയ്ക്കുകയും അത് ചെയ്താൽ മൂന്നാമതൊന്നും കൂടി വെയ്ക്കുകയുമാണ് ചെയ്യുന്നത്. അതങ്ങനെ തുടർന്നു കൊണ്ടേ പോകുന്നു. ഉദാ: നടന്നു പോയി കൊണ്ടിരിക്കുന്ന ഒരാൾക്ക് മോഷ്ടിക്കണമെന്ന് തോന്നി. ഈ ചിന്ത വന്നയുടൻ ഇന്നയാൾ സമ്പന്നനാണെന്ന കാര്യത്തിലേക്ക് പിശാച് ശ്രദ്ധ തിരിക്കുന്നു. അതായത്, പിശാച് അഭിപ്രായം നൽകുക മാത്രമാണ് ചെയ്യുന്നത്. ഹൃദയത്തിൽ ആധിപത്യം ചെലുത്തുന്നില്ല. അതു കൊണ്ട് മനുഷ്യൻ ചെയ്യുന്ന നന്മ തിന്മകൾ അവന്റെ തന്നെ സ്വന്തം പ്രവൃത്തികളാണ്. മലക്കും പിശാചും പ്രേരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

നന്മയിലേക്ക് പ്രേരിക്കപ്പെടുന്ന സ്ഥലത്തേക്ക് മലക്ക് മനുഷ്യനെ കൊണ്ടു പോകുന്നു എന്നതാണ് മൂന്നാമത്തെ മാർഗം, ശേഷം ആ പ്രേരണയെ സ്വായത്തമാക്കേണ്ടത് മനുഷ്യമനസ്സാണ്.

ഇനി ഒരു ചോദ്യം കൂടി ഉണ്ടാവാറുണ്ട്. മലക്കുകളിൽ നിന്ന് അല്ലെങ്കിൽ പിശാചിൽ നിന്ന് മനുഷ്യന് സഹായം വരുന്നെങ്കിൽ, നന്മകൾ മലക്കും തിന്മകൾ പിശാചുമാണ് പറഞ്ഞു കൊടുക്കുന്നതെങ്കിൽ തിന്മ ചെയ്യുന്നതിൽ പിന്നെ മനുഷ്യന്റേതായ തെറ്റ് എന്താണ്? മനുഷ്യൻ തിന്മ ചെയ്തു എന്നത് ശരി തന്നെ. എന്നാൽ അതിൽ പിശാചിന്റെ സഹായവും ഉണ്ടല്ലോ.

പിശാചിന്റെ പ്രേരണ കൊണ്ട് മനുഷ്യൻ പാപിയാകുകയല്ല, മറിച്ച്, ആ പ്രേരണയെ അമർത്തുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവന് പ്രതിഫലം ലഭിക്കുന്നതാണ് എന്ന കാര്യം ഇത്തരുണത്തിൽ ഓർത്തിരിക്കേണ്ടതാണ്. ആ പ്രേരണകളനുസരിച്ച് പ്രവർത്തിച്ചാൽ പിന്നെ അത് പാപമായി തീരുന്നു. ഒരിക്കൽ നബി(സ)യുടെ അടുക്കൽ ഒരാൾ വന്നു പറഞ്ഞു: എന്റെ നാവ് ഉരിഞ്ഞു പോകും വിധമുള്ള ചിന്തകളാണ് എന്റെ മനസ്സിൽ വന്നു കൊണ്ടിരിക്കുന്നത്. അത് വിവരിക്കാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല. നബി(സ) പറഞ്ഞു: ഇതു തന്നെയാണ് വിശ്വാസത്തിന്റെ വെളിച്ചം.

അപ്പോൾ, പൈശാചിക പ്രേരണകൾ സ്വയം പാപമാകുന്നില്ല. മനുഷ്യമനസ്സിൽ വല്ല ദുർബോധനം ഉണ്ടാവുകയും അവൻ അത് ഉപേക്ഷിക്കുകയുമാണെങ്കിൽ അവൻ പാപിയായിരിക്കുന്നതല്ല. വിശുദ്ധ ഖുർആനിൽ നിന്ന് ഈ സംഗതി വ്യക്തമാകുന്നുണ്ട്. അല്ലാഹു പറയുന്നു: ***'വ ഇൻ തുബ്ദൂ മാ ഫി അൻഫുസിക്കും ഔ തുഖ്ഫൂഹു യുഹാസിബുക്കും ബിഹില്ലാഹ്. നിങ്ങളുടെ ഹൃദയത്തിലുള്ളതിനെ നിങ്ങൾ മറച്ചു വെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു നിങ്ങളോട് കണക്ക് ചോദിക്കുന്നതാണ്.'*** വല്ല ചിന്തയും ഉണ്ടായാൽ ശിക്ഷിക്കുമെന്നല്ല ഇതിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾ അതിനെ മനസ്സിൽ കുടിയിരുത്തുകയോ അതിനെ പ്രചരിപ്പിക്കുകയോ ചെയ്താലാണ് നിങ്ങളോട് കണക്ക് ചോദിക്കുക എന്നാണ്. ആയതിനാൽ സാത്താനിക പ്രേരണകൾക്ക് ശിക്ഷയില്ലാത്തതിനാൽ അവയെ അതിക്രമം എന്ന് പറയാനാവില്ല. അത്തരം പ്രചോദനങ്ങൾ ആയിരക്കണക്കിനുണ്ടായാലും മനുഷ്യനതിന് വഴങ്ങുന്നില്ലെങ്കിൽ അവൻ പാപിയാകുകയില്ല. മറിച്ച്, അവന് പുണ്യം ലഭിച്ചു കൊണ്ടിരിക്കുന്നതാണ്.

ഇനിയുള്ള ചോദ്യങ്ങൾ, പൈശാചിക പ്രേരണകൾ ഉണ്ടാകുന്നതെങ്ങനെ? ശൈതാൻ പ്രലോഭിപ്പിക്കുന്നത് ഏത് വിധേനയാണ്? എന്നതാണ്. അതു കൊണ്ട്

ഓർമിച്ചു കൊള്ളുക, സദ്വൃത്തനായ മനുഷ്യൻ, അയാൾ പിശാചിന് വിധേയനാവാത്തവനും മലക്കുകളുമായി ബന്ധമുള്ളവനുമാണെങ്കിൽ അയാളെ പിശാച് സത്പ്രേരണകളിലൂടെയാണ് വ്യതിചലിപ്പിക്കാൻ ശ്രമിക്കുക. അയാൾ പിശാചിന്റെ പിടിയിലകപ്പെട്ടാൽ ദുഷ്പ്രേരണകളിലൂടെ വഴിതെറ്റിക്കുന്നു എന്നത് ശരി തന്നെ. ഇതിന്റെ വിശദീകരണം ഞാൻ പിന്നീട് നൽകുന്നതാണ്. ഇപ്പോൾ ഞാൻ പറയുന്നത് ഇത്രമാത്രമാണ്. പിശാചിന്റെ പ്രേരണകൾക്ക് രണ്ട് ശാഖകളുണ്ട്. ഒന്ന്, നന്മയുടേത്. മറ്റൊന്ന് തിന്മയുടെത്. ഇതു സംബന്ധമായി ഉയരാറുള്ള ചോദ്യം പിശാചു പോലും നന്മയിലേക്ക് പ്രേരണ നൽകുമ്പോൾ പിന്നെങ്ങനെയാണ് മനുഷ്യന് അവന്റെ പ്രേരണകളിൽ നിന്ന് രക്ഷപ്പെടാനാവുക എന്നതാണ്. മനുഷ്യൻ ചെയ്യുന്ന സത്പ്രവൃത്തി അത് പിശാച് ചെയ്യുക്കുന്നതാണെങ്കിലോ? ദുഷ്പ്രവൃത്തിയാണെങ്കിൽ അത് പൈശാചികമാണെന്ന് മനസ്സിലാക്കാം. എന്നാൽ സത്പ്രവൃത്തിയും പിശാചിന്റെ പ്രേരണയ്ക്ക് വിധേയമായിട്ടാണെന്ന് മനസ്സിലാകുന്നതെങ്ങനെ? ഇതിന് മലക്കിന്റെയും പിശാചിന്റെയും പ്രചോദനങ്ങളിൽ എന്തെല്ലാം വ്യത്യാസങ്ങളാണുള്ളതെന്ന് ഞാൻ താരതമ്യം ചെയ്ത് പറയാം. പ്രത്യക്ഷ്യത്തിൽ ചിലപ്പോൾ ഒരു പ്രേരണ നല്ലതായി തോന്നാം. എന്നാൽ, അതിന്റെ ഫലം മോശമായിരിക്കും. ചിലപ്പോൾ പ്രേരണയും അതിന്റെ ഫലവും നല്ലതായിരിക്കും. ആയതിനാൽ ഏതെങ്കിലും പ്രേരണയാൽ കർമം ചെയ്യാൻ ഒരുങ്ങുമ്പോൾ അതിന്റെ ഫലം ദുഷിച്ചതാണോ എന്ന് ചിന്തിക്കുക. ഉദാ: നമസ്കരിക്കാത്ത ഇന്നയാളെ ഒന്ന് ഉപദേശിക്കാം എന്ന സത്പ്രേരണ ഉണ്ടായി എന്ന് വെയ്ക്കുക. എന്നാൽ, ഉപദേശിക്കാൻ ഒരുങ്ങുമ്പോൾ ഒരുപാട് ആളുകൾ ഇരിക്കെ 'നീ നമസ്കരിക്കാത്തതിനാൽ കപടനാണ്. ഈ കപടത ഒഴിവാക്ക്' എന്ന് അയാൾ പറഞ്ഞു എന്ന് വെയ്ക്കുക. അയാളുടെ പ്രേരണ നല്ലതായിരുന്നുവെങ്കിലും ഇത്രയും ആളുകളുടെ മുൻപാകെ ഇങ്ങനെ പറയുമ്പോൾ അതിന്റെ ഫലമായി അയാൾ നമസ്കാരത്തെ തന്നെ നിഷേധിക്കുന്നതായിത്തീരും. തനിക്ക് വഹാബിയായ ഒരു മരുമകനുണ്ടായിരുന്നു വെന്ന് ഹ: ഖലീഫ അവ്വൽ പറയാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ഒരു പ്രമാണി വന്നു. ഞെരിയാണിക്ക് താഴെയായിരുന്നു അയാളുടെ വസ്ത്രം. അദ്ദേഹം അയാളുടെ ഞെരിയാണിയിലേക്ക് മിസ്‌വാക് എറിഞ്ഞു കൊണ്ട് പറഞ്ഞു: "ഇങ്ങനെ വസ്ത്രം ധരിക്കുന്ന നീ നരകത്തിൽ പോകുന്നവനാണ്.'' അപ്പോൾ ആ പ്രമാണി ചീത്ത വിളിച്ചു കൊണ്ട് പറഞ്ഞു: അല്ലാഹുവും റസൂലും എന്താണെന്ന് പോലും ഞാൻ വിശ്വസിക്കുന്നില്ലല്ലോ? ഹ:ഖലീഫ അവ്വൽ(റ) തന്റെ മരുമകനോട് പറഞ്ഞു: അയാളെ കാഫിറാക്കിയ നിന്റെ ഉപദേശം ഉഗ്രനായിരുന്നു!

ചുരുക്കത്തിൽ, പ്രത്യക്ഷത്തിൽ നല്ലതാണെന്ന് തോന്നുന്ന ഒരു പ്രേരണയുടെ ഫലം ദുഷിച്ചതാവാറുണ്ട്. അത്തരം പ്രേരണ മലക്കിന്റെ ഭാഗത്ത് നിന്ന് ആയിരിക്കുകയില്ല. സദ്ഫലമുളവാക്കുന്ന പ്രേരണകൾ മാത്രമാണ് മലക്കുകൾ നല്കുന്നത്. ദൈവപ്രേരണക്ക് കീഴിലായതിനാൽ മലക്കിന്റെ പ്രേരണയ്ക്ക് ദോഷഫലങ്ങൾ ഉണ്ടാക്കാനാവില്ല. ആയതിനാൽ വല്ല പ്രചോദനവും ഉണ്ടാകുമ്പോൾ അത് നല്ലതാണോ എന്ന് നോക്കുന്നതോടൊപ്പം അതിന്റെ ഫലവും നല്ലതാണോ എന്നു കൂടി നോക്കേണ്ടതാണ്. ഫലം ദുഷിച്ചതാണെങ്കിൽ അത് മലക്കിൽ നിന്നുള്ളതല്ല, പിശാചിൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കുക. ഇനി ഫലം നല്ലതാണെങ്കിൽ അത് മലക്കിൽ നിന്നുള്ളതായിരിക്കും.

മലക്കിന്റെയും പിശാചിന്റെയും പ്രചോദനങ്ങളെ താരതമ്യം ചെയ്യാനുള്ള രണ്ടാമത്തെ മാർഗം മലക്കിന്റെ പ്രേരണകളിൽ നന്മതിന്മകളെ അളക്കാനാകും എന്നാൽ പിശാചിന്റേതിൽ അപ്രകാരം ചെയ്യാൻ സാധിക്കില്ല എന്നതാണ്. പിശാച് നന്മ ചെയ്യിക്കുമ്പോൾ അത് മുഖേന വലിയ നന്മകളെ അകറ്റാനാണ് അവൻ ഉദ്ദേശിക്കുന്നത്. ഉദാ: ജമാഅത്തായ നമസ്കാരം നടന്നു കൊണ്ടിരിക്കുമ്പോൾ നഫൽ നമസ്കരിക്കണമെന്ന ചിന്തയുണ്ടാകുന്നു. ജമാഅത്ത് വിട്ടു പോകുമെന്ന കാര്യം ഗൗനിക്കാതെ നഫൽ നമസ്കരിക്കുകയാണെങ്കിൽ അതു സാത്താനിക പ്രേരണയായിരിക്കും. എന്തെന്നാൽ, ചെറിയ നന്മക്കു വേണ്ടി വലിയ നന്മയെയാണ് ഉപേക്ഷിച്ചത്. താങ്കൾ എന്തുകൊണ്ടാണ് നമസ്കരിക്കാത്തത് എന്ന ചോദ്യത്തിന് സർ സയ്യിദ് സാഹിബ് മറുപടി പറഞ്ഞത് താൻ ചെയ്തു കൊണ്ടിരിക്കുന്നതും ദീനീ പ്രവർത്തനങ്ങൾ തന്നെയാണ് എന്നാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കണ്ടാൽ അതിൽ അദ്ദേഹം വിലയം പ്രാപിച്ചതായി തോന്നും. അതു കൊണ്ട് തന്നെ അദ്ദേഹം തന്റെ പ്രവർത്തനങ്ങളെ ദുഷ്പ്രവൃത്തികളെന്ന് മനസ്സിലാക്കിയാണ് ചെയ്തു കൊണ്ടിരുന്നതെന്ന് പറയാനാവില്ല. നന്മയാണെന്ന് കരുതി തന്നെയായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ, ചെറിയ നന്മക്ക് വേണ്ടി വലുതിനെ ത്യജിക്കുകയാണുണ്ടായത്. അതു കൊണ്ട് അദ്ദേഹത്തിന്റെ ഈ പ്രവൃത്തി മലക്കിന്റെ പ്രേരണയാലാണെന്ന് പറയാൻ കഴിയില്ല.

ചുരുക്കത്തിൽ, പിശാച് പ്രേരിപ്പിക്കുന്ന നന്മകളുമുണ്ട്. എന്നാൽ,അത് വലിയ നന്മയെ അകറ്റിക്കൊണ്ട് ചെറിയ നന്മ ചെയ്യിക്കുകയാണ് ചെയ്യുന്നത്. ശാഹ് വലിയുല്ലാഹ് സാഹിബ് തന്റെ കുടുംബത്തിലെ ഒരു സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരു സ്ത്രീ ധാരാളമായി അല്ലാഹുവിനെ ദിക്ർ ചെയ്യാറുണ്ടായിരുന്നു. എന്നാൽ അവരുടെ സഹോദരൻ അത്

തടയുമായിരുന്നു. കൂടുതലായി നമസ്കരിക്കാനായിരുന്നു അയാൾ പറഞ്ഞു കൊണ്ടിരുന്നത്. തനിക്ക് ഇതിൽ വലിയ അനുഭൂതി ലഭിക്കുന്നു എന്നായിരുന്നു ആ സ്ത്രീയുടെ മറുപടി. അപ്പോൾ അയാൾ പറഞ്ഞു: "ഇത് ശൈതാന്റെ ദുർബോധനമാണ്. ഒടുവിൽ സുന്നത്തുകളും ഫർളും സാത്താൻ അകറ്റിക്കളയുന്നതാണ്."

കുറച്ച് കാലം കഴിഞ്ഞ് സഹോദരി സഹോദരനോട് പറഞ്ഞു: "വാസ്തവത്തിൽ സുന്നത്തുകളിലും ആനന്ദം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. പരിഹാരം നിർദേശിച്ചാലും. അദ്ദേഹം ലാ ഹൗൽ ചൊല്ലാൻ നിർദേശിച്ചു. ഒടുവിൽ അവർ സ്വപ്നത്തിൽ ഒരു കുരങ്ങനെ കണ്ടു. ആ കുരങ്ങ് പറഞ്ഞു: ''ഞാൻ സാത്താൻ ആണ്. നീ ലാ ഹൗൽ ചൊല്ലാതിരുന്നില്ലെങ്കിൽ നിന്റെ സഹോദരൻ നിന്നെ ഉപദേശിച്ചിട്ടില്ലായിരുന്നെങ്കിൽ നിന്നിൽ നിന്ന് ഞാൻ ഫർള് നമസ്കാരവും അകറ്റിയേനെ."

സാത്താനിക പ്രേരണകൾ നന്മകളുടെ രൂപത്തിലും അവതരിപ്പിക്കപ്പെടും എന്ന് ചുരുക്കം. അതിൽ സ്ഥാനപരിഗണനയുണ്ടാവില്ല. അല്ലാഹുവിന്റെ എല്ലാ നിയമത്തിലും കർമങ്ങൾ തമ്മിൽ താരതമ്യം ഉണ്ടാകാറുണ്ട് .എല്ലാ വലിയ സംഗതികൾക്കും വേണ്ടി ചെറുതിനെ ബലിയർപ്പിക്കുന്നു. എന്നാൽ ചെറുതിനു വേണ്ടി വലുതിനെ ബലിയർപ്പിക്കുന്നിടത്ത് അത് സാത്താനിക പ്രേരണയാണെന്ന് മനസ്സിലാക്കുക.

ദുർബോധനത്തിന്റെ പൊതുവായ രീതിയാണിത്. ചിലർ ചോദിക്കാറുണ്ട്. വിദ്യാഭ്യാസമില്ലാതെ അഭിവൃദ്ധിയുണ്ടാവില്ല. അതുകൊണ്ട് ആദ്യം വിദ്യാഭ്യാസമാണ് വേണ്ടത്. അതിനുശേഷമാണ് തബ്‌ലീഗ് തുടങ്ങേണ്ടത്. ആയതിനാൽ, എത്ര പണം സ്വരുക്കൂട്ടാൻ സാധിക്കുമോ അത് പഠന കാര്യങ്ങളിലാണ് ചെലവഴിക്കേണ്ടത്. ഈ ചോദ്യത്തിന് മറുപടി പറയുന്ന ആൾ വിദ്യാഭ്യാസം നല്ലതല്ലെന്നോ അത് കൊണ്ട് അതിനുള്ള ഏർപ്പാട് ചെയ്യേണ്ടന്നോ പറയില്ല. പൊതുവേ ഈ ചോദ്യം അയാളെ സ്വാധീനിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഞാൻ പറഞ്ഞതു പോലെ അത് ഒരു ദുർബോധനമാണ്. എന്തെന്നാൽ, വിദ്യാഭ്യാസം ഒരു അലങ്കാരമെന്നോണം ദീനിൽ പതിവിൽ കൂടുതലുള്ള സംഗതിയാണ്. തീർച്ചയായും അത് ശ്രദ്ധിക്കേണ്ടതു തന്നെയാണ്. എന്നാൽ, എല്ലാം അതിനായി മാത്രം ചെലവഴിക്കുക എന്നത് പത്ത് ആളുകളുടെ ജീവൻ നിലനിർത്താൻ ആവശ്യമായ ആഹാര സാധങ്ങൾ കൊണ്ട് വെറും ഒരാൾക്ക് വേണ്ട ബിരിയാണി തയ്യാറാക്കി ബാക്കി പേരെ പട്ടിണിക്കിട്ട് കൊല്ലുന്നതു പോലെയാണ്. ഒരാൾക്ക് ആർഭാടമായി ഭക്ഷണം നൽകുന്നതിനേക്കാൾ അതു മുലം പത്തു പേരുടെ ജീവൻ നിലനിർത്തുന്നതാണ് ഉത്തമം. അതിനാൽ പഠന കാര്യങ്ങളിൽ എല്ലാ പണവും അദ്ധ്വാനവും ചെലവഴിക്കുന്നതിനെക്കാൾ കൂടുതൽ അനിവാര്യമായത് ജനങ്ങൾക്ക് ആത്മീയ ജീവിതം കരഗതമാകുന്നതിനായി ശ്രമിക്കുകയാണ്. ചെറിയ കാര്യത്തിനു വേണ്ടി മഹത്തായ ഈ കാര്യത്തെ ഉപേക്ഷിക്കരുത്. അങ്ങനെയായാൽ, ഉയർന്നതും നിസാരവുമായ പ്രവൃത്തികളിൽ വേർതിരിവ് ഉണ്ടാവുകയില്ല. വേർതിരിച്ചറിയുന്നതിനെപ്പറ്റി നബി(സ) വളരെ സൂക്ഷ്മമായ നിലയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഹറാമും ഹലാലും എങ്ങനെ മനസ്സിലാക്കാം എന്ന് നബി(സ)യോട് ചോദിച്ചപ്പോൾ ***'അൽ ഇസ്മു മാഹാഖ് ഫീ സദ്റിക്'*** എന്ന് പറഞ്ഞു: സ്വന്തം ഹൃദയത്തോടാണ് ചോദിക്കേണ്ടത്. ഇന്ന കാര്യം അനുവദനീയമല്ലെന്ന് ലോകത്തെ മുഴുവൻ മൗലവിമാർ പറഞ്ഞാലും അനുവദനീയമാണെന്ന് മനസ്സ് പറയുന്നെങ്കിൽ അത് അനുവദനീയമായിരിക്കും. ശരീഅത്ത് അനുവദിക്കുകയും വിലക്കുകയും ചെയ്തിട്ടുള്ള സംഗതികൾക്ക് ഇത് ബാധകമല്ല. ചിലതിന്റെ അടിസ്ഥാനത്തിൽ നന്മയെന്നും ചിലതിന്റെ അടിസ്ഥാനത്തിൽ തിന്മയെന്നും തോന്നുന്ന കാര്യങ്ങളെക്കുറിച്ചാണിത്. അത്തരം സംഗതികൾ ചെയ്യാൻ മനസ്സ് അനുവദിക്കുന്നില്ലെങ്കിൽ ചെയ്യാതിരിക്കുക. ഉദാ: ദിക്റുകൾ. ഇതിനെപ്പറ്റി മൗലവിയോട് ചോദിച്ചാൽ പറയും നല്ലതാണെന്ന്. എന്നാൽ നഫൽ നമസ്കാരങ്ങൾ അതിനു വേണ്ടി ഉപേക്ഷിക്കണോ എന്ന കാര്യത്തിൽ അവന്റെ മനസ്സ് പറയുന്നതെന്താണോ അതാണ് ശരി. അത് തീരുമാനിക്കാൻ അവന്റെ മനസ്സിനേ കഴിയൂ.

ഇനി ആരെയെങ്കിലും സത്കരിക്കുകയോ ആർക്കെങ്കിലും ഉപഹാരം നൽകുകയോ ചെയ്യുന്നതിനെപ്പറ്റി എന്താണെന്ന് ഒരു പണ്ഡിതനോട് ചോദിച്ചാൽ നല്ലതാണെന്നേ പറയൂ. എന്നാൽ ആ ഉപഹാരം കൊണ്ട് അയാൾ തന്റെ മനസ്സിൽ ആർക്കെങ്കിലും കൈക്കൂലിയോ പ്രീണനമോ ആണ് ഉദ്ദേശിക്കുന്നതെങ്കിൽ അനുവദനീയമാണെന്ന് വിധി നല്കപെട്ടാലും വിധി സ്വീകരിക്കുമ്പോഴുള്ള അയാളുടെ ഉദ്ദേശ്യം അറിയുന്നത് മനസ്സാണല്ലോ. ആ സമയം ഇത് അനുവദനീയമല്ലെന്ന് അവന്റെ മനസ്സ് പറയുന്ന വിധിയാണ് സ്വീകരിക്കേണ്ടത്.

ആയതിനാൽ, നബി(സ) പറയുന്നു: ഇന്നത് ചെയ്യണമെന്ന് ആര് ഫത്‌വ നൽകിയാലും നിങ്ങളുടെ മനസ്സിൽ ആ സംഗതിയുടെ മോശവശങ്ങൾ സംജാതമാകുന്നെങ്കിൽ അത് ചെയ്യാതിരിക്കുകയും ഉപേക്ഷിക്കുകയുമാണ് വേണ്ടത്.

ഉന്നത പദവിയിലെത്താത്ത, താഴ്ന്ന പദവിയിലുള്ള ആളാണെങ്കിൽ സാത്താൻ അയാളുടെ മനസ്സിലിടുന്ന ചിന്ത ഇങ്ങനെയായിരിക്കും: " മറ്റുള്ളവർ കാണാൻ വേണ്ടിയാണ് ചെയ്യുന്നതെന്ന് ജനങ്ങൾ പറയും അതുകൊണ്ട്

**ശേഷം പേജ് 40 ൽ**

# ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ദിവ്യ രചന

പ്രവാചകന്മാരാരും തന്നെ ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരല്ല. അവർക്ക് ലഭിച്ച ജ്ഞാനങ്ങൾ ദൈവിക വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള ആത്മീയ പ്രതിഭാസങ്ങളാണ്. അത്തരത്തിലുള്ള ഒരു അത്ഭുത ദൃഷ്ടാന്തമാണ് ഹദ്റത്ത് അഹ്മദ് (അ)ന്റെ ഖുത്ബ ഇൽഹാമിയ്യ.

**മുഹമ്മദ് ഉമർ, കോഴിക്കോട്**

ദൈവ നിയുക്തരായ പ്രവാചകന്മാർ ആരും തന്നെ ഭൗതികമായോ മതപരമോ ആയ വിദ്യാലയങ്ങളിൽ വിദ്യ അഭ്യസിച്ചവരായിരുന്നില്ല എന്നത് പ്രസ്താവ്യമാണ്. അവർക്ക് അല്ലാഹുവിൽ നിന്ന് വേറിട്ട് ആത്മീയവും ഭൗതികവുമായ ജ്ഞാനങ്ങൾ ലഭിച്ചു കൊണ്ടിരുന്നു. ഹദ്റത്ത് മുഹമ്മദ് നബി (സ) യെ കുറിച്ച് വിശുദ്ധ ഖുർആനിൽ അദ്ദേഹം ഒരു ഉമ്മി ആയിരുന്നു എന്ന് അതായത് നിരക്ഷരനായിരുന്നു എന്ന് പറയുന്നു. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു: ***'നിരക്ഷര പ്രവാചാകനായ ഈ ദൂതനെ അതായത് മുഹമ്മദ് നബി (സ)യെ പിൻപറ്റുന്നവരാണ് (അനുഗൃഹീതർ) അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കൽ തൗറാത്തും ഇഞ്ചീലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടെത്തുന്നു.'(7:158)***

അല്ലാഹു വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്ത് പറയുന്നു:

***'അർറഹ്മാൻ അല്ലമൽ ഖുർആൻ ഖലക്കൽ ഇൻസാൻ അല്ലമഹുൽ ബയാൻ'***

***ആ പരമ കാരുണികൻ ഖുർആൻ (മുഹമ്മദ് നബി (സ) യെ പഠിപ്പിച്ചു-79:2,3,4)*** അതേ പ്രകാരം നബി (സ) തിരുമേനിയുടെ ശിഷ്യനായി ഹ: വാഗ്ദത്ത മസീഹും ഒരു വിദ്യാപീഢത്തിലും ചെന്ന് വിദ്യ അഭ്യസിക്കുകയുണ്ടായില്ല. മറിച്ച് പഴയ നാട്ടാചാരമനുസരിച്ച് അദ്ദേഹത്തിന് വീട്ടിൽ വെച്ച് ചില അദ്ധ്യാപകർ പ്രാഥമിക വിദ്യാഭ്യാസം നൽകുകയാണുണ്ടായത്. പാഠശാലകളിൽ നിന്നുള്ള ഔപചാരികമായ വിദ്യാഭ്യാസം അദ്ദേഹത്തിന് ലഭിച്ചിട്ടില്ല. നബി (സ) വെളിപാട് മുഖേന അവതീർണമായ വിശുദ്ധ ഖുർആൻ സ്വയം തന്നെ ഈ ഗ്രന്ഥത്തെ പോലുള്ള ഒരു ഗ്രന്ഥമോ അല്ലെങ്കിൽ ഏതെങ്കിലും പത്ത് ആയത്തുകളോ കൊണ്ടുവരുവാൻ എതിരാളികളെ പല പ്രാവശ്യം വെല്ലുവിളിക്കുകയുണ്ടായി. അത് കെട്ടിചമച്ച് പറയുന്നതാണെന്ന് ആരോപണമുയർത്തുന്നവരെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു: ***'അത് അവൻ കെട്ടി ചമച്ചതാണെന്ന് അവർ പറയുന്നുവോ?, പറയുക നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ അത്പോലുള്ള പത്ത് അദ്ധ്യായങ്ങൾ നിങ്ങൾ കെട്ടി ചമച്ച് കൊണ്ട് വരിക. അല്ലാഹുവിനെ വിട്ട് ആരെയെല്ലാം സഹായത്തിനായ് ക്ഷണിക്കുവാൻ കഴിയുമോ അവരെയെല്ലാം നിങ്ങൾ ക്ഷണിക്കുകയും ചെയ്തു കൊള്ളുക. എന്നിട്ട് അവർ നിങ്ങൾക്ക് ഉത്തരം നൽകുന്നുവെങ്കിൽ നിങ്ങൾ മനസ്സിലാക്കുക തീർച്ചയായും ഇത് അല്ലാഹുവിന്റെ അറിവോടുകൂടി മാത്രം ഇറക്കപ്പെട്ടതാണെന്നും അവനല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും. അപ്പോൾ നിങ്ങൾ അനുസരണം പുലർത്തുന്നവർ ആയിരുന്നവരാണോ?' (11: 14, 15)*** മറ്റൊരിടത്ത് അല്ലാഹു പറയുന്നു: ***'നമ്മുടെ ദാസന് നാം അവതരിപ്പിച്ചത് സംബന്ധിച്ച് വല്ലവിധത്തിലും നിങ്ങൾ സംശയത്തിലാണെങ്കിൽ ഇതിന് തുല്യമായതിൽ നിന്ന് ഒരദ്ധ്യായം നിങ്ങൾ കൊണ്ടു വരിക. അതിനായി അല്ലാഹുവിന് പുറമേയുള്ള നിങ്ങളുടെ സാക്ഷികളെയും സഹായത്തിനായി കൊണ്ടുവരിക. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അങ്ങനെ ചെയ്യുവാൻ നിങ്ങൾക്കൊരിക്കലും സാധിക്കയില്ല. മനുഷ്യരും കല്ലുകളും വിറകായുള്ള അഗ്നിയെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക.' (2:24)***

വിശുദ്ധ ഖുർആന്റെ ഈ വെല്ലുവിളി ഇപ്പോഴും പ്രസക്തമാണ്. റസൂൽ തിരുമേനി(സ) യുടെ പ്രവചന പ്രകാരം ആഗതനായ വാഗ്ദത്ത മഹ്ദീ മസീഹ് തന്റെ ഉറുദു കവിതയിൽ പറയുകയുണ്ടായി.

***'നിന്റെ ഗ്രന്ഥം മുത്തമിട്ടു കൊണ്ടിരിക്കണമെന്നും വിശുദ്ധ ഖുർആനെ സദാ നേരവും വലയം ചെയ്തുകൊണ്ടിരിക്കണമെന്നുമുള്ളത് എന്റെ ഹൃദയത്തിന്റെ അഭിവാഞ്ചയാണ്.'***

ഇപ്രകാരം ലോകത്തുള്ള ഒരു മനുഷ്യനും ദിവ്യജ്ഞാനത്തിൽ തന്നെ പോലെ ധന്യനാകുകയില്ലെന്ന് അല്ലാഹു അദ്ദേഹത്തെ പ്രത്യേകം അഭിസംബോധന

ചെയ്തു അറിയിക്കുകയുണ്ടായി. അദ്ദേഹം ഇഅ്ജാസെ അഹ്മദി, ഇഅ്ജാസെ മസീഹ് എന്നീ അറബി ഗ്രന്ഥങ്ങൾ എഴുതി. ഇതിൽ പറയപ്പെട്ട വിഷയങ്ങൾ എതിർത്തുകൊണ്ട് അറബി ഭാഷയിൽ തന്നെ ഗ്രന്ഥം രചിക്കുവാൻ തന്റെ എതിരാളികളുടെ ശ്രദ്ധ ഈ രംഗത്തേക്ക് തിരിച്ചുവിട്ടുകൊണ്ട് അദ്ദേഹം വെല്ലുവിളി മുഴക്കുകയുണ്ടായി. അങ്ങനെ ഗ്രന്ഥം എഴുതുകയാണെങ്കിൽ ഇരുപത്തയ്യായിരം രൂപ ഇനാം ആയി നൽകുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. 'അല്ലാഹു തന്റെ എതിരാളികളുടെ തൂലികകളെ ഉടക്കുന്നതായിരിക്കുമെന്നും അല്ലാഹു അവരെ മന്ദബുദ്ധികളും അജ്ഞരും ആക്കി മാറ്റുന്നതാണെന്നും അദ്ദേഹം പ്രഖ്യാപനം നടത്തി.' (ഇജാസെ അഹ്മദി)

അദ്ദേഹത്തിന്റെ ഈ ആഹ്വാനത്തെ സ്വീകരിക്കുവാൻ ആർക്കും സാധിച്ചില്ലെന്നുള്ളത് സത്യമാണ്. ഹദ്റത്ത് അഹ്മദിന് (അ) ഒരേയൊരു രാത്രിയിൽ അറബി ഭാഷയുടെ 40,000 ധാതുമൂലങ്ങൾ (റൂട്ടുകൾ) അല്ലാഹു പഠിപ്പിച്ചു കൊടുത്തു. ഹദ്റത്ത് വാഗ്ദത്ത മസീഹിനുള്ള അറബി ഭാഷാജ്ഞാനം അല്ലാഹു അവിടുത്തെ നേരിട്ട് പഠിപ്പിച്ചതാണെന്ന് അദ്ദേഹം പറയുന്നു. ഇതിനുള്ള ഒരു തെളിവ് സാക്ഷ്യമാണ് ഖുത്ബ ഇൽഹാമിയ്യ. ഇത് സംബന്ധിച് ആത്മീയമായ ഒരു അത്ഭുത പ്രതിഭാസം പ്രത്യക്ഷപ്പെട്ടു. അതായത് 1900 ഏപ്രിൽ 11നു ബലി പെരുന്നാൾ നമസ്ക്കാരത്തിന് ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) സാഹിത്യ സമ്പൂർണവും ചമത്കാരം നിറഞ്ഞ തുമായ അറബി ഭാഷയിൽ ഒരു പ്രഭാഷണം (ഖുത്ബ) നിർവഹിക്കുകയുണ്ടായി. 'ഖുത്ബ ഇൽഹാമിയ്യ' എന്ന പേരിൽ ഇത് പിന്നീട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈദുൽ അദ്ഹാ നമസ്ക്കാരത്തിൽ പങ്കെടുക്കാനായി ബട്ടാല, ഗുരു ദാസ്പൂർ, ലാഹോർ സിയാൽകോട്ട്, പിഷവാർ, റാവൽപിണ്ഡി, കപൂർ ത്തല, പാട്ട്യാല എന്നിവിടങ്ങളിൽ നിന്ന് ധാരാളം ജനങ്ങൾ വന്നിരുന്നു. അറഫ ദിനം പ്രഭാതവേളയിൽ വാഗ്ദത്ത മസീഹ്(അ) ഒരു കത്ത് മുഖേന ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബി (റ) നോട് താൻ ഇന്നത്തെ ദിവസം രാത്രിയിലെ വലിയൊരു ഭാഗം തന്റെ സഹോദരന്മാർക്ക് വേണ്ടി ദുആ ചയ്യുന്നതാണ്, അതുകൊണ്ട് ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാ സഹോദരന്മാരുടെ പേരും വിലാസവും എനിക്ക് എഴുതി അറിയിക്കണമെന്ന് നിർദേശിക്കുകയുണ്ടായി. ഈ നിർദേശമനുസരിച്ച് സഹോദരന്മാരുടെ ഒരു പട്ടിക എഴുതി തയ്യാറാക്കി തിരുമനസ്സിന് അയക്കുകയുണ്ടായി. അന്ന് മഗ്രിബ് ഇശാ നമസ്ക്കാരങ്ങൾ ജംഅ് ആയി നിർവഹിക്കപ്പെട്ടു. അപ്പോൾ ഞാൻ ഇന്നത്തെ ദിവസം രാത്രിയുടെ ഒരു ഭാഗം പ്രാർഥനാനിരതനായിരിക്കുമെന്ന് വാഗ്ദത്ത മസീഹ് അറിയിക്കുകയുണ്ടായി. പിറ്റേന്ന് രാവിലെ മൗലാനാ അബ്ദുൾ കരീം സാഹിബ് (റ) ഹുസൂർ തിരുമനസ്സിനോട് പ്രഭാഷണം നടത്തുവാൻ അപേക്ഷിച്ചു. അല്ലാഹു തന്നെയാണ് തന്നോട് പ്രസംഗിക്കാനുള്ള നിർദേശങ്ങൾ നൽകിയതെന്ന് വാഗ്ദത്ത മസീഹ് പറയുകയുണ്ടായി. രാത്രിയിൽ തനിക്കുണ്ടായ ദിവ്യവെളിപാടിൽ അറബി യിലെ ചില വചനങ്ങൾ സദസ്സിന്റെ മുമ്പാകെ വെക്കണമെന്ന് കൽപ്പിച്ചു. ആ സദസ്സ് ഇത് തന്നെയായിരിക്കുമെന്ന് ഞാൻ കരുതുന്നു. ആ സദസ്സിൽ ഹദ്റത്ത് അഹ്മദ് (അ) ഖുത്ബ വായിക്കുന്നതിനായി ഒരു വിധത്തിലുള്ള തയ്യാറെടുപ്പും ചെയ്തിരുന്നില്ല. വാഗ്ദത്ത മസീഹ് (അ) ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം (റ) സാഹിബിനോടും ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ(റ) സാഹിബിനോടും തന്റെ സമീപത്ത് വന്നിരുന്ന് ഖുത്ബ എഴുതി എടുക്കണമെന്ന് നിർദേശിച്ചു. മഹാപണ്ഡിതന്മാരായ രണ്ട് മൗലാനാമാരും വേണ്ടുന്ന തയ്യാറെടുപ്പിന് ശേഷം ഇനി എഴുതാനുള്ള വചനങ്ങൾ ഉദീരണം ചെയ്യപ്പെടാനായി കാത്തിരുന്നു. ഹുസൂർ ഖുത്ബ ഓതി അവസാനിച്ചപ്പോൾ സദസ്സിൽ അധിക പേരും പ്രസ്തുത പ്രഭാഷണം തർജുമ ചെയ്യണമെന്നാവശ്യപ്പെട്ടു. മൗലാനാ അബ്ദുൾ കരീം സാഹിബ് തർജുമ ചെയ്യുന്നതിനായി എഴുന്നേറ്റപ്പോൾ ഹുസൂർ (അ) ഇപ്രകാരം പറഞ്ഞു:

ഇന്നലെ അറഫായുടെ ദിവസം ഞാൻ ചെയ്ത പ്രാർഥനയുടെ സ്വീകാര്യതയെന്നോണമാണ് ഞാൻ ഈ ഖുതുബ അറബിയിൽ ഓതി അവസാനിപ്പിച്ചത്. പ്രസ്തുത പ്രാർഥനകൾ സ്വീകരിക്കപ്പെട്ടതായി ഗണിക്കേണ്ടതാണെന്ന് അറിയിച്ചു. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് എല്ലാ ദുആകളും സ്വീകരിക്കുകയുണ്ടായി. ഹ: മൗലാനാ അബ്ദുൾ കരീം(റ) സാഹിബ് തർജമ ചെയ്തുകൊണ്ടിരുന്നപ്പോൾ തന്നെ ഹുസൂർ (അ) ആവേശത്തോട് കൂടി നന്ദി പ്രകടനമായി സജ്ദശ്ശുക്കൂർ ചെയ്യുകയുണ്ടായി. വാഗ്ദത്ത മസീഹിനോടൊപ്പം ഏകദേശം 200 ൽ അധികം പേർ സുജൂദശ്ശുക്കൂർ ചെയ്യുകയുണ്ടായി. സുജൂദിൽ നിന്ന് തലയുയർത്തിക്കൊണ്ട് ഹുസൂർ ഇപ്രകാരം പറഞ്ഞു: ഇപ്പോൾ ഞാൻ ചുകന്ന അക്ഷരത്തിൽ മുബാറക്കാബാദ് എന്ന് കാണുകയുണ്ടായി. അതായത് ഇത് ദുആ സ്വീകാര്യതക്കുള്ള അടയാളമാണ്. (മൽഫൂസാത്ത്. വാല്യം 2 പേജ്, 29-31)

വാഗ്ദത്ത മസീഹി(അ)ന്റെ ഒരു സഹാബി ഹദ്റത്ത് മുൻഷി സഫർ സാഹിബ് ഇപ്രകാരം രിവായത്ത് ചെയ്യുന്നു: ഹുസൂർ എഴുന്നേറ്റ് നിന്ന് ലാ ഇബാദല്ലാഹി എന്ന് തുടങ്ങി ഹുസൂർ തൽക്ഷണം അതായത് മുൻകൂർ ഒരു തയ്യാറെടുപ്പും ഇല്ലാതെ സ്ഫുടമായ അറബി ഭാഷയിൽ ഖുത്ബ തുടർന്നു. ഹുസൂർ രണ്ട് മൂന്ന് വചനങ്ങൾ ഉരുവിട്ടപ്പോൾ ഏകദേശം 200 ൽ പരം അംഗങ്ങൾ സന്നിഹിതരായിരുന്ന സദസ്സിൽ ആനന്ദാരിരേകമുള്ള

ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് വിവരിക്കാനാവാത്ത രീതിയിലുള്ള ഒരു അവസ്ഥ സംജാതമായി. സദസ്സിൽ അറബി ഭാഷ അറിയുന്ന വർ കുറച്ചുപേരെ ഉണ്ടായിരുന്നു ള്ളൂ. സദസ്സു മുഴുവൻ ഖുത്ബ കേൾക്കുന്നതിനായി കാതോർത്ത് കൊണ്ട് ലയിച്ചിരിക്കുകയായിരുന്നു. (താരീക്കെ അഹ്മദിയ്യത്ത്, വാല്യം 1 പേജ് 92)

സീറത്തുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഹ: മീർസാ ബശീർ അഹമദ് സാഹിബ് ഇപ്രകാരം വിവരിക്കുന്നു: ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ രൂപത്തിൽ നിന്നും ഭാവത്തിൽ നിന്നും ശൈലിയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത് അദ്ദേഹം ഏതോ ലോകത്ത് നിന്ന് ഇവിടെ വന്ന ദൈവിക മനുഷ്യനാണെന്നും അദ്ദേഹത്തിന്റെ നാവിൽ കൂടി അർശിലെ ദൈവം സംസാരിക്കുകയാണെന്നും തോന്നിപ്പോവും. ഖുത്ബ നടക്കുന്ന നേരം അദ്ദേഹത്തിന്റെ അവസ്ഥയിലും വ്യക്തമായൊരു ഭാവമാറ്റം കാണപ്പെട്ടു. ഓരോ വചനത്തിന്റെയും അവസാനത്തിൽ ആ പുണ്യാത്മാവിന്റെ ശബ്ദം വളരെ നേർത്തതായും ലോലമായും ആകുന്നതായി അനുഭവപ്പെട്ടു. ഖുത്ബ ഓതുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നു. മുഖം വിവർണമാവുകയും അതിൽ നിന്ന് പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുകയുമുണ്ടായി. ഖുത്ബ നടന്നുകൊണ്ടിരിക്കെ ഖുത്ബ എഴുതി ക്കൊണ്ടിരിക്കുന്നവർക്ക് വല്ല പദവും മനസ്സിലാകുന്നില്ലെങ്കിൽ അപ്പോൾ തന്നെ ചോദിക്കേണ്ടതാണ് പിന്നീട് എനിക്ക് തന്നെ മനസ്സിലാക്കാൻ സാധിക്കാതെ വരും എന്നും പറഞ്ഞു. (സീറത്തു മഹ്ദി 3 ാം ഭാഗം പേജ് 90, 91)

ഹദ്റത്ത് വാഗ്ദത്ത മസീഹ് തന്റെ 'ഹഖീഖത്തുൽ വഹിയ്' എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ഖുത്ബയെ കുറിച്ച് ഇപ്രകാരം എഴുതുന്നു: ***'1900 ഏപ്രിൽ 11 ന് ബലി പെരുന്നാളിന്റെ പ്രഭാത വേളയിൽ എനിക്ക് ഇപ്രകാരം ഇൽഹാമുണ്ടായി. ഇന്ന് നിങ്ങൾ അറബിയിൽ പ്രഭാഷണം നടത്തണം. നിങ്ങൾക്ക് അതിനുള്ള ശക്തി നൽകപ്പെടുന്നതായിരിക്കും. അപ്പോൾ ഒരു ഇൽഹാമും കൂടെ ഉണ്ടായി. 'കലാമുൻ ഉഫ്സിയത്ത് മിൻ ലദുൻ റബ്ബിൽ കരീം' അതായത് 'ഈ കലാമിൽ അല്ലാഹുവിൽ നിന്ന് വാക്ചാതുര്യവും സംസാര പാടവവും നൽകപ്പെട്ടിരിക്കുന്നു. അപ്പോൾ ഞാൻ പെരുന്നാൾ നമസ്ക്കാരത്തിന് ശേഷം അറബി ഭാഷയിൽ ഖുത്ബ നിർവഹിക്കുന്നതിനായി എഴുന്നേറ്റു നിന്നു. അപ്പോൾ അദൃശ്യമായൊരു ശക്തി എനിക്ക് നൽകപ്പെടുകയുണ്ടായി. അല്ലാഹു അറിയുന്നു. സാഹിത്യ സമ്പൂർണവും സമ്പുഷ്ടവുമായ വചനങ്ങൾ പെട്ടെന്ന് എന്റെ വായിൽ നിന്ന് പുറപ്പെട്ടുകൊണ്ടിരുന്നു. ഇത് എന്റെ ശക്തിക്കതീതമായ കാര്യമായിരുന്നു. ഒരു മഹദ് ഗ്രന്ഥത്തിലെ പല ഭാഗങ്ങൾ ഉൾപ്പെട്ടിരുന്ന ഈ പ്രഭാഷണം ഒരു വിധത്തിലുള്ള കുറിപ്പോ സജ്ജീകരണങ്ങളോ ഇല്ലാതെ ആർക്കും തന്നെ ഈ ലോകത്ത് ദൈവികമായ വെളിപാടില്ലാതെ പ്രസ്താവിക്കുക എന്നത് അസംഭവ്യമാണ്. ഇത് ഖുത്ബ ഇൽഹാമിയ്യ എന്ന് നാമകരണം ചെയ്യപെട്ടു. ജനങ്ങളുടെ മുമ്പാകെ വെച്ചപ്പോൾ അവിടെ 200 ൽ പരം ആളുകൾ സന്നിഹിതരായിരുന്നു. (സുബ്ഹാനല്ലാഹ്) ആ സമയത്ത് അദൃശ്യമായ ഒരു തെളിനീരുറവ് തുറന്ന് വിട്ടത് പോലെ ആയിരുന്നു. ഞാനാണോ സംസാരിക്കുന്നത് അല്ലെങ്കിൽ എന്റെ നാവിൽ കൂടി ഒരു മലക്ക് സംസാരിക്കുന്നതാണോ എന്നെനിക്കറിയില്ല. കാരണം ഈ വചനങ്ങളിൽ എനിക്കൊരു പങ്കുമില്ല എന്ന് ഞാൻ അറിയുന്നു. സ്വയം ഉണ്ടാക്കപ്പെട്ട വചനങ്ങൾ എന്റെ നാവിൽ കൂടി പുറപ്പെട്ടുകൊണ്ടിരിന്നു. ഇങ്ങനെ ഓരോ വചനവും എന്നെ സംബന്ധിച്ചിടത്തോളം ഒരടയാളം ആയിരുന്നു. ആത്മീയ ജ്ഞാന സമ്പന്നമായ മുഅ്ജിസത്ത് ആയി അതുപോലുള്ള ഒരു ഉദാഹരണം ആർക്കും തന്നെ തരുവാൻ സാധ്യമല്ല'(ഹഖീഖത്തുൽ വഹ്യ് 362- 362)***


ചുരുക്കത്തിൽ ഖുത്ബ ഇൽഹാമിയ്യ എന്ന പ്രഭാഷണം ആത്മീയ നഭോമണ്ഡലവുമായി ബന്ധപ്പെട്ട ഒരത്ഭുത പ്രതിഭാസമായിരുന്നു. ഈ ഗ്രന്ഥത്തിന്റെ താളുകളിൽ ജിഹാദിന്റെ യാഥാർഥ്യം സൂര്യചന്ദ്രഗ്രഹണം, ദജ്ജാലിന്റെ ആവിർഭാവം, യഅ്ജൂജ് മഅ്ജൂജിന്റെ ആഗമനം, തുടങ്ങി ധാരാളം ദൃഷ്ടാന്തങ്ങൾ അടങ്ങിയിരുന്നു. ഉമ്മത്തെ മുഹമ്മദിയ്യ ഖിലാഫത്തിന്റെ സ്ഥാപനം, ബനീ ഇസ്റായിൽ നിന്നും ബനീ ഇസ്മായിലിലേക്കുള്ള നുബൂവ്വത്തിന്റെ പ്രയാണം, ഈസാ നബി (അ)യുടെ പിതാവില്ലാതെയുള്ള ജനനം, അതിന്റെ തത്ത്വം ഈസാ നബി(അ) യും മുഹമ്മദ് നബി (സ) തമ്മിലുള്ള താരതമ്യം, സൂറ തക്വീറിൽ പറഞ്ഞിട്ടുള്ള അവസാന കാലത്തെ അടയാളങ്ങൾ, വഫാത്തെ മസീഹ്, നുസൂലെ മസീഹ്, ഖത്മെ നുബൂവ്വത്ത് കീ ഹഖീഖത്ത് എന്നിവ തന്റെ സത്യത്തിനുള്ള സാക്ഷ്യങ്ങളാണെന്നും അല്ലാഹു തന്നെ അഭിസംബോധന ചെയ്തുകൊണ്ട് അൽ ഖൈറു കുല്ലുഹിൽ ഖുർആനി എല്ലാ വി ധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട് എന്ന് അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായി. സത്യവും ഇത് തന്നെയാണ്. അതിന് മേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം ഹദ്റത്ത് അഹ്മദ് (അ) എഴുതുന്നു. ***'നിങ്ങളുടെ സകല വിജയങ്ങളുടെയും മോക്ഷത്തിന്റെയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരു ആവശ്യവും വിശുദ്ധ ഖുർആനിൽ കാണാത്തതായി ഇല്ല. പുനരുത്ഥാന നാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാണ്. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നൽകാൻ***

ശേഷം പേജ് 42 ൽ

# റിച്ചാർഡ് ഡ്വാക്വിൻസ് വിമർശിക്കപ്പെടുന്നു – 3

ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും ലോകപ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്വിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ ഉയർത്തിയ അനിഷേധ്യമായ വിമർശനത്തിന്റെ രണ്ടാം ഭാഗം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)



വവ്വാലുകളെ കൂടാതെ, മൂങ്ങ, ഡോൾഫിൻ മുതലായ ജീവികൾ കൂരിരുട്ടിൽ കാണാനും കേൾക്കാനുമുള്ള ഉന്നതമായ സാങ്കേതിക വിദ്യ ആർജിച്ച ജീവികളാണ്. അതിനെ കൂടാതെ പരിമിതമായ വൃത്തത്തിൽ പരിസരത്തെ സംബന്ധിച്ച അറിവ് ആർജിക്കാൻ അവക്കുള്ള സാങ്കേതികോപാധികൾ മനുഷ്യനേക്കാളും മനുഷ്യൻ നിർമിച്ച യന്ത്രങ്ങളേക്കാളും മികച്ചതാണ്. ചില ഉദാഹരണങ്ങൾ നോക്കുക.

വളരെ കൗതുകകരമായ ഒരു കാര്യം, ചില പാമ്പുകൾ പൂർണമായും അൾട്രാവയലറ്റ് താപരശ്മികൾ കൊണ്ടാണ് കാര്യങ്ങൾ ഗ്രഹിക്കുന്നത്. അത് അവക്ക് പരിസരത്തെക്കുറിച്ച് ഏറ്റവും തീക്ഷ്ണമായ അറിവാണ് പകരുന്നത്. എങ്കിലും പാമ്പിന്റെ ഈ സിദ്ധി തികച്ചും ഒരു പ്രത്യേക പ്രവർത്തനം നിർവഹിക്കാൻ വേണ്ടി മാത്രമുള്ളതാണ്. പാമ്പുകൾ ഏറ്റവും മികച്ച അൾട്രാസോണിക് ഇൻഫ്രാറെഡ് ഉപാധികളുടെ സജ്ജീകരണമുള്ള ജീവികളാണ്. ചില പ്രത്യേക വർഗത്തിൽപ്പെട്ട പാമ്പുകൾക്ക് നാസാദ്വാരത്തിനും കണ്ണിനുമിടയിൽ അത്യധികം സംവേദനക്ഷമതയുള്ള ഒരു സ്വീകരണിയുണ്ട്. സൂചി ദ്വാര ക്യാമറ പോലെയുള്ള അതിന്റെ ദ്വാരത്തിലൂടെ ഇൻഫ്രാറെഡ് ഉദ്ദീപനങ്ങൾ പ്രേഷണം ചെയ്യുന്നു. ഈയൊരു ദ്വാരം ഏതാനും മില്ലിമീറ്റർ വലിപ്പമേയുള്ളൂ. ഇതിലൂടെയാണ് സ്വീകരണിയിലേക്ക് ഇൻഫ്രാറെഡ് കിരണങ്ങൾ പ്രേഷണം ചെയ്യുന്നത്. അത്യധികം സംവേദന ശേഷിയുള്ള അതിന് 0.003 ഡിഗ്രി സെൽഷ്യസ് വരെ താപം തിരിച്ചറിയാൻ സാധിക്കും. അത്തരം താപമാറ്റങ്ങളോട് മുപ്പത്തഞ്ച് മില്ലി സെക്കന്റിനകം പാമ്പിന് പ്രതികരിക്കാൻ കഴിയും. ഈ വേഗം മനുഷ്യ നിർമിതമായ ആധുനിക ഉപകരണങ്ങളെക്കാൾ നൂറുക്കണക്കിന് ഇരട്ടി അധികമാണ്.

കമ്പനങ്ങളെ സംവേദിച്ചറിയാൻ പാറ്റകൾക്കുള്ള കഴിവ് വളരെയധികമാണ്. തൻമാത്ര ദൂരം അളക്കുന്നയത്ര സൂക്ഷ്മമായ അളവുകൾക്ക് യോജിച്ച ചെറിയ അളവ് കമ്പനങ്ങൾ പോലും അതിന് തിരിച്ചറിയാനാവും. ഹൈഡ്രജൻ ആറ്റത്തിന്റെ രണ്ടായിരം ഇരട്ടി വരുന്ന ചലനങ്ങൾ പാറ്റക്ക് ഗ്രഹിക്കാനാവും. അതായത് തികച്ചും അമ്പരിപ്പിക്കുന്നയത്ര അതിസൂക്ഷ്മമായ ചലനമാത്രകൾ പോലും ഒരു പാറ്റക്ക് തിരിച്ചറിയാനാവും. മനുഷ്യനേത്രങ്ങൾക്ക് ഒരു ഹൈഡ്രജൻ ആറ്റത്തെ തിരിച്ചറിയണമെങ്കിൽ അതിനെ ഏകദേശം 400,000,000,000,000,000,000 ഇരട്ടി വലുതാക്കേണ്ടതുണ്ട്. ഏതെങ്കിലും വായനക്കാരൻ ഇത് വായിക്കാൻ ശ്രമിക്കുകയാണെങ്കിൽ ലക്ഷം കോടി ഒന്നാം സ്ഥാനത്ത് വരികയും തുടർന്ന് 18 പൂജ്യം ഉണ്ടാവുകയും ചെയ്യുന്ന സംഖ്യയാണത്. ഈ സംഖ്യ വായിക്കാൻ ശ്രമിക്കു

ന്നത് നിഷ്ഫലമായ പ്രവർത്തിയായിരിക്കും.

വളരെയേറെ ഭഗീരഥയത്നങ്ങൾക്ക് ശേഷമാണ് കടലിലുണ്ടാകുന്ന കാന്തിക വ്യതിയാനങ്ങൾ (Magnetic Variations) രേഖപ്പെടുത്താൻ ശാസ്ത്രജ്ഞൻമാർക്ക് സാധിച്ചത്. ഈ കാന്തിക വ്യതിയാനങ്ങൾ ഉപയോഗപ്പെടുത്തിയാണ് തിമിംഗലങ്ങൾ കടലിൽ സഞ്ചരിക്കുന്നത്. തിമിംഗലങ്ങൾ എങ്ങനെയാണ് ഈ കാന്തിക വ്യതിയാനങ്ങൾ കണ്ടുപിടിക്കുന്നതെന്നും അത് തന്റെ സൗകര്യത്തിനായി ഉപയോഗപ്പെടുത്തുന്നതെന്നും ശാസ്ത്രജ്ഞൻമാർക്ക് ഇതുവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ലായിരുന്നു. ഡാർവിൻ സിദ്ധാന്തങ്ങൾ ഉപയോഗപ്പെടുത്തുകയാണെങ്കിൽ എത്രയെളുപ്പത്തിൽ കാര്യങ്ങൾ പരിഹരിക്കാമായിരുന്നുവെന്ന് ഡാകിൻസിന് ആ ശാസ്ത്രജ്ഞൻമാർക്ക് വിവരിച്ചു കൊടുക്കുക്കാമായിരുന്നു. പക്ഷേ ശാസ്ത്രജ്ഞൻമാർക്ക് അദ്ദേഹത്തോടൊപ്പം വളരെ ക്ഷമിച്ചു കഴിയേണ്ടി വരും. കാരണം അദ്ദേഹത്തിന്റെ ശകല സിദ്ധാന്തം വിവരിച്ചു തീരണമെങ്കിൽ ഒരു ആയുഷ്ക്കാലം വേണ്ടി വരും. വിവരിച്ചാൽ തന്നെ ആ സിദ്ധാന്തം തുടക്കത്തിലെ പോലെ ഒടുക്കത്തിലും ദുരൂഹമായി അവശേഷിക്കും.

താറാവിന്റെ കൊക്കുള്ള പ്ളാറ്റിപ്പസിന് വൈദ്യുതി പ്രവാഹം സംവേദിച്ചറിയാനുള്ള അസാമാന്യമായ കഴിവുണ്ട്. ഒരു സെന്റിമീറ്ററിലെ അഞ്ഞൂറ് ദശലക്ഷത്തിലൊന്ന് വോൾട്ട് (Volt) തിരിച്ചറിയാൻ അതിന് സാധിക്കും. ഏറ്റവും അത്യാധുനികമായ വൈദ്യുതോപകരണങ്ങൾക്ക് വരെ അപ്രാപ്യമാണ് ഈ പ്രവർത്തനക്ഷമത. ഒരു ചെമ്മീനിന്റെ വാലിന്റെ ഒരു ചെറു ഞെട്ടൽ ഉൽപ്പാദിപ്പിക്കുന്ന ഒരു സെന്റി മീറ്റർ ചതുരത്തിലെ ആയിരത്തിലൊന്ന് വോൾട്ട് കൂടി തിരിച്ചറിയാൻ പ്ളാറ്റിപ്പസിന് യാതൊരു പ്രയാസവുമില്ല. സ്രാവിനും, താരാ മത്സ്യ(Ray)ത്തിനും വിശ്രമിക്കുന്ന ഇരയെ പോലും അവയുടെ ശ്വസന വേളയിൽ പേശികൾ ഉൽപാദിപ്പിക്കുന്ന വൈദ്യുതി തിരിച്ചറിഞ്ഞു കണ്ടെത്താൻ കഴിയും. കടൽത്തറയിലെ അവക്ഷിപ്തങ്ങൾക്കിടയിൽ അവ ഒളിച്ചിരുന്നാൽ പോലും സ്രാവിനും താരാമത്സ്യത്തിനും അവയെ കണ്ടെത്താനാവും.

ഇരതേടുന്ന പക്ഷികൾക്ക് രണ്ട് വട്ടത്തിലുള്ള ഫോവിയയും ഒരു തുണ്ടും (Strip) ഓരോ കണ്ണിലുമുണ്ടാകും. അതിന്റെ ഘടനയും സ്ഥാനവും ഒരു ടെലിഫോട്ടോ ലെൻസുപോലെ പ്രവർത്തിക്കാൻ പക്ഷിയുടെ കണ്ണിനെ പ്രാപ്തമാക്കുന്നു. പ്രതിബിംബത്തെ നിരവധി ഇരട്ടിയോളം വലുതാക്കി കാണിക്കാൻ ഇത് മൂലം സാധ്യമാവും. കഴുകന് 2000 മീറ്ററിലധികം ഉയരത്തിൽ പറന്ന് ഭൂമി അനേകം കിലോമീറ്ററുകളോളം സർവേ ചെയ്യാൻ സാധിക്കുന്നു. മറഞ്ഞിരിക്കുന്ന ഇരയെ പോലും കഴുകന് തന്റെ കണ്ണുകൾ കൊണ്ട് തിരിച്ചറിയാൻ സാധിക്കും.

കവച ജന്തുക്കളിൽപ്പെട്ട കോപിലിയ (Crustacean Copilia) എന്ന ജീവിക്ക് അവിശ്വസനീയമായ രണ്ട് കണ്ണുകളുണ്ട്. അതിന്റെ ലെൻസ് ഉപയോഗിച്ച് ഒരു ഇമേജ് സൃഷ്ടിക്കുന്നു. ആ ഇമേജിനെ രണ്ടാമതൊരു ചലിക്കുന്ന ലെൻസ് കൊണ്ടും റെറ്റിന കൊണ്ടും സ്കാൻ ചെയ്യുന്നു.

റെറ്റിനയിൽ വെളിച്ചം കണ്ടെത്തുന്നതിന് ഒൻപത് ഉപാധികൾ മാത്രമേ ഉള്ളൂ. എന്നാൽ ഓരോ സെക്കന്റിലും പത്ത് തവണയോളം ഇമേജിന്റെ സ്കാനിങ്ങ് നടക്കുന്നു. ഓരോ തവണയും ഓരോ തരത്തിലുള്ള ചിത്രങ്ങൾ അതിന് നിർമിച്ചെടുക്കാനുമാവുന്നു.

ഒരു ഇലക്ട്രിക്ക് ഈൽ മത്സ്യത്തിന്റെ വാലിൽ 10,000 ചെറിയ ഇലക്ട്രിക്ക് അവയവങ്ങളുണ്ട്. അത് 70 കോളങ്ങളിലായിട്ടാണ് അറെയ്ഞ്ച് ചെയ്തിരിക്കുന്നത്. മത്സ്യത്തിന്റെ പകുതി ഭാഗവും വൈദ്യുതി ഉത്പാദനത്തിനു വേണ്ടി നീക്കി വെച്ചിരിക്കുകയാണ്. ഇത് അവക്ക് അവിശ്വസനീയമായ രീതിയിൽ 550 വാൾട്ട് വൈദ്യുതി ഉൽപാദനം സാധ്യമാക്കി തീർക്കുന്നു. വാസ്തവത്തിൽ അത്ര അളവ് വൈദ്യുതി കൊണ്ട് ഒരു മനുഷ്യനെ കൊല്ലാൻ സാധിക്കും.

ക്വിൻസിന്റെ പാണ്ഡിത്യം നിറഞ്ഞ ശ്രദ്ധയെ ഞങ്ങൾ ഈ യാഥാർത്ഥ്യത്തിലേക്ക് ആദരപൂർവം ക്ഷണിക്കുന്നു. അതാകട്ടെ ശാസ്ത്രജ്ഞൻമാർ ഇതുവരെ അറിഞ്ഞു കഴിഞ്ഞ യാഥാർഥ്യങ്ങളിൽ ചിലത് മാത്രമാണ്. നമുക്ക് അദ്ദേഹത്തോട് അഭ്യർഥിക്കാനുള്ളത് ബാലിശമായ കമ്പ്യൂട്ടർ കളികളിൽ അദ്ദേഹത്തിന്റേയും വായനക്കാരുടേയും സമയം കളയരുതെന്നാണ്. എന്ത്കൊണ്ട് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ യഥാർഥ ജീവിതത്തിൽ പ്രയോഗിക്കുന്നില്ല. മേൽ വിവരിച്ച പ്രകൃതിയുടെ ഈ വിചിത്ര ജീവികളെ അവയുടെ സങ്കീർണ സങ്കേതങ്ങളോടു കൂടി പ്രകൃതി നിർദ്ധാരണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം വിശദീകരിച്ചെങ്കിൽ അതായിരിക്കും ഏറ്റവും ബുദ്ധിപരവും ഏറെ ബോധ്യം നൽകുന്നതും. അദ്ദേഹത്തിന് പൂർവഗാമികളായ ജീവികളുടെ ക്രമാനുഗതമായ ഫോസിലുകൾ തേടി അലയേണ്ട ആവശ്യമില്ലായിരുന്നു. മേൽ പ്രസ്താവിച്ച ജീവിക്കുന്ന എട്ട് അത്ഭുതങ്ങളിലും അതിന്റെ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ചെയ്യേണ്ടത്. ആ ദുർഭരമായ പ്രവൃത്തിയിൽ അദ്ദേഹത്തോടൊപ്പം ഞങ്ങളും പങ്കുചേരാം.ജീവികളുടെ സങ്കീർണമായ ഘടകങ്ങളും ഭാഗങ്ങളും എങ്ങനെയാണ് അത്തരത്തിൽ സങ്കീർണമായ രീതിയിൽ സംയോജിപ്പിക്കപ്പെട്ടതെന്ന് അദ്ദേഹം ലോകത്തിന് ഒന്നു കാണിച്ചു കൊടുക്കട്ടെ. ഓരോ ചുവടു വെപ്പും അന്ധമായ

ഡാർവീനിയൻ നിയമത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നീതീകരിക്കപ്പെടേണ്ടത്. ആ കൃത്യം നിർവഹിച്ചതിന് ശേഷം അദ്ദേഹത്തിന് മറ്റൊരു ജോലി ചെയ്തുതീർക്കേണ്ടതുണ്ട്. ഓരോ ഘടകവും അത്തരത്തിൽ ഡാർവിൻ സിദ്ധാന്തത്തിന്റെയടിസ്ഥാനത്തിൽ വിശദീകരിക്കപ്പെടേണ്ടതുണ്ട്. കാരണം ഈ ഘടകങ്ങൾ പല വിധ ഉപവിഭാഗങ്ങളായി വീണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു. അവ നിർമിച്ചിരിക്കുന്ന പദാർത്ഥമേത്. ഓരോ ഭാഗങ്ങളും പൂർണമായും നിർമിക്കപ്പെട്ട ജീവികളുടെ നിർമാണത്തിൽ കൂട്ടായും ഒറ്റതിരിഞ്ഞും നിർവഹിച്ച പങ്കെന്താണ് എന്നും വിശദീകരിക്കപ്പെടേണ്ടതുണ്ട്.

അവസാനം ആ ജീവികളുടെ അവയവങ്ങൾ നിർമിക്കാനാവശ്യമായ വസ്തുക്കളുടെ ലഭ്യതയും അവയുടെ സ്വഭാവവും ഇപ്രകാരം തന്നെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. ആരാണ് ആ പദാർത്ഥങ്ങൾ അലക്ഷ്യമായി സൃഷ്ടിച്ചത്? എങ്ങനെയാണ് മതിയായ ഫാക്റ്ററികളില്ലാതെ അവ നിർമിക്കപ്പെട്ടത്? അങ്ങേയറ്റം സൂക്ഷ്മമായ സാങ്കേതിക ജ്ഞാനം ആവശ്യമുള്ള ആ ഫാക്റ്ററി ആരാണ് നിർമിച്ചത്? കാറ്റിന്റേയും കടൽ കാറ്റിന്റേയും വിശാലതയിൽ എങ്ങനെയാണ് അത്തരം ഫാക്റ്ററികൾ യാതൊരു തകരാറും ബുദ്ധിമുട്ടുമില്ലാതെ അതിജീവിച്ചത്? അത്തരം വസ്തുക്കൾ കൃത്യമായ സമയത്ത് ജീവികളുടെ സൃഷ്ടിപ്പിനായി എങ്ങനെ സ്വയം സേവനത്തിന് തയ്യാറായി വന്നു? ഈ യാഥാർഥ്യ പൂർണവും ലളിതവുമായ കാര്യങ്ങളാണ് ഡാകിൻസ് വിശദീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. അദ്ദേഹം ജൈവിക നിഗൂഢതകളുടെ യാഥാർഥ്യങ്ങളുമായി ഏറ്റു മുട്ടേണ്ടതുണ്ട്. അത് ജൈവ രൂപാന്തരീകരണത്തിന്റെ (Biomo rphosis) ലോകത്തേക്കാൾ ഏറ്റവും നിഗൂഢാത്മകവും എന്നാൽ, യാഥാർഥ്യവുമാണ്. ജീവന്റെ നിഗൂഢതകൾ അത് സ്വയം നിലനിൽക്കുന്ന രൂപത്തെ ആധാരമാക്കി ഡാകിൻസ് വിശദീകരിച്ചു തരണമെന്ന് അദ്ദേഹത്തെ നല്ലത് പോലെ ഉപദേശിക്കേണ്ടതുണ്ട്. ഞങ്ങൾക്ക് നിർദേശിക്കുവാനുള്ളത് ഹ്രസ്വമായ തോതിൽ ഞങ്ങൾ എട്ടാമത്തെ അത്ഭുതമായി ഉൾപ്പെടുത്തിയ ഇലക്ട്രിക്ക് മത്സ്യത്തെ പറ്റി പ്രതിപാദിച്ചു കൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ ഈ പ്രവർത്തനം തുടങ്ങേണ്ടതെന്നാണ്.

ഇലക്ട്രിക് മത്സ്യം അതിന്റെ വൈദ്യുത മണ്ഡലം ഉപയോഗിക്കുന്നത് അതിന് സഞ്ചരിക്കാനുള്ള ഒരു സഹായോപാധി എന്ന നിലക്കാണ്. ഈ മത്സ്യത്തിന് ചുറ്റും അതിന്റെ ശരീരം മുഴുവൻ വലയം ചെയ്തു കൊണ്ട് നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു വൈദ്യുതമണ്ഡലമുണ്ട്. ഏതെങ്കിലും ഒരു വസ്തു മത്സ്യത്തിന്റെ പരിസരത്തേക്ക് വരുമ്പോൾ ആ വസ്തു മത്സ്യത്തെ വലയം ചെയ് തിരിക്കുന്ന വൈദ്യുത പ്രവാഹത്തിന്റെ വോൾട്ടേജിൽ മാറ്റങ്ങളുണ്ടാക്കുന്നു. വോൾട്ടേജിൽ വരുന്ന ഈ വ്യതിയാനം ഇലക്ട്രിക്ക് മത്സ്യത്തിന്റെ സഞ്ചാര ദിശക്ക് സഹായകരമായി തീരുകയും ചെയ്യുന്നു. അത്ഭുതകരമായ ഈ സഞ്ചാര സംവിധാനം മത്സ്യങ്ങളേയും ഇരകളേയും തടസ്സങ്ങളേയും ശത്രുവിനേയും തിരിച്ചറിയാൻ സാധിക്കുന്നു. ഇലക്ട്രിക് മത്സ്യത്തിന്റെ വൈദ്യുത പ്രവാഹ പരിസരത്തേക്ക് യാതൊരു വസ്തുവും വരാതിരിക്കുന്നിടത്തോളം അത് വളരെ അയഞ്ഞ അവസ്ഥയിലായിരിക്കും. അതുകൊണ്ട് ഊർജം പാഴാവുന്നില്ല. ഏതെങ്കിലും ഒരു വസ്തു ഈ മത്സ്യത്തിന്നരികിലേക്ക് വരികയാണെങ്കിൽ മത്സ്യത്തിന്റെ വോൾട്ട് മീറ്ററിലേക്ക് ഒരു സിഗ്നൽ അയക്കപ്പെടുന്നു. അത് ഈ വൈദ്യുത പ്രവാഹത്തിന്റെ വോൾട്ടേജ് പെട്ടെന്ന് വർധിപ്പിക്കുന്നു. ഉന്നത തീവ്രതയിലുള്ള ഇത്രയധികം വോൾട്ടേജിന് ഒരു മനുഷ്യനെകൊല്ലാൻ സാധിക്കും. ആഴം കുറഞ്ഞ വെള്ളത്തിൽ ഒരു കുതിരയെ വീഴ്ത്താനും സാധിക്കും.

പ്രകൃതിനിർദ്ധാരണത്തിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ഏറെ ഇഷ്ടപ്പെടുന്ന ശകലം ശകലമായുള്ള വികാസസിദ്ധാന്തത്തിലൂടെയോ ഇത്തരത്തിലുള്ള സങ്കീർണവും നിഗൂഢാത്മകവുമായ ഒരു വ്യവസ്ഥ ഉയർന്നു വരാൻ സാധ്യതയില്ല. ഈ വസ്തുത ഗ്രഹിക്കുന്നതിൽ നിന്ന് ഡാകിൻസ് പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഈ ശകലമായുള്ള മാറ്റം എവിടെ നിന്നാണ് ഉത്ഭവിക്കുന്നതെന്ന ചിന്ത അദ്ദേഹം നിറുത്തുന്നില്ലേ? എങ്ങനെയാണ് ഒരു ജീവിയിൽ ഒരു അന്യമായ വ്യതിയാനം, അതിനെ സംരക്ഷിക്കപ്പെടുന്ന യാതൊരു ഉപാധിയുമില്ലാതെ പരിരക്ഷിക്കപ്പെടുന്നത്? ഇലക്ട്രിക്ക് മത്സ്യത്തെ പറ്റിയുള്ള പഠനം ബോധപൂർവം പ്രവർത്തിക്കുന്ന ഒരു സ്രഷ്ടാവിന്റെ അസ്തിത്വത്തെക്കുറിച്ച് ഏറ്റവും നല്ല ഉദാഹരണമാണ് നൽകുന്നത്. എങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുകയും അത് പ്രവർത്തിക്കുകയും ചെയ്യുന്നത് എന്നതിനെ പറ്റി അത്തരത്തിലുള്ള ഒരു സ്രഷ്ടാവിന് അഗാധമായ ജ്ഞാനം ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. ഞങ്ങൾ ചോദിക്കുന്നത്, വൈദ്യുതി പ്രവാഹത്തിന് വെള്ളത്തിൽ വളരെ നിഗൂഢാത്മകമായി പ്രവർത്തിക്കാൻ കഴിയുമെന്ന ആശയത്തിനനുസൃതമായി മത്സ്യത്തിലെ ആദ്യത്തെ മാറ്റങ്ങൾ എവിടെ നിന്നാണ് ആരംഭിച്ചത്? എങ്ങനെയാണ് ആ ആശയം ഉരുത്തിരിഞ്ഞത്? വൈദ്യുത മത്സ്യത്തിന്റെ പേശികൾ ഒരു പ്രത്യേക രീതിയിൽ സീരീസ് കണക്ഷനിൽ (Series Connection) ക്രമീകരിച്ചു കൊണ്ട് പെട്ടെന്ന് പിരിമുറുക്കം കൊള്ളുകയും എന്നിട്ട് അവ ഓരോന്നും വളരെ പരിഷ്കൃതമായ വൈദ്യുതോപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് പോലെ വിദ്യുത് പ്രവാഹങ്ങളെ ഏകോപിപ്പിച്ച് ഉന്നത വോൾട്ടേജിലുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന

തുമെങ്ങനെ? മറ്റൊന്ന്, വൈദ്യുതി മത്സ്യത്തിന്റെ പേശികൾ സമാന്തര മായി (Parallel) നിൽക്കുകയാണെ ങ്കിൽ ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുതി ആഘാതത്താൽ പേശി കൾക്ക് നാശമുണ്ടാകുമായിരുന്നു. മേൽ പരമാർശിച്ചതു പ്രകാരം സീരിസ് കണക്ഷനിലൂടെയാണ് അവയുടെ ശരീരം കേടുപാടുക ളൊന്നുമേൽക്കാതെ രക്ഷിക്കപ്പെടു ന്നത്. ഡാകിൻസ് പറയുന്നു:

മത്സ്യത്തിന്റെ ശരീരം തീരെ അയവില്ലാത്തതാണെന്ന കാര്യം വളരെ പ്രധാനപ്പെട്ടതാണ്. മറ്റു മത്സ്യങ്ങളുടെ ശരീരം വളയുകയും പുളയുകയും ചെയ്യുമ്പോഴുണ്ടായേ ക്കാവുന്ന ശരീരത്തിന്റെ വക്രീകര ണങ്ങളുമായി വൈദ്യുതി മത്സ്യ ത്തിന്റെ കമ്പ്യൂട്ടറിന് പൊരുത്തപ്പെ ടാൻ സാധ്യമാവില്ല.

യുക്തിയും സാമാന്യ ജ്ഞാനവും ഇവിടെ ഒരു മുഖ്യ ചോദ്യം ഉയർത്തുന്നു. മാറ്റങ്ങളു മായി പൊരുത്തപ്പെടുവാൻ വൈദ്യുതി മത്സ്യത്തിന് കഴിവില്ലെ ങ്കിൽ എങ്ങനെയാണ് അതിൽ ആദ്യത്തെ മാറ്റങ്ങളുണ്ടായത്? അദ്ദേഹം വീണ്ടും തുടരുന്നു.

..........അതിന് ഒരു വില നൽകേണ്ടി വന്നിട്ടുണ്ടായിരുന്നു. പാമ്പ് പുളയുന്നത് പോലെ ശരീരം മുഴുവൻ ചലിപ്പിച്ചു കൊണ്ടുള്ള മത്സ്യത്തിന്റെ സാധാരണഗതിയി ലുള്ള നീന്തലാണ് അതിന് ഉപേക്ഷി ക്കേണ്ടി വന്നത്. ശരീരത്തെ ഇരുമ്പു ലക്ക പോലെ അയവില്ലാത്തതാക്കി കൊണ്ടാണ് അവർ ഈ പ്രശ്നം പരിഹരിച്ചത്.

പ്രശ്നം പരിഹരിച്ച അവർ ആരാണ്? ഡാകിൻസ് ഇത് പറയാതെ വിടുകയായിരുന്നു. മത്സ്യം സ്വയം തന്നെ ഈ പ്രശ്നം പരിഹരിച്ചുവോ? അവ ചെയ്തില്ലെ ങ്കിൽ പിന്നെ അവർക്ക് വേണ്ടി ആരാണ് അത് ചെയ്തത്? ശകല സിദ്ധാന്തമനുസരിച്ച് ഇലക്ട്രിക് മത്സ്യത്തിന്റെ രൂപാന്തരീകരണ ത്തിലെ പ്രാഥമിക ഘട്ടങ്ങൾ നാം നോക്കി ക്കണ്ടത് പോലെ ഒരു പോർത്ത്ഹോളിലൂടെ മുഴുവൻ വ്യവസ്ഥയും കാണുവാനാരംഭി ക്കുന്നു. ഡാകിൻസ് വിവരിക്കു ന്നു:

മത്സ്യത്തിന്റെ കൊച്ചു വാൾട്ട് മീറ്റർ ഓരോ 'പോർത്ത്ഹോളി'ൽ നിന്ന് വോൾട്ടേജ് നിരീക്ഷിക്കുന്നു... ഏതെങ്കിലും വസ്തുക്കൾ, ഒരു പാറയോ, മറ്റെന്തെങ്കിലും ഭക്ഷ്യ വസ്തുക്കളോ മത്സ്യത്തിനരികെ ഒരു തടസ്സമായി പ്രത്യക്ഷപ്പെടുക യാണെങ്കിൽ മത്സ്യത്തിൽ നിന്ന് പ്രവഹിക്കുന്ന വൈദ്യുത രേഖക ളിൽ അത് വന്നുമുട്ടുകയും അതിൽ വ്യതിയാനങ്ങളുണ്ടാക്കുകയും ചെയ്യുന്നു. ഇത് പോർത്ത്ഹോളിലെ വോൾട്ടേജിൽ മാറ്റങ്ങളുണ്ടാക്കു കയും അതാത് വാൾട്ട് മീറ്ററുകളിൽ അത് രേഖപ്പെടുത്തുകയും ചെയ്യു ന്നു. കമ്പ്യൂട്ടർ തിയറിയനുസരിച്ച് എല്ലാ പോർത്ത്ഹോളിലേയും വോൾട്ട് മീറ്ററുകളിൽ രേഖപ്പെടു ത്തിയ വോൾട്ടേജ് പരിശോധിച്ചു കൊണ്ട് മത്സ്യത്തിനടുത്ത് വന്ന വസ്തുവിന്റെ പാറ്റേണുകൾ ഗണി ച്ചെടുക്കുന്നു. *ഇതാണ് വ്യക്തമായും മത്സ്യത്തിന്റെ മസ്തി ഷ്ക്കം നിർവ ഹിക്കുന്നത്.*

എന്തുകൊണ്ട് മത്സ്യത്തിന്റെ മസ്തിഷ്ക്കം അത്ഭുതകരമായ ഈ ഇലക്ട്രോണിക്ക് എഞ്ചിനീയറിങ്ങ് നിർവഹിക്കുന്നതായി കാണപ്പെടു ന്നു? ഡാകിൻസ് അവകാശപ്പെടു ന്നത് പോലെ മത്സ്യത്തിന്റെ മസ്തിഷ്ക്കം യഥാർഥത്തിൽ ബോധപൂർവം സൃഷ്ടിക്കപ്പെട്ട ഒരു ഘടനാ വിശേഷമോ അല്ലെങ്കിൽ സാങ്കേതിക സങ്കീർണതയുള്ള രൂപ കൽപനയോ അല്ല. അതിന് സ്വയം ബോധപൂർവമായ ഒരു പ്രവർത്തന ശേഷിയും ഇല്ല എന്ന് ഒരാൾക്ക് പൂർണമായും ബോദ്ധ്യമാവുകയാ ണെങ്കിൽ പിന്നെ മത്സ്യത്തിന്റെ മസ്തിഷ്ക്കത്തെ ഇലക്ട്രോണിക്ക് എഞ്ചിനിയറിങ്ങിന്റെ ഒരു *ഉത്തമ സൃഷ്ടി*യായി വാഴ്ത്തി അത്ഭുതം കൂറുന്നത് ശുദ്ധ പോഴത്തരമാണ്. അല്ലെങ്കിൽ അശ്രദ്ധമായി മറ്റുള്ള വരെ വഴിതെറ്റിക്കാനുള്ള ശ്രമമാണ് ഈ വാഴ്ത്തൽ. വ്യക്തമായ ഈ പ്രശ്നത്തിന് അദ്ദേഹത്തിന് പറയാനുള്ള ഉത്തരമിതാണ്:

മത്സ്യം സമർഥനായ ഒരു ഗണിതജ്ഞനാണ് എന്ന് ഇതിനർഥ മാക്കരുത്. നാം പെട്ടെന്നൊരു പന്ത് പിടിക്കുമ്പോൾ നമ്മുടെ മസ്തിഷ്ക്കം അബോധപൂർവമായി പ്രശ്ന സമവാക്യങ്ങൾ നിർദ്ധരി ക്കുന്നത് പോലെ തന്നെ അവക്കും പ്രശ്ന സമവാക്യങ്ങൾ നിർദ്ധരി ക്കാനാവശ്യമായ ഒരു യന്ത്ര സംവിധാനമുണ്ട്.

ഒരു പ്രശ്നത്തോട് ഏറ്റു മുട്ടിക്കൊണ്ടിരിക്കെ അശ്രദ്ധമായി അദ്ദേഹം മറ്റൊരു പ്രശ്നം കൂടി എടുത്തിട്ടിരിക്കുകയാണ്. ഒരു പന്ത് പിടിക്കുന്ന കാര്യം മനുഷ്യ മസ്തിഷ്ക്കം എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്ന കാര്യം വിടുക. നമുക്ക് മത്സ്യ ത്തിന്റെ മസ്തിഷ്ക്കത്തിലേക്ക് തന്നെ മടങ്ങാം. വളരെ ഉന്നതവും സങ്കീർണവുമായ ഗണിത പ്രശ്നം അബോധപൂർവം യാന്ത്രികമായാണ് മത്സ്യത്തിന്റെ മസ്തിഷ്കം കൈകാര്യം ചെയ്യുന്നത്. ഈ കാര്യം അദ്ദേഹം അംഗീകരിച്ചതിന് ശേഷം നാം സ്വാഭാവികമായും അദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിക്കു ന്നത് തന്റെ ശകലം ശകലമായി സഞ്ചിതമായിത്തീരുന്ന സിദ്ധാന്തം അദ്ദേഹം തന്നെ വിവരിച്ച ഇല ക്ട്രിക് മത്സ്യത്തിൽ എപ്രകാരം പ്രവർത്തിച്ചു എന്ന് വിശദീകരിക്കു മെന്നാണ്. കൂടാതെ ഈ ഇലക്ട്രിക് പോർത്ത് ഹോളുകൾ (Electric Porthholes) അൽപാൽപമായി എങ്ങനെ രൂപം കൊണ്ടു എന്നും അദ്ദേഹം വിവരിച്ചു തരേണ്ടതുണ്ട്. എല്ലാ പ്രത്യേക സാഹചര്യത്തിലും ഉചിതമായ തോതിൽ ആവശ്യമായ വോൾട്ടേജ് പ്രശ്നം എങ്ങനെ പരി ഹരിക്കുന്നുവെന്നും എങ്ങനെയാണ് എല്ലാ പോർത്തുഹോളുകളോടും കൂടിയ അൽഭുതകരമായ ഈ ഇലട്രിക് യന്ത്രം ഒരേസമയം ആവി

ഷ്കൃതമായതെന്നും, സൂക്ഷ്മമായി സ്വയം നിയന്ത്രിക്കപ്പെടുന്ന ഈ യന്ത്രം എങ്ങനെ ഉടലെടുത്തുവെന്നും അദ്ദേഹം വിശദീകരിക്കേണ്ടതുണ്ട്. ഈ ഇലക്ട്രിക് മത്സ്യത്തിൽ അബോധാത്മകമായ കുറ്റമറ്റ പ്രവർത്തനം ഇത്രയും വിശദീകരിക്കപ്പെടാത്ത പ്രഹേളികയായി അവശേഷിക്കുന്നു.!

ക്രമേണ പരിപൂർണതയിലേക്ക് രൂപാന്തരപ്പെട്ട മത്സ്യത്തിന്റെ തൊട്ടു താഴെ അതിജീവന സമരത്തിൽ മത്സരാർഥികളായ മത്സ്യങ്ങളുടെ നീണ്ട ശ്രേണിരേഖ കണ്ടെത്താനുള്ള ശ്രമകരമായ ജോലിയിൽ ഞങ്ങളും ഡാകിൻസിനോടൊപ്പം പങ്ക് ചേരാം. തീർച്ചയായും അവ നിലവിലുള്ള ജീവരാശികളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. അവ പോകട്ടെ. പിന്നെ മനുഷ്യനിർമിതമായ സാങ്കേതിക സങ്കീർണതയുള്ള എല്ലാ യന്ത്രങ്ങളേയും അതിജയിക്കുന്നതെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്ന ഈ മത്സ്യത്തെ ശകലം ശകലമായി പ്രകൃതി നിർദ്ധാരണം സൃഷ്ടിച്ചതാണെന്ന അദ്ദേഹത്തിന്റെ വാദത്തെ പിന്തുണക്കാൻ പിന്നെ എന്താണ് ബാക്കിയുള്ളത്? മത്സ്യത്തിന്റെ മസ്തിഷ്ക്കം തന്നെ മത്സ്യത്തെ അബോധാത്മകമായി സൃഷ്ടിച്ചിട്ടുണ്ടാകണമെന്ന് തെളിയിക്കാൻ ഡാകിൻസിന് ഈ അവസരത്തിൽ എടുത്ത് ചാടേണ്ടിയിരിക്കുന്നു. ഈ സൃഷ്ടി അതിലെ ജീനുകളുടെ നിർദേശപ്രകാരമാണ് നടത്തിയിരിക്കുക എന്നും അദ്ദേഹത്തിന് തെളിയിക്കേണ്ടി വരും. ജീനുകൾക്ക് സ്വയം മനസ്സോ ബോധമോ ഇല്ലെന്ന കാര്യം ഡാകിൻസ് വിസ്മരിക്കരുത്. മത്സ്യത്തെ ഒരു നിമിഷ നേരത്തേക്ക് മറക്കാം. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ അദ്ദേഹത്തിന് സ്വയമായി അത്തരത്തിലുള്ള ഒരു മത്സ്യത്തെ സൃഷ്ടിക്കാനോ രൂപപ്പെടുത്തിയെടുക്കാനോ എങ്ങനെ സാധിക്കും എന്ന കാര്യം ഒന്നു വിശദീകരിക്കാമോ?

യാതൊരു ലക്ഷ്യമോ രൂപകൽപനയോ, ഇലക്ട്രിസിറ്റി എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെ പറ്റി ജ്ഞാനമോ ഇല്ലാതെ എങ്ങനെ അത്യുന്നതമായ ഈ സാങ്കേതികോപാധി കടലിൽ രൂപം കൊണ്ടു എന്ന് ഒന്നു സങ്കൽപിച്ചു നോക്കുക. അപ്പോൾ പണ്ട് വളരെ പണ്ട് ഒരു ദിവസം ഒരു സാധാരണ മത്സ്യത്തിന്റെ വയറിൻമേൽ അത്ഭുതകരമായ ആകസ്മികതയിൽ ചില പോർത്ത് ഹോളുകൾ പ്രത്യക്ഷപ്പെട്ടു എന്ന് ഭാവനയിൽ കാണാനേ സാധ്യമാകൂ. അങ്ങേയറ്റം സങ്കീർണമായ ഈ വൈദ്യുതോൽപാദന സംവിധാനം അർഥവത്തായ ഒരു ഉപാധിയായി മാറുന്നത് വരെ കാത്തിരിക്കുക എന്ന പ്രയാസകരമായ മത്സ്യത്തിന്റെ അവസ്ഥയോട് നമുക്കെല്ലാവർക്കും സഹതപിക്കുകയേ നിവർത്തിയുള്ളൂ, മത്സ്യത്തിന് തീർച്ചയായും ചില ആഭ്യന്തര വൈഷമ്യങ്ങളുണ്ടാവാം. കാരണം അതിന് ശരീരഭാഗത്തെ അർഥരഹിതമായ ഈ പുത്തൻ വളർച്ചയുടെ ഉപയോഗവും ഉദ്ദേശ്യവും അറിയില്ലല്ലോ. ഡാർവീനിയൻ മാനദണ്ഡപ്രകാരം എത്രകാലം ഈ നിലയിൽ കഴിഞ്ഞിട്ടുണ്ടായിരിക്കും. ഡാകിൻ സിന് മാത്രമേ അത് പൂർണമായും അറിയാൻ കഴിയൂ. പിന്നീട് മത്സ്യത്തിന്റെ ചെറിയ മസ്തിഷ്ക്കവുമായി നേരിയ തന്തുക്കളിലൂടെ ബന്ധിപ്പിച്ചു കൊണ്ടുള്ള വോൾട്ട് മീറ്ററുകൾ അതിന്റെ ശരീരത്തിൽ അവിടെയുമിവിടെയുമായി പ്രത്യക്ഷപ്പെടാനാരംഭിച്ചു. അതോടൊപ്പം തന്നെ മത്സ്യത്തിന്റെ ശരീരത്തിലെ ഓരോ പേശികളും ചില ഗുണങ്ങളോടെ പ്രത്യേക രീതിയിലുള്ള ക്രമീകരണങ്ങളുണ്ടാവുകയും അതേ തുടർന്ന് ശരീരത്തിൽ അത്ഭുതകരമായ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു. അജ്ഞാതനായ ആ നിർമാതാവ് അയാൾ ആരെങ്കിലുമാകട്ടെ അങ്ങനെ ഏറ്റവും മഹിഷ്ഠമായ ഒരു വൈദ്യുത ജനറേറ്റർ സൃഷ്ടിക്കുകയുണ്ടായി. അത് ഒന്നുമറിയാത്ത രൂപമില്ലാത്ത, മനസ്സില്ലാത്ത പ്രകൃതി നിർദ്ധാരണമാണോ? തന്റെ സ്വന്തം പ്രവർത്തനത്തെ പറ്റിപ്പോലും ബോധമില്ലാത്ത മത്സ്യത്തിന്റെ മസ്തിഷ്ക്കമായിരുന്നുവോ അത് നിർവഹിച്ചത്? പ്രതിഭാശാലികളായ ശാസ്ത്രജ്ഞൻമാർ നിയന്ത്രണ സ്ഥാനത്തിരുന്നു കൊണ്ട് അവികലമായി പ്രവർത്തിപ്പിക്കേണ്ടിയിരുന്ന ഈ സാങ്കേതിക സിസ്റ്റം, ബോധാത്മകമായ ഒരു മസ്തിഷ്ക്കം പോലുമില്ലാത്ത സർവശക്തനായ ജീനുകളാണോ നിയന്ത്രിക്കുന്നത്? (തുടരും)

---

**പേജ് 16 ൽ നിന്ന് തുടർച്ച**

**etative State** എന്നും വിളിക്കുന്നു. ഇത്തരം മെഡിക്കോ-ലീഗൽ സാങ്കേതിക പദങ്ങളുടെ നിർവചനങ്ങൾ തന്നെ വിവിധ നാടുകളും വ്യത്യസ്തമാണ്. മാത്രമല്ല കുതികൊള്ളുന്ന വൈദ്യശാസ്ത്രം നിരന്തരം ചികിത്സാസമ്പ്രദായങ്ങൾ പരിഷ്ക്കരിച്ച്കൊണ്ട് രോഗിക്ക് സമാശ്വാസം നൽകാൻ പ്രതിജ്ഞാബദ്ധവുമാണ്. നിയമം ഉള്ളത്കൊണ്ട് യൂത്തനേഷ്യ സ്വീകരിക്കാൻ പൗരന് യാതൊരു ബാദ്ധ്യതയുമില്ല. ഏതവസ്ഥയിലും രോഗിക്ക് ആത്മവിശ്വാസം നൽകി ക്ഷണഭംഗുരമായ മനുഷ്യജീവിതം വിജയകരമായി സ്വാഭാവിക സമാപ്തിയിലെത്തിക്കാൻ വ്യക്തികളും സമൂഹവും കൂട്ടായി ശ്രമിക്കേണ്ടതുണ്ട്.

രോഗത്തെ സംബന്ധിച്ച് കരുണാവാരിധിയായ മുഹമ്മദ് നബി(സ) പറഞ്ഞ ഒരു ഹദീസ് ഇപ്രകാരമാണ്. ***'രോഗശമനം സൃഷ്ടിക്കാതെ ഒരു രോഗവും അല്ലാഹു സൃഷ്ടിച്ചിട്ടില്ല.'*** (ബുഖാരി) അനസ് ( റ) നിവേദനം: നബി (സ) അരുളി: ***'നിങ്ങളെ ബാധിച്ച ഒരു വിപത്ത് കാരണം ആരും തന്നെ മരിക്കാനാഗ്രഹിക്കരുത്. അതല്ലാതെ മറ്റ് മാർഗങ്ങളി ല്ലെങ്കിൽ അവൻ ഇപ്രകാരം പ്രാർഥിക്കട്ടെ അല്ലാഹുവേ! ജീവിതമാണ് എനിക്കുത്തമമെങ്കിൽ നീ എന്നെ ജീവിപ്പിക്കേണമേ! മരണമാണെങ്കിൽ എന്നെ നല്ല നിലക്ക് മരിപ്പിക്കേണമേ?.' (ബുഖാരി)***

ഭാഗം - 18

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

ദിനങ്ങൾ കഴിയുന്തോറും ഖുറൈശികളുടെ കുതന്ത്രങ്ങളും ശത്രുതയും പിന്നെയും പിന്നെയും ഏറി ഏറി വന്നു. മുസ്ലിമീങ്ങൾ അവർക്ക് എന്നും കണ്ണിലെ കരടായിരുന്നുവല്ലോ. മുസ്ലിമീങ്ങളെ നശിപ്പിക്കുവാനും ഉന്മൂലനം ചെയ്യുവാനും എത്ര ശ്രമിച്ചിട്ടും ഇതുവരേയും വേണ്ട വിജയം കൈവരിച്ചില്ലല്ലോ എന്ന ചിന്ത അവരുടെ മനസ്സിനെ അലോസരപ്പെടുത്തി. അവർ അറേബ്യയിലെ മറ്റ് ഗോത്രങ്ങളെ ഈ കാര്യത്തിൽ തങ്ങളോടൊപ്പം ചേർക്കാൻ തുടങ്ങി. ഹിജാസ് പ്രദേശത്തുള്ള ധാരാളം ഗോത്രങ്ങൾ മുസ്ലിമീങ്ങളുമായി വളരെ നല്ല സഹവർത്തിത്വത്തിലായിരുന്നു. അവരെ എല്ലാംതന്നെ കള്ള പ്രചരണത്തിലൂടെ മുസ്ലിമീങ്ങൾക്കെതിരിൽ അണിനിരത്തുന്നതിൽ അവർ വിജയിച്ചു. ഇതുമുസ്ലിമീങ്ങൾക്ക് പുതിയ ഭീഷണിയും അപകടവും ഉണ്ടാക്കി. അവരിൽ ബനൂ മുസ്ത്വലാഖ് ഗോത്രം പെട്ടെന്ന് തന്നെ ആവേശം ഉൾകൊണ്ട് കൊണ്ട് മദീന ആക്രമിക്കാൻ ഒരുക്കങ്ങൾ കൂട്ടാൻ തുടങ്ങി. അതിനായി അവരുടെ നേതാവ് ഹാരിസ് ബിൻ അബീ സറാർ അയൽ പ്രദേശങ്ങൾ സന്ദർശിച്ച് കൊണ്ട് മറ്റുള്ള ഗോത്രങ്ങളുടെ സഹായം ഉറപ്പ് വരുത്തിക്കൊണ്ടിരുന്നു. ഈവിവരം റസൂലുല്ലായുടെ ചെവിയിലുമെത്തി. തിരുമേനി കാര്യങ്ങളുടെ നിജസ്ഥിതി അറിയുന്നതിന്നായി നമ്മുടെ ഒരു സഹോദരൻ ബരീറ ബിൻ ഹസീബിനെ ബനൂ മുസ്ത്വലിഖ് ഗോത്രപ്രദേശത്തേക്കയച്ചു. വിവരങ്ങൾ ശരിയായിരുന്നു. അവർ ഖുറൈശികളോടൊപ്പം ചേർന്ന് മദീന ആക്രമിക്കാനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തു കഴിഞ്ഞിരുന്നു. വിവരങ്ങളെല്ലാം ബരീറ ബിൻ ഹസീബ് അല്ലാഹുവിന്റെ റസൂലിനെ ധരിപ്പിച്ചു. റസൂൽ തിരുമേനി (സ) ഉടൻ തന്നെ ഒരു സൈന്യത്തിന് രൂപം നൽകുകയും ശത്രുക്കളെ നേരിടുന്നതിനായി പുറപ്പെടുകയും ചെയ്തു. ഹിജ്റത്തിന്റെ അഞ്ചാം വർഷം ശഅബാൻ മാസമായിരുന്നു അത്. സൈന്യത്തിൽ മുസ്ലിമീങ്ങളുടെ പക്കൽ മുപ്പത് കുതിരകളും അത്രതന്നെ ഒട്ടകങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകാരണം എല്ലാവരും ഊഴമനുസരിച്ച് ഓരോരുത്തരായി കുതിരപ്പുറത്തും ഒട്ടകപ്പുറത്തും യാത്രയായിക്കൊണ്ടിരുന്നു. വഴിയിൽ അവരുടെ ഒരു ചാരനെ പിടികൂടി. ചോദ്യം ചെയ്യലിൽ അവൻ സഹകരിക്കാത്തത് കൊണ്ടും അവനെ മോചിപ്പിക്കുന്നത് അപകടമാവുമെന്ന് കരുതിയത് കൊണ്ടും അവനെ വധിച്ചു. അവസാനം മക്കയുടേയും മദീനയുടേയും ഇടയിൽ സമുദ്ര തീരത്തോട് ചേർന്നുള്ള 'മരീസീഗ്' എന്ന സ്ഥലത്ത് സൈന്യം താവളമടിച്ചു. വളരെ രഹസ്യമായി പെട്ടെന്ന് വന്ന് മദീന ആക്രമിക്കാൻ അവസരം പാർത്തിരുന്ന ബനൂ മുസ്ത്വലിഖ് ഗോത്രം, മുസ്ലിം സൈന്യം തങ്ങളുടെ പ്രദേശത്ത് എത്തിയതായും അവരുടെ ചാരനെ വധിക്കുകയും ചെയ്തതറിഞ്ഞപ്പോൾ ആകെ ഭയവിഹ്വലരായി. അതോടെ കൂടെ സഹായത്തിനായി വന്നിരുന്ന എല്ലാഗോത്രങ്ങളും പേടിച്ച് അവരവരുടെ വീടുകളിലേക്ക് ഓടിപ്പോവുകയും ചെയ്തു. എന്നാൽ ഖുറൈശികളും ബനൂ മുസ്ത്വലിഖ് ഗോത്രക്കാരും യുദ്ധം ചെയ്യുവാനുള്ള തീരുമാനത്തിൽ തന്നെ ഉറച്ചുനിന്നു. ആദ്യമവർ മുസ്ലിമീങ്ങളുടെ മേൽ അസ്ത്രം പ്രയോഗിച്ചു തുടങ്ങി. ഞങ്ങൾ റസൂലുല്ലായുടെ നിർദേശമനുസരിച്ച് തന്ത്രപൂർവം അവരെ വളഞ്ഞു. അവസാനം രക്ഷയില്ലെന്ന് കണ്ടപ്പോൾ അവർ അടിയറവ് പറയാൻ നിർബന്ധിതരായി.ഈ യുദ്ധത്തിൽ ഒരുമുസ്ലിം സഹോദരനും പത്ത് അവിശ്വാസികളും മാത്രമേ കൊല്ലപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ. ഇതിനെ'ഗസ്വാ ബനൂ മുസ്ത്വലിഖ്' എന്ന് വിളിക്കുന്നു.

ശത്രുക്കൾ എന്തൊക്കെ ചെയ്തിട്ടും മുസ്ലിമീങ്ങൾക്കെതിരിൽ വിജയം കൈവരിക്കാൻ അവർക്ക് സാധിച്ചില്ല. മുസ്ലിമീങ്ങൾക്കെതിരിൽ ഇതുവരെ ധാരാളം യുദ്ധങ്ങൾ നടന്നിട്ടുണ്ടെങ്കിലും മുസ്ലിമീങ്ങളോട് ശത്രുത പുലർത്തുന്ന ഗോത്രങ്ങളെ എല്ലാവരേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു യുദ്ധം ഇത്വരേയും ഉണ്ടായിട്ടില്ല. അതുകൊണ്ട് എല്ലാവരും ചേർന്ന് ഒരു മഹാ സൈന്യത്തിന് രൂപം നൽകാൻ തീരുമാനമായി. അങ്ങനെ ഖുറൈശികളും നജദ് പട്ടണത്തിലെ അത്ഫാൻ ഗോത്രവും സലീം ഗോത്രവും മദീനയിൽ നിന്ന് നിഷ്ക്കാസിതരാക്കപ്പെട്ട ബനൂ നളീർ ഗോത്രവും മറ്റു ചെറുതും വലുതുമായ യഹൂദ ഗോത്രങ്ങളും എല്ലാം തന്നെ കൈകോർക്കുകയും ഒരു കുടക്കീഴിൽ അണിനിരക്കാൻ തീരുമാനമാവുകയും ചെയ്തു. ഈ സൈന്യത്തിൽ പതിനയ്യായിരത്തിൽ പരം ഭടന്മാർ ഉള്ളതായി പറയപ്പെട്ടിരുന്നു. ഇത്രയും വലിയ

ഒരു സൈന്യവ്യൂഹം അറേബ്യയിൽ ഒരു കക്ഷിക്കെതിരിലും രൂപം കൊണ്ടിരുന്നില്ല. എല്ലാവരും ചേർന്ന് മദീനയെ എല്ലാ ഭാഗത്ത് കൂടിയും ആക്രമിക്കുകയും പുരുഷന്മാരെ കൊന്നൊടുക്കുവാനും സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കുവാനും ശത്രുക്കൾ തീരുമാനമെടുത്തു. പിന്നീട് മുസ്ലിമീങ്ങൾ ഈ ഭൂമുഖത്തുണ്ടാവാൻ പാടില്ല. ഇതോടെ ഇസ്ലാം എന്ന ഈ പ്രശ്നം അവസാനിക്കണം. ഇതാണു ഇവരുടെ ലക്ഷ്യം. അങ്ങനെ അവർ ഒരു മഹാസൈന്യത്തിന് രൂപം നൽകി. ഇതിലെ ഓരോ ഗോത്ര സൈന്യത്തിനും അതായത് സേനാനായകന്മാർ ഉണ്ടാകുമെങ്കിലും എല്ലാവരുടേയും സർവ സൈന്യാധിപൻ അബൂസുഫിയാനാണ്. അവരുടെ പക്കൽ സൈന്യത്തിനുള്ള ഭക്ഷണ സാധനങ്ങളും ആയുധങ്ങളും ആവശ്യത്തിൽ കൂടുതൽ ഉണ്ടായിരുന്നു. ഉഹ്ദ് യുദ്ധത്തിന് രണ്ട് വർഷങ്ങൾക്ക് ശേഷം, ഹിജ്റത്തിന്റെ അഞ്ചാം വർഷം ശവ്വാൽ മാസം ഈ സൈന്യം മദീന ലക്ഷ്യമാക്കി പുറപ്പെടാൻ ഒരുങ്ങി. ഇതു വളരെ വലിയ ഒരു സൈനീക നീക്കമായത് കൊണ്ട് വിവരം രഹസ്യമാക്കി വെക്കാൻ അവർക്ക് സാദ്ധ്യമല്ലായിരുന്നു. അങ്ങനെ എല്ലാ വിവരവും റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചു.

റസൂൽ തിരുമേനി(സ) ഞങ്ങളെ എല്ലാവരേയും കൂടിയാലോചനക്കായി വിളിച്ചു. ഇത്ര വലിയ സൈന്യത്തോട് ഏറ്റുമുട്ടുക എന്നത് ചെറിയ കാര്യമല്ല. പലരും പല അഭിപ്രായങ്ങളും പറഞ്ഞു. ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന അറബിയല്ലാത്ത സൽമാനുൽ ഫാരിസിയോട്, ഇത്തരം അവസരങ്ങളുണ്ടായാൽ പേർഷ്യക്കാർ എന്ത് നടപടിയായിരുന്നു സ്വീകരിച്ചിരുന്നത് എന്ന് അല്ലാഹുവിന്റെ റസൂൽ ആരാഞ്ഞു. ചുറ്റും കിടങ്ങ് കുഴിച്ച് നഗരത്തിനുള്ളിൽ തന്നെ നിന്നു കൊണ്ട് രക്ഷാപ്രവർത്തനങ്ങൾ നടത്താറാണ് പതിവെന്ന് സൽമാനുൽ ഫാരിസി റസൂലുല്ലായെ അറിയിച്ചു. ഇത്തരം രക്ഷാപ്രവർത്തന മാർഗങ്ങൾ അറബികളെ സംബന്ധിച്ച് തീർത്തും പുതിയതായിരുന്നു. ഈ ആശയം അല്ലാഹുവിന്റെ റസൂലിന് ഇഷ്ടപ്പെടുകയും ഉടൻ അംഗീകരിക്കുകയും ചെയ്തു. മദീനയുടെ മൂന്ന് ഭാഗം ഏറെ കുറെ സുരക്ഷിതമാണ്. ഓർക്കാപ്പുറത്ത് ഒരാക്രമണം ഉണ്ടാവാൻ സാദ്ധ്യതയില്ല. ഈ ഭാഗം വീടുകളും ഇടതൂർന്ന ഈന്തപ്പന മരങ്ങളും പാറകെട്ടുകളും കൊണ്ട് താരതമ്യേന സുരക്ഷിതമാണ്. പക്ഷേ ഒരു ഭാഗം തുറസ്സായ സമതലമാണ്. അതുകാരണം അപ്രതീക്ഷിത ആക്രമണം തടയാൻ ആ ഭാഗം കിടങ്ങ് കുഴിക്കാൻ തീരുമാനമായി. പെട്ടെന്ന് ശത്രുക്കൾ ചാടിക്കടന്നു വരാൻസാധിക്കാത്ത വീതിയിലും ആഴത്തിലുമാണ് കിടങ്ങ് കുഴിക്കേണ്ടത്. കിടങ്ങിന് കുറഞ്ഞത് ഒരു നാഴിക നീളം വേണം. റസൂൽതിരുമേനി(സ)യുടെ മേൽനോട്ടത്തിൽ ഓരോ പതിനഞ്ചടി സ്ഥലം അളന്ന് പത്ത് പേരടങ്ങുന്ന സംഘങ്ങളെ ഏൽപിച്ചു. ഈ ശ്രമദാനത്തിൽ എല്ലാവരും പങ്കു ചേർന്നു. കുഴിച്ച് മാറ്റുന്ന മണ്ണ് ദൂരെ കൊണ്ടിടാനും മറ്റുമായി കുട്ടികളും സ്ത്രീകളും തങ്ങളുടെ കഴിവനുസരിച്ച് അദ്ധ്വാനിക്കുകയുണ്ടായി. ഞങ്ങളോടൊപ്പം അല്ലാഹുവിന്റെ റസൂലും മണ്ണ് ചുമക്കാൻ ഉണ്ടായിരുന്നു.

ഇസ്ലാമിക ചരിത്രത്തിൽ ഖന്തക്ക് യുദ്ധം അല്ലെങ്കിൽ അസ്ഹാബ് യുദ്ധം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. മുസ്ലിമീങ്ങളെ ശാരീരികമായും മാനസികമായും അങ്ങേയറ്റം തളർത്തിയ ഒരു യുദ്ധമായിരുന്നു ഇത്. കിടങ്ങ് കുഴിക്കുക എന്നത് വളരെ ശ്രമകരവും കഠിനാദ്ധ്വാനം ആവശ്യവുമായ ഒരു ജോലിയായിരുന്നു. മരം കോച്ചുന്ന ശൈത്യകാലമാണ്. പക്ഷേ ഞങ്ങളുടെ പക്കൽ മതിയായ കമ്പിളി വസ്ത്രങ്ങളോ പുതപ്പുകളോ ഉണ്ടായിരുന്നില്ല. ഭക്ഷണത്തിന്റെ കാര്യം പറയുകയാണെങ്കിൽ ഞങ്ങൾ എല്ലാവരും തന്നെ മുഴുപട്ടിണിയിലുമാണ്. ഈ സാഹചര്യത്തിലാണ് കിടങ്ങ് കുഴിക്കേണ്ടത്. മാത്രവുമല്ല, ആയുധങ്ങളും മറ്റ് യുദ്ധസാമഗ്രികളും നന്നേ കുറവായിരുന്നു. ഖന്തക്ക് യുദ്ധം ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വലിയ ഒരു പരീക്ഷണ ഘട്ടമായിരുന്നു. പത്തിരുപത് ദിവസംകൊണ്ട് ഞങ്ങൾ ഉദ്ദേശിച്ച കിടങ്ങ് തയ്യാറായി. എന്നാൽ ആ കിടങ്ങ് സൈനീകതന്ത്രപരമായി കുറ്റമറ്റതായിരുന്നില്ല. ശത്രുക്കൾക്ക് തീരെ മറികടക്കാൻ വയ്യാത്ത തരത്തിലുള്ള കിടങ്ങായിരുന്നില്ല അത്. ശത്രുക്കളുടെ പൊടുന്നനെയുള്ള ആക്രമണം തടയുക, അത് മാത്രമായിരുന്നു ലക്ഷ്യം. പത്ത് പതിനയ്യായിരം വരുന്ന ശത്രുസേനക്കു മുന്നിൽ ആയിരത്തി അഞ്ഞൂറോ രണ്ടായിരമോ മാത്രം വരുന്ന ഞങ്ങളുടെ സൈന്യം ബാഹ്യമായ കണ്ണ് കൊണ്ട് നോക്കുകയാണെങ്കിൽ അവരുടെ സൈന്യത്തിന്റെ ഒഴുക്കിൽ ഞങ്ങൾ ഒലിച്ച് പോകേണ്ടതായിരുന്നു. എന്നാൽ ഞങ്ങൾ മുസ്ലിമീങ്ങൾ അല്ലാഹുവിന്റെ സഹായം ഒന്നു കൊണ്ട് മാത്രമാണ് യുദ്ധങ്ങൾ എല്ലാം തന്നെ ജയിച്ചടക്കിയത്. ഖന്തക്ക് യുദ്ധത്തിന്റെ ആ ദിനങ്ങളിൽ ഒരു ദിവസം അർധരാത്രി ആഞ്ഞു വീശീയ ശീതകാറ്റ് അവരുടെ തമ്പുകൾ തകർക്കുകയും തമ്പിന് മുമ്പിൽ കത്തിച്ച് വെച്ചിരുന്ന തീ അണയുകയും ചെയ്തപ്പോൾ ശത്രുക്കൾ അതിനെ ദു:ശ്ശകുനമായി കരുതി. അതോടെ അവരുടെ പടയാളികളും സേനാംഗങ്ങളിൽ പലരും നേതാക്കളെ പോലും അറിയിക്കാതെ യുദ്ധക്കളം വിട്ടോടി. ഞങ്ങൾക്ക് ബാഹ്യമോ ആന്തരീകമോ ആയ യാതൊരു ശക്തിയും കഴിവും ഇല്ലാതിരുന്നിട്ടും അല്ലാഹു ഞങ്ങളെ എന്നും യുദ്ധങ്ങളിൽ വിജയം നൽകി അനുഗ്രഹിച്ചു. ഈ യുദ്ധത്തിലും ശത്രുക്കളുടെ എല്ലാ പദ്ധതികളെ

യും അല്ലാഹു പരാജയപ്പെടുത്തി. ഇതെല്ലാം തന്നെ റസൂൽ തിരുമേനി (സ)യുടെ ദുആയുടെ ഫലവും കൂടിയാണ്. ഈ യുദ്ധത്തിനു ശേഷവും പല യുദ്ധങ്ങളും പോരാട്ടങ്ങളും പരീക്ഷണങ്ങളും മുസ്ലിമീങ്ങൾക്ക് നേരിടേണ്ടി വന്നെങ്കിലും ഓരോ യുദ്ധത്തിന് ശേഷവും ഇസ്ലാമിന്റെ പേരും പെരുമയും പ്രതാപവും ജന സമ്മതിയും ഏറികൊണ്ടേയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ എനിക്ക് എല്ലാ യുദ്ധങ്ങളിലും എന്റെ യജമാനനോടൊപ്പം നിൽക്കുവാനുള്ള ഭാഗ്യമുണ്ടായി.

അവസാനം മക്കാ വിജയത്തിന്റെ നാളുകളും സമാഗതമായി. ഹിജ്റത്തിന്റെ 8-ാം വർഷം റമളാൻ മാസം പതിനായിരം മുസ്ലിം സഹോദരന്മാരോടൊപ്പം മക്കയിൽ പ്രവേശിച്ചത് എനിക്കൊരിക്കലും മറക്കാനാവുകയില്ല. അല്ലാഹു എത്ര വലിയവനാണ്. എത്ര ശക്തവാനാണ്. അവൻ താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിന്നും പൂർണമായും കഴിവുള്ളവനാണെന്ന കാര്യം ഞാൻ വീണ്ടും വീണ്ടും ചിന്തിക്കുകയാണ്. ഒരു കാലത്ത് ആട്ടിപ്പുറത്താക്കിയ അതേ മക്കയിൽ അല്ലാഹു ഞങ്ങളെ വീണ്ടും തിരിച്ച് കൊണ്ടുവന്നു. അല്ലാഹുവിന്റെ റസൂൽ വളരെ രഹസ്യമായിട്ടാണ് മക്കയിലേക്കുള്ളയാത്ര ആസൂത്രണം ചെയ്തത്. അതുപോലെ, സൈന്യത്തെ ഒരുക്കിയതും ഇരുചെവി അറിയാതെയായിരുന്നു. ഞങ്ങൾക്കുപോലും കൃത്യമായ വിവരം ഉണ്ടായിരുന്നില്ല. മക്കയിലെ ഖുറൈശികൾ ഒരു കാരണവശാലും അറിയരുതെന്ന നിലക്കാണ് അങ്ങനെ ചെയ്തത്. വീട്ടിൽ യാത്രക്കുള്ള ചില ഒരുക്കങ്ങൾ കണ്ടപ്പോൾ, ഉമ്മുൽ മുഅ്മിനീൻ ആയിശ സിദ്ധീഖയോട് പിതാവ് അബൂബക്കർ ചോദിച്ചു, എന്താ മകളെ, റസൂലുല്ലാഹ് എവിടെ എങ്കിലും യാത്ര പോകുന്നുണ്ടോ? അവർക്കും, ഒന്നും അറിയില്ലായിരുന്നു. അവർ പറഞ്ഞു, റസൂലുല്ലാഹ് ഒന്നും പറഞ്ഞില്ല. പിന്നീട് പതിനായിരം പേരടങ്ങിയ സംഘം വളരെ രഹസ്യമായി പുറപ്പെട്ടു. പിന്നീടാണ് എല്ലാവരും കാര്യങ്ങൾ അറിയുന്നത്. ഇവിടെ ദു:ഖകരമായ ഒരു സംഭവമുണ്ടായി. അതൊരിക്കലും സംഭവിക്കാൻ പാടില്ലായിരുന്നു. മക്ക കീഴടക്കാൻ പോകുന്നതറിഞ്ഞയുടനെ ഞങ്ങളിൽപ്പെട്ട ഹാതിബ് ഈ വിവരം മക്കയിലുള്ള തന്റെ ബന്ധുക്കളെ കാലേകൂട്ടി അറിയിക്കുന്നതിനായി ഒരു സ്ത്രീയെ ഏർപ്പാട് ചെയ്തു. ബദർ യുദ്ധത്തിൽ പങ്കെടുത്ത ബഹുമാനിതനായ ഒരു വ്യക്തിയാണു ഹാതിബ്. അയാൾ ഈ വിവരത്തിന്നു ഒരു കത്തെഴുതി ആ സ്ത്രീയെ ഏൽപിച്ചു. അവൾ കത്തുമായി മക്കയിലേക്ക് അതിശീഘ്രം പുറപ്പെട്ടു. പക്ഷേ അല്ലാഹു ഈ വിവരം റസൂൽ തിരുമേനിയെ അറിയിച്ചു. അവളിൽ നിന്നും ആ കത്ത് കണ്ടെടുക്കുന്നതിനായി റസൂലുല്ലാഹ്, അലി ബിൻ അബീത്വാലിബിനേയും സുബൈർ ബിൻ അവാമിനേയും ഉടൻ തന്നെ അവളുടെ പുറകെ അയച്ചു. അവർ അവളെ മക്കയുടെ വഴിയിൽ കണ്ടെത്തുകയും കത്ത് ബലമായി പിടിച്ചെടുക്കുകയും ചെയ്തു. ഉമർ ഖത്ത്വാബിനെ പോലുള്ള വളരെ തീക്ഷ്ണ സ്വഭാവികളായ ചിലർ ഹാതിബ് ചെയ്ത ഈ കുറ്റത്തിന് കഠിന ശിക്ഷ നൽകണമെന്ന് നബി തിരുമേനി(സ)യോട് അഭിപ്രായപ്പെട്ടു. എന്നാൽ ബദർ യുദ്ധത്തിൽ പങ്കെടുത്ത ബദരികൾക്ക് എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണെന്ന് പറയുകയും തിരുമേനി ശിക്ഷാനടപടികൾ ഒഴിവാക്കുകയും ചെയ്തു.

റസൂലുല്ലാഹ് എട്ട് വർഷങ്ങൾക്ക് ശേഷം താൻ ജനിച്ചു വളർന്ന സ്വന്തം നാട്ടിൽ, തന്റെ പ്രിയപ്പെട്ട മക്കയിൽ പ്രവേശിച്ച അവസരത്തിൽ മറ്റൊരൊട്ടകപ്പുറത്ത് അബൂബക്കർ സിദ്ധീഖ് വലതു ഭാഗത്തും ഈ വിനീതൻ ഇടതു ഭാഗത്തും ഉണ്ടായിരുന്നു. ഇത്തരത്തിൽ റസൂലുല്ലായുടെ സാമീപ്യം എല്ലായിപ്പോഴും എല്ലാ അവസരത്തിലും ലഭിച്ചത് വലിയൊരു അനുഗ്രഹമാണ്. ഈ നിസ്സാരന് കൈവന്ന മഹാഭാഗ്യമാണത്. അല്ലാഹുവിന്റെ റസൂൽ ആദ്യം ഒട്ടകപ്പുറത്തിരുന്നുകൊണ്ട് ബൈത്തുല്ലാഹ് ത്വവാഫ് ചെയ്തു. അതിന് ശേഷം ഏതാനും അനുചരന്മാരോടൊപ്പം കഅബക്കകത്ത് പ്രവേശിച്ചു. അന്ന് കഅബക്കകത്ത് പ്രവേശിക്കാൻ മഹാഭാഗ്യം ലഭിച്ച ചുരുക്കം ചിലരിൽ ഒരാളാണ് ഈയുള്ളവൻ. ബൈത്തുല്ലാക്കകത്ത് മുന്നൂറ്റി അറുപത് ബിംബങ്ങളായിരുന്നു മക്കയിലെ ഖുറൈശികൾ പ്രതിഷ്ഠിച്ചിരുന്നത്. കഅബയുടെ ചുമരിലും അതുപോലുള്ള ധാരാളം ചിത്രങ്ങളും ഉണ്ടായിരുന്നു. റസൂൽ തിരുമേനി (സ) തന്റെ കയ്യിലുള്ള വടി കൊണ്ട് ബിംബങ്ങളെ തള്ളി താഴെ ഇട്ടുകൊണ്ടിരുന്നു. ആ അവസരത്തിൽ 'ജാ അൽ ഹഖു വസഹഖൽ ബാത്വിൽ, ഇന്നൽ ബാത്വില കാന സഹൂക്കാ' (സത്യം വന്നു. അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നത് തന്നെയാണ് എന്ന ഖുർആൻ (17:82) വചനങ്ങൾ ഉരുവിട്ട് കൊണ്ടിരിക്കുന്നുണ്ടായിരുന്നു. പിന്നീട് ഞങ്ങൾ എല്ലാവരും ചേർന്ന് മുഴുവൻ ബിംബങ്ങളേയും തകർത്ത് പുറത്തേക്കെറിഞ്ഞു. ശേഷം കഅബയുടെ ചുമരുകളും വൃത്തിയാക്കി. അനന്തരം റസൂലുല്ലായും ഞങ്ങൾ എല്ലാവരും രണ്ട് റക്കഅത്ത് നഫൽ നമസ്ക്കരിച്ചു. മക്കക്കാർ ആകെ പേടിച്ച് വിറച്ച അവസ്ഥയിലായിരുന്നു. കൊല്ലങ്ങളോളം ഞങ്ങളെ ദ്രോഹിച്ച അവരോടുള്ള ഞങ്ങളുടെ സമീപനം ഏത് രീതിയിലായിരിക്കുമെന്ന് വിചാരിച്ച് അവർ വല്ലാതെ ഭയപ്പെടുന്നുണ്ടായിരുന്നു.

ഈ അവസരത്തിൽ റസൂലു

ല്ലാഹ് ഒരു പ്രഖ്യാപനം നടത്തുക യുണ്ടായി. ഞാനത് കേട്ട് കോരിത്ത രിച്ചു പോയി. ഇന്ന് ഏതൊരാൾ ബിലാലിന്റെ കൊടിക്കീഴിൽ അണിനിരക്കുമോ, അവർക്ക് രക്ഷയും സമാധാനവും നൽകപ്പെ ടുന്നതായിരിക്കും. അതായിരുന്നു വിളംബരം. റസൂലുല്ലാഹ് എനിക്ക് എത്ര വലിയ സ്ഥാനമാനമാണ് നൽകിയത്. ഒരു കാലത്ത് കഴുത്തിൽ കയറിട്ട് മക്കയുടെ തെരുവുകളിൽ വലിച്ചിഴക്കപ്പെട്ട ഈ നിസ്സാരൻ, ചുട്ടു പൊള്ളുന്ന മണലിൽ കിടത്തി ഭേദ്യം ചെയ്യപ്പെട്ട ഈപാവപ്പെട്ടവൻ, ഇന്നു അവിശ്വാ സകൾക്കു രക്ഷയുടേയും സമാധാ നത്തിന്റേയും ആശാകേന്ദ്രമായി മാറിയിരിക്കുകയാണ്. ഖുറൈശി കളിൽ പലർക്കും അത് അന്തസ്സി ന്റേയും അഭിമാനത്തിന്റേയും പ്രശ്നമായിരുന്നു. പക്ഷേ അവർക്ക് എന്റെ അടുക്കൽ വരേണ്ടി വന്നു. അവർ വന്നു. എന്നെ രക്ഷിക്കണം എന്ന് പറയാതെ പറഞ്ഞുകൊണ്ട്, എന്റെ കൊടിക്കീഴിൽ അവർ അണിനിരന്നു. എന്തൊരു മധുര പ്രതികാരം. എന്തൊരു സുന്ദരമായ പകരം വീട്ടൽ. വീണ്ടും റസൂൽ തിരുമേനി(സ)യുടെ വിളംബര മുണ്ടായി. 'ലാ തസ്രീബ അലൈക്കു മുൽ യൗം.' (ഇന്ന് നിങ്ങളുടെ പേരിൽ ഒരു കുറ്റാരോപണവുമില്ല). അനുസരിക്കുകയും പ്രതികാര നടപടികൾക്ക് മുതിരുകയും ചെയ്യാത്ത എല്ലാവർക്കും പൊതു മാപ്പ് നൽകി. അതിൽ റസൂൽ തിരുമേനിയുടെ എളാപ്പ ഹംസ ബിൻ അബ്ദിൽ മുത്തലിബിനെ ശഹീദാക്കിയ വഹ്ശിയും പ്രിയ പ്പെട്ട മകൾ സൈനബിന്റെ മരണ ത്തിന് കാരണക്കാരനായ ഹബ്ബാറും, മുസ്ലിമീങ്ങളെ ദ്രോഹിക്കുകയും എല്ലാ തരത്തിലും പീഡിപ്പിക്കുക യും ജീവൻ അപഹരിക്കുകയും ചെയ്ത അബൂസുഫിയാനെ പോലുള്ളവരും അതിലുണ്ടായിരു ന്നു. എല്ലാവർക്കും മാപ്പ് നൽകി. ഇന്ന് മക്കയുടെ തെരുവിൽ ചോരപ്പുഴ ഒഴുകുമെന്ന് കരുതിയ വർക്ക് തെറ്റി. ഒരു തുള്ളി രക്തം ചിന്തിയില്ല. ഒരു പ്രതികാര നടപടിയും ഉണ്ടായില്ല.

പിന്നീട് റസൂലുല്ലാഹ് എന്നോട് കഅബയുടെ മുകളിൽ കയറി ബാങ്ക് വിളിക്കാൻ പറഞ്ഞു. ളുഹർ നമസ്ക്കാരത്തിന്റെ സമയമായിരുന്നു അത്. ദിഗന്തം മുഴങ്ങുമാറ് ഞാൻ ബാങ്ക് വിളിച്ചു. ഒരു കാലത്ത് അല്ലാഹുവിന്റെ പേർ ഉച്ചരിച്ചാൽ ദ്രോഹിക്കപ്പെടുന്ന നാട്ടിൽ ശത്രുതയുടേയും വിദ്വേഷത്തിന്റേയും കൊടുങ്കാറ്റു കൾ വീശിയടിക്കുന്ന ദേശത്ത് അത്യുച്ചത്തിൽ ഞാൻ നീട്ടി വിളിച്ചു, അല്ലാഹു അക്ബർ, അല്ലാ..ല്ലാ.. ല്ലാ..ഹു അക്ബർ. അശ്ഹദു അല്ലായിലാഹ ഇല്ലല്ലാഹ്. എന്റെ ശബ്ദവും എന്റെ ആവേശ വും ഉയർന്ന് കൊണ്ടേയിരുന്നു. അപ്പോഴുള്ള എന്റെ മാനസികാവ സ്ഥ വിവരിക്കാവതല്ല. പഴയകാല സംഭവങ്ങൾ എന്റെ സ്മൃതിപഥ ത്തിലൂടെ കടന്ന് പോയികൊണ്ടിരു ന്നു. ബാങ്കിന്റെ ഓരോ വാക്കും അവിശ്വാസികളുടെ ഹൃദയത്തിൽ പ്രകമ്പനം സൃഷ്ടിച്ചു. അവർ ബാങ്ക് കേട്ട് പേടിച്ച് വിറച്ച് കൊണ്ടിരുന്നു. കാലാ കാലങ്ങളാ യി 360 ബിംബങ്ങളുടെ സഹായം പ്രതീക്ഷിച്ച് കൊണ്ടിരുന്നവരെ സഹായിക്കാൻ പക്ഷേ ആരും വന്നില്ല. അല്ലാഹുവിന്റെ മുമ്പിൽ അവയ്ക്കൊന്നും യാതൊരു നിലനിൽപ്പും പ്രസക്തിയുമില്ലെന്ന് അവരെല്ലാം തിരിച്ചറിഞ്ഞു. ഞാൻ വലിയ ഭാഗ്യവാനാണ്. മക്കയുടെ തെരുവുകളിൽ അല്ലാഹുവിന്റെ നാമം ഉയർത്തുവാനുള്ള ഭാഗ്യം എനിക്കാണല്ലോ ലഭിച്ചത്. ഞാൻ ആവേശപൂർവം നീട്ടി നീട്ടി വിളിച്ചു, അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ്.

മക്കാ വിജയ ശേഷവും യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ആ അവസരങ്ങളിൽ മുസ്ലിമീങ്ങൾക്ക് ചില ചില്ലറ കോട്ടവും നഷ്ടവും നേരിട്ടുവെങ്കിലും പൊതുവിൽ ഇസ്ലാമിന്റെ ജനസമ്മതിയും സ്വാധീനവും സ്വീകാര്യതയും അംഗീകാരവും വർധിച്ചുകൊണ്ടേ യിരുന്നു. ഹിജ്റത്തിന്റെ ഒമ്പതാം വർഷം മുതൽ ജനങ്ങൾ കൂട്ടം കൂട്ടമായി മദീനയിൽ വന്ന് ഇസ്ലാം സ്വീകരിച്ചു തുടങ്ങി. അതികഠിന ശത്രുക്കളും ഇസ്ലാം സ്വീകരിക്കാൻ മുന്നോട്ടു വന്നുകൊണ്ടേയിരുന്നു.

### ഹജ്ജത്തുൽ വിദാഅ്

ഹിജ്റത്തിന്റെ 10ാം വർഷം റസൂൽ തിരുമേനി(സ)യുടെ ജീവിതത്തിലെ ആദ്യത്തേതും അവസാനത്തേതുമായ ഹജ്ജ് വന്നെത്തി. ഇത് ഹജ്ജത്തുൽ വിദാഅ് എന്ന് വിളിക്കപ്പെടുന്നു. ഇതിനായി ദുൽഖഅദ് 25-ാം തീയതി മദീനയിൽ നിന്ന് മക്കയിലേക്ക് തിരുമേനി പുറപ്പെട്ടു. ആ അവസരത്തിൽ ഒരു ലക്ഷത്തി ഇരുപത്തി നാലായിരം അനുചര ന്മാർ റസൂൽ തിരുമേനി(സ) യോടൊപ്പം ഉണ്ടായിരുന്നു. ഉമ്മുൽ മുഅ്മിനീങ്ങളിൽ മിക്കവരും കൂടെ ഉണ്ട്. ഈ ഹജ്ജിന്റെ മഹത്വവും അന്തസ്സും തേജസ്സും ഓജസ്സും ഒന്നുവേറെ തന്നെയായിരുന്നു. വിഗ്രഹ പൂജകരുടെ ശക്തിദുർഗ മായ മക്കാ താഴ്വരയിൽ നിന്ന്, അല്ലാഹു ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും മുഹമ്മദ്(സ) അവന്റെ ദൂതരാണെന്നുമുള്ള ശബ്ദം ഉയർന്നപ്പോൾ അതിനെ അടിച്ചമർത്താനും കഴുത്ത് ഞെരി ക്കാനുമുള്ള ശ്രമങ്ങൾക്ക് ശേഷമു ള്ള ആദ്യ ഹജ്ജാണിത്. എന്തെല്ലാം ത്യാഗങ്ങൾക്ക് ശേഷമാണ് ഇവിടം വരെ എത്തിയത്. തിരുമേനിയുടേ യും കൂടെയുള്ള ഞങ്ങളുടേയും അപ്പോഴുള്ള ഹൃദയ വികാരങ്ങൾ വിവരിക്കാവതല്ല. അവ വാക്കുകൾ ക്കതീതമാണ്. നിങ്ങൾക്കത് ഊഹി ക്കാവുന്നതേയുള്ളൂ.

ഈ അവസരത്തിൽ റസൂലു ല്ലാഹ് തന്റെ പെൺ ഒട്ടകപ്പുറ ത്തിരുന്നു കൊണ്ട്, അല്ലയോ ജനങ്ങളെ, ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേൾക്കുവിൻ, പിന്നീട് നിങ്ങളെ ഇവിടെ ഇതുപോലെ എനിക്ക് അഭിമുഖീകരിക്കാനും

ഞാൻ ഇന്ന് നിങ്ങളോട് സംസാരിക്കുന്നത് പോലെ സംസാരിക്കുവാനും സാധിക്കുമെന്ന് തോന്നുന്നില്ല എന്നു പറഞ്ഞു കൊണ്ട് വളരെ ദീർഘമായി ഉപദേശിക്കുകയുണ്ടായി. ഇവിടെ സന്നിഹിതരല്ലാത്തവർക്കും എന്റെ വാക്കുകൾ എത്തിക്കേണമെന്നും തിരുമേനി(സ) ആവശ്യപ്പെടുകയുണ്ടായി. റസൂൽ തിരുമേനി(സ)യുടെ ഉപദേശ പ്രസംഗം മുഴുലോകത്തിനോടുമായിരുന്നു. റസൂൽ തിരുമേനി(സ)ക്ക് തന്റെ വഫാത്തിനെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ അല്ലാഹുവിൽ നിന്ന് ലഭിച്ചതായിരുന്നു ഇതിനുള്ള പ്രധാന കാരണം.

## ദൗത്യം പൂർത്തിയായതായുള്ള സൂചനകൾ

ഈ ഹജ്ജിന് ഒരു വർഷം മുമ്പ് റസൂലുല്ലായുടെ ദൗത്യം പൂർത്തിയായതായുള്ള സൂചനകൾ അല്ലാഹു നൽകിയിരുന്നു. അല്ലാഹു പറഞ്ഞു, ''അല്ലാഹുവിന്റെ സഹായവും വിജയവും വരികയും ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ, നീ നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുകയും അവനോട് പാപമോചനത്തിനായി അർഥിക്കുകയും ചെയ്യുക. തീർച്ചയായും അവൻ വളരെയധികം കനിഞ്ഞു മടങ്ങുന്നവനാകുന്നു. (സൂറ 110 : നസർ) ഒരു സദസ്സിൽ റസൂൽ കരീം(സ) ഈ സൂറത്ത് കേൾപ്പിച്ചപ്പോൾ അബൂബക്കർ സിദ്ധീഖ് അല്ലാത്ത എല്ലാവരും വളരെ സന്തോഷിച്ചു. അവർ ഇതിന്റെ ബാഹ്യ അർഥമാണ് മനസ്സിലാക്കിയത്. എന്നാൽ അബൂബക്കർ ഇത് കേട്ട് പൊട്ടിപൊട്ടിക്കരയുകയാണ് ചെയ്തത്. അബൂബക്കർ മാത്രമാണതിന്റെ പൊരുൾ മനസ്സിലാക്കിയതെന്ന് റസൂലുല്ലാഹ് പിന്നീട് പറയുകയും ചെയ്തു. ഇതിൽ റസൂൽ തിരുമേനി(സ)യുടെ വേർപാടിന്റെ സൂചനയാണുണ്ടായിരുന്നത്. ഇതിനുപുറമെ അല്ലാഹു ഖുർആനിൽ വേറൊരിടത്ത്, ''ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. (ഖുർആൻ, 5:4) എന്നും പറഞ്ഞിട്ടുണ്ട്.

ഇതിൽ നിന്നെല്ലാം തന്നെ, റസൂൽ തിരുമേനിയെ ഏതൊരു ദൗത്യവുമായിട്ടാണോ അല്ലാഹു അയച്ചത് അത് പൂർത്തിയായിരിക്കുന്നു എന്ന സൂചനയാണ് നൽകുന്നത്. അല്ലാഹുവിന്റെ പ്രവാചകന്മാർ അവരുടെ ദൗത്യം പൂർത്തിയാക്കിയാൽ അവർ ഈ ലോകത്ത് ജീവിക്കുന്നതിനേക്കാൾ അല്ലാഹുവിൽ വിലയം പ്രാപിക്കുവാനാണ് ഇഷ്ടപ്പെടുക. തന്റെ അവസാന കാലത്ത് ഒരിക്കൽ റസൂൽ തിരുമേനി ഉമ്മുൽ മുഅ്മിനീനോട് പറഞ്ഞു, ആയിശാ, അല്ലാഹു എല്ലാ നബിമാർക്കും അവരുടെ മരണത്തിന് മുമ്പ് രണ്ടിൽ ഒന്ന് തിരഞ്ഞെടുക്കുവാനുള്ള അധികാരം നൽകാറുണ്ട്. അവർക്ക് വേണമെങ്കിൽ ഈ ലോകത്ത് തന്നെ തുടരാം. അതല്ലെങ്കിൽ ഇവിടുത്തെ ജീവിതം അവസാനിപ്പിച്ചുകൊണ്ട് സ്വർഗത്തിൽ പോകാം. ആയിശ സിദ്ധീക്ക പറയുകയാണ്, റസൂൽ തിരുമേനി തീർച്ചയായും തന്റെ യഥാർഥ നാഥന്റെ അടുക്കൽ പോകുന്നതിനായിരിക്കും മുൻഗണന നൽകിയിട്ടുണ്ടാവുക.

## റസൂൽ തിരുമേനിയുടെ വിയോഗം

ഹജ്ജ് പൂർത്തിയാക്കിയ ശേഷം ദുൽഹജ്ജ് മാസം തന്നെ തിരുമേനിയും സംഘവും മദീനയിലേക്ക് മടങ്ങി. ഈ യാത്രയിൽ തിരുമേനി വളരെയധികം ക്ഷീണിതനായി. ശക്തമായ പനി പിടികൂടി. മദീനയിൽ എത്തിയ ശേഷം നടക്കാൻ വളരെയധികം പ്രയാസമുണ്ടായിട്ടും ജന്നത്തുൽ ബക്കിയിൽ പോയി. അവിടെ അന്ത്യവിശ്രമം കൊള്ളുന്നവർക്കായി ഒരു പാട് ദുആ ചെയ്തു. പിന്നീട് മദീനയിൽ നിന്ന് മൂന്ന് നാഴിക അകലെ ഉഹ്ദിലേക്ക് യാത്ര ചെയ്തു. അവിടെ യുദ്ധത്തിൽ ശഹീദായി ഖബറടക്കം ചെയ്യപ്പെട്ടിട്ടുള്ളവരുടെ ഖബറുകൾ സന്ദർശിച്ച് കൊണ്ട് ആ ശുഹദാക്കൾക്ക് വേണ്ടിയും ധാരാളം ദുആ ചെയ്തു. ഈ ദിവസങ്ങളിൽ ആരോഗ്യം തുടർച്ചയായി വഷളായിക്കൊണ്ടിരുന്നു. ആദ്യമാദ്യം ഊഴമനുസരിച്ച് എല്ലാ ഭാര്യമാരുടേയും വീട്ടിൽ പോകാറുണ്ടായിരുന്നു. പിന്നീട് അസുഖം വർധിക്കുകയും ക്ഷീണം കാരണം എഴുന്നേറ്റ് നിൽക്കാൻ പോലും പ്രയാസമുണ്ടായപ്പോൾ മറ്റു ഭാര്യമാരുടെ അനുവാദത്തോടെ ഉമ്മുൽമുഅ്മിനീൻ ആയിശ സിദ്ധീഖയുടെ വീട്ടിൽ വന്നു. ഉമ്മുൽമുഅ്മിനീൻ ആയിശ സിദ്ധീഖക്കുള്ള പ്രത്യേകതക്ക് ഒരു കാരണമുണ്ട്. ആയിശ സിദ്ധീഖയോടൊപ്പം അവരുടെ വീട്ടിൽ റസൂൽ തിരുമേനി ഉണ്ടായിരുന്നപ്പോൾ, ഉണ്ടായിരുന്നതുപോലെ ദൈവീക ഭാഷണവും, ഖുർആൻ അവതരണവും ഇൽഹാമുകളും മറ്റ് ഭാര്യമാരോടൊപ്പം ഉള്ളപ്പോൾ ഉണ്ടായിട്ടില്ല. ഇത് റസൂൽ തിരുമേനി തന്നെയാണു വെളിപ്പെടുത്തിയത്.

ഞാൻ മുൻപ് നിങ്ങളോട് പറഞ്ഞതു പോലെ ബാങ്ക് വിളിച്ച ശേഷം നമസ്ക്കാര സമയമായാൽ റസൂൽ തിരുമേനിയുടെ വാതിൽക്കൽ ചെന്ന് ഞാൻ പറയും, അസ്സ്വലാത്ത് യാ റസൂലുല്ലാഹ്. അല്ലാഹുവിന്റെ റസൂലേ, നമസ്ക്കാരത്തിനുള്ള സമയമായിരിക്കുന്നു. അങ്ങ് വന്ന് നമസ്ക്കരിപ്പിച്ചാലും എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അപ്പോൾ തിരുമേനി ഉടനെ വരും നമസ്ക്കരിപ്പിക്കും. വളരെയധികം ക്ഷീണമുണ്ടായിരുന്നിട്ടും വഫാത്തിന്ന്ഏഴ്,എട്ട് ദിവസംമുമ്പ് വരെ റസൂൽ തിരുമേനി നമസ്ക്കരിപ്പിക്കാൻ പള്ളിയിൽ വന്നിട്ടു

ണ്ടായിരുന്നു. പിന്നീട് ക്ഷീണവും ബലഹീനതയും വർധിച്ചു. വഫാത്തിന് രണ്ട് ദിവസം മുമ്പ് ഞാൻ മഗ്‌രിബ് നമസ്ക്കാര സമയത്ത് വാതിൽക്കൽ ചെന്ന് പറഞ്ഞു, അസ്സ്വലാത്ത് യാ റസൂലുല്ലാഹ്. തിരുമേനി എന്നെ വിളിച്ചിട്ട് പറഞ്ഞു, ബിലാൽ, അബൂബക്കറിനോട് നമസ്ക്കരിപ്പിക്കാൻ പറയൂ. അന്ന് എല്ലാവരും നമസ്ക്കാരത്തിൽ ഒരുപാട് കരഞ്ഞു. തിരുമേനി(സ)യുടെ അസുഖവും നമസ്ക്കാരത്തിലെ അസാന്നിദ്ധ്യവും എന്നെ എത്ര കണ്ട് കരയിപ്പിച്ചു എന്നെനിക്ക് പറയാൻ വയ്യ. ഞാനന്ന് ഒരു പാട് കരഞ്ഞു. എന്റെ ഹൃദയം തകരുകയാണ്. അന്ന് ഇശാ നമസ്ക്കാരവും അബൂബക്കർ തന്നെയാണ് നമസ്കരിപ്പിച്ചത്. ഫജർ നമസ്കാരത്തിന് റസൂൽ തിരുമേനി തലയിൽ ഒരു തുണി ചുറ്റിക്കൊണ്ട് പള്ളിയിൽ വന്നു. അന്നും അബൂബക്കർ തന്നേയാണ് നമസ്ക്കരിപ്പിച്ചത്. നമസ്ക്കാരശേഷം ഞങ്ങളോടെല്ലാം അൽപം സംസാരിച്ചു. അസുഖം ഭേദമാകുന്നുണ്ടെന്ന് എല്ലാവരും ധരിച്ചു. ഞങ്ങൾക്ക് തെറ്റി. അവസാനം ആ ദിനം വന്നു. ഹിജ്റത്തിന്റെ പതിനൊന്നാം വർഷം റബിയുൽ അവ്വൽ 12-ാം തീയതി തിങ്കളാഴ്ച തിരുമേനി ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

അതോടെ എന്റെ ലോകം അന്ധകാര നിബിഡമായി. മദീനയിൽ സൂര്യൻ എന്നെന്നേക്കുമായി അസ്തമിച്ചു. എന്റെ യജമാനൻ എന്നെ വിട്ട് തന്റെ യഥാർഥ നാഥനിൽ അഭയം പ്രാപിച്ചു. ഇത് ഞാനെങ്ങിനെ സഹിക്കും. റസൂലുല്ലാഹ് ഇല്ലാത്ത ലോകത്ത് ഇനി ഞാനെങ്ങനെ ജീവിക്കും. ഇനി ഞാൻ എന്തിനു ജീവിക്കണം. വാർത്ത കേട്ടവർ കേട്ടവർ ഭ്രാന്തരെ പോലെ ആയിത്തീർന്നു. ഉമർ ഖത്ത്വാബ് അടക്കമുള്ള പലരും *പ്രത്യുൽപന്ന മതിത്വം പരിപൂർണമായും നഷ്ടപ്പെട്ടതു പോലെ പ്രവർത്തിക്കാൻ തുടങ്ങി. ആരെങ്കിലും റസൂലുല്ലാഹ് മരിച്ചു പോയെന്നു പറഞ്ഞാൽ ഞാനവന്റെ തല കൊയ്യുന്നതായിരിക്കുമെന്ന് ഉമർ ഖത്ത്വാബ് ആക്രോശിച്ചു കൊണ്ടിരുന്നു. കാരണം റസൂലുല്ലാഹ് മരിച്ചിട്ടില്ല, മരിക്കാനുള്ള സമയവുമായിട്ടില്ല എന്നാണ് അദ്ദേഹവും മറ്റു പലരും ധരിക്കുന്നത്. മൂസാ നബി (അ) തൂർ പർവതത്തിൽ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുവാനായി നാൽപതു ദിവസത്തേക്കു പോയതു പോലെ റസൂൽ കരീം (സ) ഉം പോയിരിക്കുകയാണെന്നും തിരിച്ചു വരുമെന്നും അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നു. ഈ അതികഠിമായ മനോവേദനയിൽ ഞാനും സ്വബോധം നഷ്ടപ്പെട്ട് എന്നോ മരിച്ച് പോയ എന്റെ മാതാവിനെ വിളിച്ച് വിലപിച്ചു കൊണ്ട് ചോദിച്ചു, എന്റെ ഉമ്മാ, ഈ ദിനം കാണുന്നതിന് വേണ്ടിയാണോ നിങ്ങൾ എന്നെ പ്രസവിച്ചത്? നിങ്ങൾ എന്നെ പ്രസവിച്ചില്ലായിരുന്നുവെങ്കിൽ എത്ര നന്നായേനെ.

ഞാൻ അല്ലാഹുവിനെ വിളിച്ച് ചോദിച്ചു, അല്ലാഹുവേ, ഞാൻ ഈ ദു:ഖം എങ്ങനെ സഹിക്കാനാണ്? ഇനി ഞാൻ എങ്ങനെ ജീവിക്കും. നീ എനിക്ക് ഇത്രയും ആയുസ്സ് തരാതെ എന്നെ നേരത്തെ തന്നെ മരിപ്പിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ ദിനം കാണേണ്ടി വരില്ലായിരുന്നു. എന്ത് പറയണം എന്ത് ചെയ്യണം എന്നറിയാത്തതു കൊണ്ടാണു ഇങ്ങനെയൊക്കെ പറഞ്ഞു പോയത്. (*വേണ്ടത് വേണ്ടപ്പോൾ ചിന്തിച്ച് പ്രവർത്തിക്കാനുള്ള ബുദ്ധി)

പിന്നീട് അബൂബക്കർ സിദ്ധീഖ് വന്നു. റസൂൽ കരീം (സ) മിന്റെ നെറ്റിയിൽ ചുംബിച്ച ശേഷം, എല്ലാവരേയും വിളിച്ച് കൂട്ടി. പിന്നീട് അദ്ദേഹം വളരെ ദൃഢസ്വരത്തിൽ പറഞ്ഞു, മൻ കാന യഅ്ബുദു മുഹമ്മദൻ ഫ ഇന്ന മുഹമ്മദൻ ഖദ് മാത്. വ മൻ കാന യഅ്ബുദുല്ലാഹ ഫ ഇന്നല്ലാഹ ഹയ്യുൻ ലാ യമൂത്. (ഏതൊരാൾ മുഹമ്മദിനെ ആരാധിക്കുന്നുവോ അറിഞ്ഞു കൊള്ളുക മുഹമ്മദ് മരിച്ചു പോയിരിക്കുന്നു. ഏതൊരാൾ അല്ലാഹുവിനെ ആരാധിക്കുന്നുവോ, അവൻ ജീവിച്ചിരിക്കുന്നവനും മരിക്കാത്തവനുമാണ്.) അതിന് ശേഷം, വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹിർ റുസുൽ എന്ന ഖുർആനിക വചനം ഓതിക്കൊണ്ട് റസൂൽ തിരുമേനി മരിച്ച് പോയതായി പറയുകയും എല്ലാവരേയും സമാധാനിപ്പിക്കുകയും ചെയ്തു. പിന്നീട് അബൂബക്കർ സിദ്ധീഖ് ഒന്നാമത്തെ ഖലീഫത്തുൽ മുസ്ലിമീൻ ആയി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു.

നബിതിരുമേനിയുടെ വേർപാടിന് ശേഷം ദിനങ്ങളും ആഴ്ചകളും മാസങ്ങളും കടന്നു പോയി. പക്ഷേ എന്റെ മാനസികാവസ്ഥക്കു യാതൊരു മാറ്റവും വന്നില്ല. ഞാൻ നടക്കുന്നു, ഇരിക്കുന്നു, കിടക്കുന്നു, നമസ്ക്കരിക്കുന്നു, എല്ലാം ചെയ്യുന്നുണ്ട്. പക്ഷേ ഞാൻ ഇവിടെയല്ല ജീവിക്കുന്നത്. മറ്റെവിടെയോ ആണ്. എന്റെ പ്രിയ റസൂലിന്റെ ഓർമയിൽ ഞാൻ ദിനങ്ങൾ തള്ളി നീക്കി. മദീനയിലെ ഇടവഴികളും തെരുവുകളും കെട്ടിടങ്ങളും എല്ലാം തന്നെ വിജനവും നഷ്ടാവശിഷ്ടങ്ങളും പാഴിടങ്ങളുമായി എനിക്ക് തോന്നിത്തുടങ്ങി. ഈ തെരുവുകളും വഴികളും എന്റെ യജമാനരായ റസൂൽ തിരുമേനിയുടെ ഓർമകളെ കൂടുതലായി എന്നിൽ ഉണർത്തിക്കൊണ്ടിരുന്നു. അതൊക്കെ തന്നെ എന്റെ മനോവേദന വർധിപ്പിക്കുകയാണ് ചെയ്യുന്നത്. അവസാനം എനിക്ക് മദീനയിൽ ജീവിക്കാൻ സാധിക്കുകയില്ല എന്ന മാനസിക നിലയിൽ ഞാൻ എത്തി. ഞാൻ മദീന ഉപേക്ഷിക്കാൻ തന്നെ തീരുമാനിച്ചു. ആ സമയം ശാമിന്റെ (സിറിയ) അതിർത്തിയിൽ മുസ്ലിമീങ്ങളുടെ ഒരു സംഘം, ശത്രുക്കളുമായി ഏറ്റുമുട്ടികൊണ്ടിരിക്കുകയായിരുന്നു.

ഒരു ദിവസം ധൈര്യം സംഭരിച്ച് കൊണ്ട് ഖലീഫത്തുൽ മുസ്ലിമീൻ അബൂബക്കർ സിദ്ധീഖിന്റെ അടുക്കൽ ഞാൻ ചെന്നു. എന്നിട്ട് വളരെ വിനയത്തോടെ പറഞ്ഞു, യാ അമീറുൽ മുഅ്മിനീൻ, റസൂൽ തിരുമേനിയുടെ വഫാത്തിന് ശേഷം മദീനയിൽ ജീവിക്കാൻ മാനസികമായി എനിക്ക് വളരെ പ്രയാസമുണ്ട്. തിരുമേനിയുടെ ഓർമകൾ എന്നെ വല്ലാതെ ശ്വാസം മുട്ടിക്കുന്നു. അതുകൊണ്ട് ശാമിന്റെ (സിറിയ) അതിർത്തിയിൽ നടന്ന് കൊണ്ടിരിക്കുന്ന ജിഹാദിൽ പങ്കെടുക്കാൻ എന്നെ അങ്ങ് അനുവദിക്കണം. ഒരു പക്ഷേ ഞാൻ ഇവിടെ നിന്ന് മാറി താമസിക്കുന്നതിലൂടെ കലങ്ങിമറിഞ്ഞ് കലുഷിതമായ എന്റെ മനസ്സിന് അൽപമെങ്കിലും ആശ്വാസം ലഭിച്ചേക്കാം. മാത്രവുമല്ല, അല്ലാഹു അനുഗ്രഹിക്കുകയാണെങ്കിൽ ജിഹാദിലൂടെ ശഹാദത്തിന്റെ മഹനീയ സ്ഥാനവും കരസ്ഥമായേക്കാം.

അമീറുൽ മുഅ്മിനീൻ, എന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടു. ശേഷം വളരെ സ്നേഹത്തോടെ പറഞ്ഞു, "റസൂലുല്ലായുടെ വേർപാട് എല്ലാവരുടേയും പോലെ എന്റെ മനസ്സിലും പച്ച പിടിച്ച് നിൽക്കുകയാണ്. ആ വേദന ഇതുവരേയും കുറഞ്ഞിട്ടില്ല. കുറയുന്നുമില്ല. ആ അവസ്ഥയിൽ താങ്കളും എനിക്ക് വിരഹവേദന നൽകുവാനാണോ ആലോചിക്കുന്നത്. ഈ വൃദ്ധനെ തനിച്ചാക്കി എവിടേയും പോകരുത്. ഇവിടെ തന്നെ നിന്നാൽ മതി, അമീറുൽ മുഅ്മിനീൻ തുടർന്നു പറഞ്ഞു, ഇതെന്റെ അപേക്ഷയാണ്". ഞാൻ ഒന്നും പറഞ്ഞില്ല. എനിക്കൊന്നും പറയാനില്ല. അമീറുൽ മുഅ്മിനീന്റെ നിർദേശം ശിരസ്സാവഹിച്ച് കൊണ്ട് മദീനയിൽ തന്നെ തുടരുവാൻ ഞാൻ തീരുമാനിച്ചു. ശാമിലേക്കുള്ള യാത്രാതീരുമാനം ഞാൻ ഉപേക്ഷിച്ചു.

ഇന്ന് അമീറുൽ മുഅ്മിനീൻ ആയ അബൂബക്കർ സിദ്ധീക്ക് തന്നെയാണ് വർഷങ്ങൾക്ക് മുമ്പ് എന്നെ ജീവിതത്തിലേക്കു കൈ പിടിച്ചു കയറ്റിയത്. കരകാണാ കടലിലെ തുരുത്താണെനിക്കദ്ദേഹം. എന്റെ ജീവിത മരുഭൂമിയിലെ നീരുറവയാണാ മഹാത്മാവ്. ഉമയ്യത്തിബ്നു ഖലഫിന്റെ തടങ്കൽ പാളയത്തിൽ ഞെരിഞ്ഞമർന്ന എന്നെ, പൊന്നും വില നൽകി മോചിപ്പിച്ചത്, എന്നെ ശുശ്രൂഷിച്ചത്, എനിക്ക് എല്ലാം നൽകിയത് അദ്ദേഹം തന്നെയായിരുന്നു. ആ ഭാരിച്ച കടപ്പാട് എനിക്കൊരിക്കലും വീട്ടാൻ സാദ്ധ്യമല്ല. എനിക്കദ്ദേഹത്തിന് വേണ്ടി ഒന്നും തന്നെ ചെയ്യാൻ സാധിച്ചിട്ടുമില്ല. തീരാത്ത കടപ്പാടിന്റെ ആ ഭാരവും മനസ്സിൽ പേറി നടക്കുകയാണ് ഈ ഞാൻ. ആ അടിമയോട് ഇന്നും അടങ്ങാത്ത സ്നേഹവും ആദരവും അദ്ദേഹം കാണിക്കുന്നു. എന്നോട് കൽപിക്കാൻ അധികാരമുള്ള എന്റെ യജമാനനാണദ്ദേഹം, എന്നിട്ടും ഈ നിസ്സാരനോട് അദ്ദേഹത്തെ വിട്ട് പോകരുതെന്നു അപേക്ഷിക്കുന്നു. അല്ലാഹു എനിക്കു നൽകിയ അനുഗ്രഹങ്ങളോർത്ത്, സ്ഥാനമാനങ്ങളോർത്ത് എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

എന്റെ മാനസികാവസ്ഥക്ക് കാര്യമായ മാറ്റമൊന്നുമില്ലാതെ തുടർന്നെങ്കിലും വർഷങ്ങൾ വീണ്ടും രണ്ട് കടന്നു പോയി. ഖലീഫത്തുൽ മുസ്ലിമീൻ അബൂബക്കർ സിദ്ധീഖും ഇഹലോക വാസം വെടിഞ്ഞു. ഉമർ ഖത്ത്വാബ് അമീറുൽ മുഅ്മിനീൻ ആയിതെരഞ്ഞെടുക്കപ്പെട്ടു. കുറച്ചു നാളുകൾക്കു ശേഷം, ഒരവസരത്തിൽ ഞാൻ അമീറുൽ മുഅ്മിനീന്റെ അടുക്കൽ ചെന്ന് ശാമിലേക്ക് പോകാനുള്ള എന്റെ ആഗ്രഹം അറിയിച്ചു. കാരണം മദീനയിലെ തെരുവുകളും അന്തരീക്ഷവും എനിക്ക് മനസ്സമാധാനം നൽകുന്നേയില്ല. എന്റെ മാനസിക നില മനസ്സിലാക്കിയതു കൊണ്ടായിരിക്കാം അമീറുൽ മുഅ്മിനീൻ എനിക്ക് അനുവാദം നൽകി. അങ്ങനെ ഞാൻ മദീനയോട് യാത്രപറഞ്ഞ് ശാമിലേക്ക് പുറപ്പെട്ടു. ശാമിൽ എത്തിയ എനിക്ക് മുസ്ലിം സൈന്യത്തോടൊപ്പം ചില ജിഹാദിൽ പങ്കെടുക്കാനും അവസരം ലഭിച്ചു. കുറച്ച് കാലം അവിടെ കഴിഞ്ഞപ്പോൾ ഒരു രാത്രി, റസൂൽകരീം (സ) ഒരിടത്ത് ഉപവിഷ്ടനായതായി ഞാൻ സ്വപ്നത്തിൽ കണ്ടു. റസൂൽ തിരുമേനി എന്നെ വിളിച്ചു കൊണ്ട് പറഞ്ഞു, ബിലാൽ, നീ ഇത്ര കഠിന ഹൃദയനായിപ്പോയല്ലോ? നീ എത്ര നാളുകളായി എന്റെ അടുക്കൽ വന്നിട്ട്. സിയാറത്തിനായി ഇനിയും വരാൻ നിനക്ക് സമയമായിട്ടില്ലേ? ഞാൻ ഞെട്ടി ഉണർന്നു. തിരുമേനിയുടെ ഓർമകൾ വീണ്ടും എന്നെ വല്ലാതെ അസ്വസ്ഥമാക്കി, അതെന്നെ തളർത്തി. ഞാൻ രാവിലെ തന്നെ മദീനയിലേക്ക് പുറപ്പെടാൻ തീരുമാനിച്ചു. ദീർഘയാത്രക്ക് ശേഷം ഞാൻ മദീനയിലെത്തി. നേരെ റസൂൽ തിരുമേനി (സ) യുടെ ഖബറിടത്തിൽ ചെന്നു. എന്റെ മാനസിക നില നിങ്ങൾക്കൂഹിക്കാവുന്നതേയുള്ളു. വ്യസനവും വിരഹ വേദനയും നിമിത്തം ഞാൻ ഒരുപാട് കരഞ്ഞു. ദു:ഖം സഹിക്കവയ്യാതെ ഞാൻ ഖബറിൽ വീണുരുണ്ടു എന്ന് തന്നെ പറയാം. ഞാൻ അവിടെ ഒരു പാട് ദുആ ചെയ്തു. പിന്നീട് ഹസ്സനേയും ഹുസൈനേയും ചെന്ന് കണ്ടു. അവരെ കെട്ടിപിടിച്ച് തുരുതുരാ ചുംബിച്ചു. റസൂൽ തിരുമേനിയുടെ രക്തത്തിൽ പിറന്ന മക്കളാണവർ. മകളുടെ മക്കൾ. അവരോടൊപ്പം കുറേ സമയം ചിലവഴിച്ചു. അവരെ കാണുമ്പോൾ അവരോട് സംസാരിക്കുമ്പോൾ റസൂലുല്ലായുടെ വേർപാട് നിമിത്തം ഉണ്ടായിട്ടുള്ള മനോവേദനക്ക്, എന്റെ മനസ്സിന് എന്തെന്നില്ലാത്ത സമാധാനം ലഭിക്കുന്നുണ്ടായിരുന്നു. അന്ന് രണ്ട് പേരും എന്നോട് ഒരു കാര്യം ആവശ്യപ്പെട്ടു. പിറ്റേ ദിവസം ഫജർ നമസ്ക്കാരത്തിന് ഞാൻ ബാങ്ക് വിളിക്കണം. അത് എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ള കാര്യമാണ്. റസൂൽ തിരുമേനി

വഫാത്തായ ശേഷം ഞാൻ മദീനയിൽ ബാങ്ക് വിളിച്ചിട്ടില്ല. മാനസികമായി പ്രയാസമുള്ളതു കൊണ്ടാണ് ബാങ്ക് വിളിക്കാഞ്ഞത്. അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ് എന്ന് പറയുമ്പോൾ തിരുമേനിയെ കുറിച്ചുള്ള ചിന്ത എന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കും. തിരുമേനി എന്നോടൊപ്പം ഇവിടെ ഇല്ലല്ലോ എന്ന ചിന്ത എന്റെ മനസ്സിനെ മഥിക്കും. അതെന്നെ തളർത്തും. പക്ഷേ എനിക്കവരോട് സാദ്ധ്യമല്ല എന്ന് പറയാൻ വയ്യ. ആ പൊന്നു മക്കളുടെ നിർബന്ധത്തിന് വഴങ്ങി, എന്റെ തിരുറസൂലിന്റെ കൊച്ചു മക്കളുടെ സന്തോഷത്തിനായി ഞാൻ സമ്മതിച്ചു. പിറ്റെ ദിവസം ഫജർ നമസ്കാരത്തിനായി ഞാൻ ബാങ്ക് വിളിച്ചു. കാലങ്ങൾക്ക് ശേഷം എന്റെ ആ പഴയ സ്വരത്തിൽ ബാങ്ക് മുഴങ്ങിയപ്പോൾ കേൾക്കാനായി ജനങ്ങൾ വീടുകളിൽ നിന്ന് പള്ളിയിലേക്ക് ഓടി വന്നു. സ്ത്രീകളും കുട്ടികളും ബാങ്ക് കേൾക്കാൻ വീടിന് വെളിയിൽ നിന്നു. എന്റെ ശബ്ദം ഇടറിയെങ്കിലും 'അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ്' എന്ന് ഞാൻ നീട്ടി വിളിച്ചു. എന്റെ സ്വരത്തിൽ അന്തർലീനമായിരുന്ന പ്രത്യേക നൊമ്പരം നിമിത്തം ജനം നിയന്ത്രണം വിട്ട് വാവിട്ട് കരഞ്ഞുകൊണ്ടിരുന്നു. ഞാനും കരഞ്ഞു കരഞ്ഞു കൊണ്ട് ബാങ്ക് പൂർത്തിയാക്കി. അന്ന് അവിടെ മദീനയിൽ ഒരു പ്രത്യേക അന്തരീക്ഷമായിരുന്നു. വാക്കുകളിലൂടെ പറഞ്ഞറിയിക്കാനാവാത്ത തരത്തിലുള്ള ഒരു അന്തരീക്ഷം. റസൂൽ തിരുമേനി ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ആ ദിനങ്ങൾ തിരിച്ചു വന്നതായി എല്ലാവർക്കും അനുഭവപ്പെട്ടു. അതായിരുന്നു മദീനയിൽ എന്റെ അവസാന ബാങ്ക്.

മറ്റൊരവസരത്തിൽ ഖലീഫത്തുൽ മുസ്ലിമീൻ ഉമർ ഖത്ത്വാബ് ശാമിൽ വന്നപ്പോൾ എന്നോട് ബാങ്ക് വിളിക്കാൻ പറഞ്ഞു. ഞാൻ ബാങ്ക് വിളിച്ചു. റസൂൽ തിരുമേനിയുടെ കാലത്ത് കേട്ട് ശീലിച്ച ആ ബാങ്ക്, കുറേ നാളുകൾക്ക് ശേഷം കേട്ടപ്പോൾ റസൂലുല്ലായുടെ ഓർമകൾ അമീറുൽ മുഅ്മിനീനെ വല്ലാതെ വേദനിപ്പിച്ചു. ആ മനോവേദനയിൽ അദ്ദേഹം ഞെരിപിരി കൊണ്ടു. നിയന്ത്രിക്കാനാവാതെ അദ്ദേഹം പൊട്ടി പൊട്ടിക്കരഞ്ഞു. ഇതുപോലെ ഉമർ ഇതിന് മുമ്പ് കരയുന്നതായി കണ്ടിട്ടില്ലെന്ന് എല്ലാവരും പറയുകയുണ്ടായി.

സ്വർഗസ്ഥനായിരിക്കുമെന്ന് ജീവിത കാലത്ത് തന്നെ സുവിശേഷം നൽകപ്പെട്ട ഏതാനും അനുഗൃഹീതരിൽ ഒരാളാണ് ഹദ്റത്ത് ബിലാൽ (റ). ഇസ്റ യാത്രയുടെ രാത്രി അല്ലാഹുവിന്റെ റസൂൽ സ്വർഗത്തിൽ ഒരു കാലൊച്ചയും ആളനക്കവും കേട്ടു. കൂടെ ഉണ്ടായിരുന്ന ജിബ്രീലിനോട് ചോദിച്ചു, അതെന്താണ് ആ ശബ്ദം? ജിബ്രീൽ പറഞ്ഞു, അതങ്ങയുടെ മുഅസ്സിൻ (ബാങ്ക് വിളിക്കുന്ന ആൾ) ബിലാലാണത്. പിന്നീട് റസൂലുല്ലാഹ് ബിലാലിനോട് പറഞ്ഞു, ബിലാൽ നീ വിജയം പ്രാപിച്ചിരിക്കുന്നു. നിന്റെ അമലുകളും, ആരാധനാകർമങ്ങളും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. കാരണം സ്വർഗത്തിൽ ഞാൻ നിന്റെ കാലൊച്ച കേട്ടു. എയ് ബിലാൽ, നിന്റെ അമലുകളുടെ പ്രത്യേകത ഒന്നു പറയാമോ? അതിന്റെ സൗന്ദര്യം ഒന്നു വിവരിക്കാമോ? ഹദ്റത്ത് ബിലാൽ (റ) വളരെ വിനയത്തോടെ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, എന്റെ മാതാപിതാക്കൾ അങ്ങെയ്ക്കു തെണ്ടമായിരിക്കട്ടെ. എന്റെ ഒരമലിലും ഒരു പ്രത്യേകതയും ഉള്ളതായി എനിക്ക് ഇന്നേവരെ തോന്നിയിട്ടില്ല. ആ അമലുകളിൽ ഒരു സൗന്ദര്യവും ഞാൻ ദർശിച്ചിട്ടുമില്ല. എന്നാൽ ഒരു കാര്യം ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. എല്ലായിപ്പോഴും വുളുവോടു കൂടി ഇരിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. ഏതു സമയം വുളു എടുത്താലും രണ്ട് റക്കഅത്ത് നഫൽ നമസ്ക്കരിക്കുകയും ചെയ്യാറുണ്ട്. (മുസ്നദ് അഹ്മദ്, വാല്യം1, പേജ് 257)

റസൂൽ തിരുമേനിയിൽ നിന്ന് ഹദ്റത്ത് ബിലാലിന്റെ ഈ ഉയർന്ന ആത്മീയ നില കേട്ടറിഞ്ഞപ്പോൾ എന്നും നന്മകളിൽ മുന്നേറാൻ ശ്രമിക്കുന്ന ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) പറഞ്ഞു, അഹോ കഷ്ടം, ഞാൻ ബിലാൽ ആയിരുന്നുവെങ്കിൽ, ഞാൻ ബിലാലിന്റെ മാതാവിന്റെ വയറ്റിൽ നിന്ന് ജനിച്ചവനായിരുന്നുവെങ്കിൽ, ഹോകഷ്ടം ബിലാലിന്റെ പിതാവ് എന്റെ പിതാവായിരുന്നുവെങ്കിൽ, ഞാൻ ബിലാലിനെ പോലെ ആകുമായിരുന്നുവല്ലോ? ഈ നന്മകൾ എന്റെ പേരിലും എഴുതപ്പെടുമായിരുന്നുവല്ലോ? (മജ്മഅത്തുസ്സവായിദ് വാല്യം 9, പേജ് 299)

റസൂൽ തിരുമേനിയോടുള്ള ഹദ്റത്ത് ബിലാൽ (റ) ന്റെ സ്നേഹവും, വിധേയത്വവും, അതുല്യവും അനുപമവും അതിരില്ലാത്തതുമായിരുന്നു. ഒരിക്കൽ റസൂൽ തിരുമേനി(സ) പറഞ്ഞു, അല്ലാഹു എല്ലാ നബിമാർക്കും ഏഴ് വീതം സഹായികളേയും ഉപദേഷ്ടാക്കളേയും നൽകിയിട്ടുണ്ട്. എനിക്ക് പതിനാല് പേരെയാണ് നൽകിയിരിക്കുന്നത്. അതിലൊരാൾ 'ബിലാൽ ബിൻ റിഹാബ് ആണ്.' ഏതെങ്കിലും അവസരത്തിൽ അല്ലാഹുവിന്റെ റസൂൽ ബിലാൽ എന്നൊന്ന് വിളിച്ചാൽ 'ലബൈക്ക് യാ റസൂലുല്ലാഹ്' ഞാനിതാ എത്തി എന്ന് പറഞ്ഞുകൊണ്ട് വേട്ട പക്ഷിയെ പോലെ റസൂലുല്ലായുടെ സവിധത്തിൽ ബിലാൽ പറന്നെത്തും. (മുസ്നദ് അഹ്മദ് വാല്യം 1, പേജ് 148)

മുത്തുനബി (സ) യുടെ കറുത്ത മുത്തായ ആ ബിലാൽ ഹിജ്റ വർഷം 20ൽ താൻ അവസാന നാളുകൾ കഴിച്ച് കൂട്ടിയ അതേ ശാമിൽ (സിറിയ) അറുപത്തൊന്നാമത്തെ വയസ്സിൽ തന്റെ യഥാർഥ സ്രഷ്ടാവിൽ അഭയം പ്രാപിച്ചു. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി

റാജിഊൻ. ബഹുമാനിതരും ആദരണീയരുമായ, പ്രശസ്തരും പ്രഗല്ഭരുമായ ധാരാളം സഹാബാക്കൾ അന്ത്യവിശ്രമം കൊള്ളുന്ന ദിമിശ്ക്കി (ഡമസ്ക്കസ്) ലെ ഉമയ്യ പള്ളിക്ക് സമീപമുള്ള ബാബുസ്സഗീർ എന്ന ശ്മശാനത്തിൽ ആ പുണ്യാത്മാവും അന്ത്യവിശ്രമം കൊള്ളുകയാണ്.

ബാഹ്യമായി മെലിഞ്ഞുണങ്ങിയ ഉയരം കൂടിയ ശരീരവും തടിച്ച ചുണ്ടും തടിച്ച മൂക്കും വരണ്ട കവിളുകളും ഇടതൂർന്ന ചുരുണ്ട മുടിയുമുള്ള ബിലാൽ, ആഫ്രിക്കക്കാരനായ കറുത്ത ബിലാൽ, ജനകോടികൾ പതിനാല് നൂറ്റാണ്ടുകളായി വാഴ്ത്തിക്കൊണ്ടിരിക്കുന്ന ബിലാൽ എന്ന അനർഘ ശ്യാമ മൗതികം, അതെ, അതു തന്നെ, വിലമതിക്കാനാവാത്ത കറുത്ത മുത്ത്. മുഹമ്മദ് മുസ്തഫാ (സ) ന്റെ ആത്മീയ പ്രഭാവത്താൽ തിളങ്ങി ക്കൊണ്ട് ലോകത്ത് പ്രകാശം ചൊരിഞ്ഞ ആ ബിലാൽ ഇന്ന് നമ്മോടൊപ്പമില്ല. എങ്കിലും അദ്ദേഹത്തിന്റെ ഊഷ്മളമായ ഓർമകളും തിളങ്ങുന്ന മാതൃകകളും നമുക്കെന്നും മാർഗദീപങ്ങളാണ്, വഴിവിളക്കുകളാണ്. അവ നമ്മെ എന്നും യഥാർഥ മാർഗത്തിലേക്ക് നയിക്കാൻ സഹായകമാകും. അദ്ദേഹം വിവരിച്ച യഥാർഥ അനുഭവ കഥകൾ അത് നമ്മെ ചിന്തിപ്പിക്കും, നമ്മെ കരയിക്കും, അത് നമ്മെ ത്രസിപ്പിക്കും. ആ കഥകൾ നാം അവസാന നാൾ വരെ കേട്ടു കൊണ്ടേയിരിക്കും. എന്നിരുന്നാലും അതിന്റെ പുതുമ ഒരിക്കലും നഷ്ടപ്പെടുന്നില്ല. അതൊരി ക്കലും അവസാനിക്കുന്നുമില്ല. എന്നാൽ ഈ പരമ്പര ഇവിടെ അവസാനിക്കുന്നു.

**അറബികവിത**

## റസൂൽ തിരുമേനിയുടെ സഹാബാക്കൾ

## മസീഹ് മൗഊദ് (അ)

'റസൂൽ തിരുമേനിയുടെ മുഴുവൻ സഹാബാക്കളും നിസ്സംശയം ജ്വലിച്ച് നിൽക്കുന്ന സൂര്യനെ പോലെയാണ്. അവർ തങ്ങളുടെ ആത്മീയ പ്രകാശത്താൽ ജനവദനം പ്രകാശ പൂരിതമാക്കി.

അവരെല്ലാവരും തന്നെ ബഹുമാനിതരും ആദരണീയരുമാണ്. നാം അവർക്കിടയിൽ യാതൊരു വ്യത്യാസവും കൽപിക്കുന്നില്ല. അവരെല്ലാം തന്നെ പ്രവാചക പ്രഭുവിന്റെ അവയവങ്ങളാണ്.

മുഴുവൻ സഹാബാക്കളേയും ഞാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ശ്വാശ്വതമായ മഹനീയ സ്ഥനത്താണ് കാണുന്നത്.

എനിക്ക് കഴിവുണ്ടായിരുന്നുവെങ്കിൽ, മരണത്തെ അഭിമുഖീകരിക്കേണ്ടിവരില്ലായെങ്കിൽ ഞാൻ സഹാബാക്കളുടെ സ്തുതിയും പ്രശംസയും അവരുടെ മുഴുവൻ ശത്രുക്കളിലും പ്രചരിപ്പിക്കുക തന്നെ ചെയ്യുമായിരുന്നുവെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്.

എന്റെ നാഥാ, തിരുനബിയുടെ സഹാബാക്കളിലൂടെ ഞങ്ങളിലും നീ കാരുണ്യം വർഷിക്കുമാറാകേണമേ, പാപപ്പൊറുതി നൽകേണമേ. നീ മാത്രമാണ് മഹോന്നതനും അനുഗൃഹീതനുമായിട്ടുള്ളവൻ.'

(സിർറുൽ ഖിലാഫ, റൂഹാനി ഖസായിൻ, വാല്യം 8, പേജ് 341)

(വിലയേറിയ നിർദേശങ്ങളും അഭിപ്രായങ്ങളും പ്രതീക്ഷിക്കുന്നു. വിളിക്കാം 8301 851 726
ഇബ്നു വഫാ )

**പേജ് 23 ൽ നിന്ന് തുടർച്ച**

ചെയ്യുകയേ വേണ്ട.” ഉദാഹരണമായി അങ്ങനെയുള്ള വ്യക്തി നമസ്കരിക്കുന്നതിനായി പള്ളിയിൽ പോകാനൊരുങ്ങിയാൽ സാത്താൻ അയാളുടെ മനസ്സിൽ ഇങ്ങനെ ഇട്ടു കൊടുക്കും: “ജനങ്ങൾ നിന്നെ കാണുകയും നമസ്കാരക്കാരനെന്ന് പറയുന്നതുമാണ്. അങ്ങനെ അത് പ്രകടനാത്മകതയായിത്തീരും. അതുകൊണ്ട് പള്ളിയിൽ പോവുകയേ വേണ്ട.” ഇങ്ങനെ ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ നിന്ന് സാത്താൻ തടയുന്നതാണ്. എന്നാൽ, ശരീഅത്തിന്റെ മര്യാദകളെ മാനിച്ചു കൊണ്ടുള്ള പ്രേരണകളാണ് മലക്കുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്നത്. ഇത്തരം സാത്താനിക പ്രലോഭനങ്ങളുണ്ടാകുമ്പോൾ ജനങ്ങൾ എന്തു തന്നെ പറഞ്ഞാലും ശരീഅത്തിന്റെ കല്പന താൻ തീർച്ചയായും നിർവഹിക്കുമെന്ന് വേണം വിശ്വാസി തന്റെ ആത്മാവിനോട് പറയാൻ. ഇങ്ങനെയുള്ള സംഗതികളെ ഗൗനിക്കാതെ അല്ലാഹുവിന്റെ കല്പനയെന്താണോ അത് നിറവേറ്റുക.

ഇത്തരം സാഹചര്യങ്ങളിൽ ഒരു കാര്യം നന്നായി ഓർക്കുക. ഏതൊരു നന്മയെക്കുറിച്ചാണോ തനിക്ക് ശ്രദ്ധയില്ലെന്ന് കാണുന്നത് അതിനു കാരണം സാത്താനിക പ്രലോഭനമാണെന്ന് മനസ്സിലാക്കി കൊണ്ട് അങ്ങനെയുള്ള എല്ലാ സാഹചര്യങ്ങളിലും ഒരു മുൻകരുതൽ എടുക്കുകയും അത്തരം സംഗതികളിൽ കൂടുതലായി ഊന്നൽ നൽകുകയും ചെയ്യുക. ഉദാ: ചന്ദ നൽകുന്നു. പക്ഷേ, തബ്ലീഗ് ചെയ്യുന്നില്ല. അങ്ങനെ വരുമ്പോൾ തബ് ലീഗിൽ കൂടുതൽ ഊന്നൽ നൽകുക. പ്രയാസമേറിയ വിഷയങ്ങളിൽ കുട്ടികൾ കൂടുതൽ ഊന്നൽ നൽകുന്നതു പോലെ നിങ്ങൾക്ക് പ്രയാസം തോന്നുന്ന നന്മകളിൽ കൂടുതൽ ഊന്നൽ നൽകി കൊണ്ട് അതിലെ കുറവ് നികത്താൻ ശ്രമിക്കുക. (തുടരും)

കുറിപ്പുകൾ

# സ്റ്റീഫൻ ഹോക്കിൻസ്: പരിമിതികളെ കീഴടക്കിയ ശാസ്ത്രപ്രതിഭ

മുസാഫിർ



ശരീരത്തിന് ചലനശേഷിയില്ലാതെ ചക്രകസേരയിലിരുന്ന് ചക്രവാളസീമകൾക്കപ്പുറത്തെ പ്രപഞ്ചത്തെ ദർശിച്ച ശാസ്ത്ര മഹാപ്രതിഭ സ്റ്റീഫൻ ഹോക്കിൻസ് (76) വിടപറഞ്ഞു. അംഗപരിമിതി, രോഗം, മറ്റു ജീവിതപ്രയാസങ്ങൾ എന്നിവ കൊണ്ട് തളർന്ന് പോകുന്നവർക്ക് ആവേശം പകരുന്നതായിരുന്നു ഹോക്കിൻസിന്റെ ജീവിതം. 21-ാം വയസ്സിൽ കേന്ദ്ര നാഡീവ്യവസ്ഥയിലെ സിരാകോശങ്ങളെ ബാധിക്കുന്ന മോട്ടോർ ന്യൂറോൺ ഡിസീസ് എന്ന രോഗം പിടികൂടിയ ഹോക്കിൻസിനെ അവശതയുടെ എല്ലാ ആതുരബലങ്ങളും പിടിച്ചുലച്ചു. സാധാരണ മദ്ധ്യവയസ്ക്കരിൽ കാണുന്ന ഈ രോഗം അദ്ദേഹത്തെ യൗവനത്തിൽ തന്നെ പിടികൂടി. കൂടിയാൽ രണ്ട് വർഷം മാത്രമേ ജീവിക്കുമെന്ന് വിഗദഗ്ധ ചികിത്സകർ വിധിയുമെഴുതി. പക്ഷേ 55 വർഷം പിന്നെയും ജീവിച്ച ഹോക്കിൻസ് 76-ാമത്തെ വയസ്സിലാണ് മരിച്ചത്. സംസാരശേഷി നഷ്ടപ്പെട്ട അദ്ദേഹം മുഖത്തെ പേശികൾ ചലിപ്പിച്ച് കമ്പ്യൂട്ടറിന്റെ സഹായത്തോടെയാണ് ആശയ വിനിമയം നടത്തിയിരുന്നത്. ഒരു വാചകം പൂർത്തിയാക്കാൻ ഇരുപത് മിനുട്ട് വേണ്ടി വരുമായിരുന്നു. എന്നിട്ടും ആ മഹാപ്രതിഭ തളർന്നില്ല. ഫിസിക്സിന്റെ ദന്തഗോപുരവാസികളായ പ്രവര ശാസ്ത്ര സമൂഹം കൈകാര്യം ചെയ്തിരുന്ന തിയററ്റിക്കൽ ഫിസിക്സിനെയും പ്രപഞ്ച ശാസ്ത്രത്തെയും (കോസ്മോളജി) അവിടെ നിന്നും ഇറക്കി അദ്ദേഹം ജനകീയമാക്കി. ലോകം അനുകമ്പകൊണ്ടും വാത്സല്യം കൊണ്ടും മഹാനായ ആ ശാസ്ത്ര പ്രതിഭയെ അകമഴിഞ്ഞു ആദരം നൽകി. ശാസ്ത്രരംഗത്തെ ഇതിഹാസ പുരുഷനായി അദ്ദേഹം മാറിയത് വൈകല്യങ്ങളെ ഇച്ഛാശക്തികൊണ്ട് അതിജീവിച്ച പ്രതിഭ എന്ന നിലക്ക് കൂടിയാണ്. സ്റ്റീഫൻ ഹോക്കിൻസ് ജനിച്ചു വളർന്ന് പരിചയപ്പെട്ട മതം ക്രിസ്തുമതമായിരുന്നു. ആ മതത്തിൽ അദ്ദേഹം വിശ്വസിച്ചില്ല. ആ മതത്തിലെ ദൈവമായ ദൈവപുത്രനേയും അദ്ദേഹം വിശ്വസിച്ചില്ല.

'ആകാശഭൂമികളുടെ സൃഷ്ടിപ്പിൽ ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തമുണ്ടെന്നും അവർ അതിനെക്കുറിച്ച് എല്ലാ അവസ്ഥയിലും അതിനെ കുറിച്ച് ചിന്തിച്ച് കൊണ്ടിരിക്കും' എന്ന ഖുർആൻ വചനം ഓർക്കുക എന്ന ഖുർആന്റെ ആഹ്വാനം ധിഷണാ ശാലികളോടുള്ളതാണ്. മനുഷ്യന്റെ വിജ്ഞാന കൗതുകത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റേതാണ് ഈ ആഹ്വാനം. പ്രപഞ്ചത്തിന്റെ ഉദ്ഭവവും പരിണാമവും വികാസവും പഠിക്കാൻ ഭൗതിക വാദികളടക്കം എല്ലാ ശാസ്ത്ര ജ്ഞാനികളുടെയും സമൂഹത്തെ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. ഖുർആന്റെ ഈ ആഹ്വാനം ശാസ്ത്ര കുതുകികളുടെ ധൈഷണിക പ്രകൃതിയോടുള്ള പ്രത്യക്ഷവും പരോക്ഷവുമായുള്ള ആഹ്വാനമാണ്. ശയ്യാവലംബിയായിട്ടും പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ചും ആകാശത്തിലുള്ള അത്ഭുകരമായ ഖഗോള പ്രതിഭാസങ്ങളെ സംബന്ധിച്ചും അത്ഭുതകരമാം വിധം അഗാധമായി ചിന്തിച്ചു എന്നതാണ് ഹാക്കിൻസിന്റെ മേന്മ. 1979 ൽ അദ്ദേഹം കേംബ്രിഡ്ജിലെ പ്രശസ്തമായ ലൂക്കാസിയൻ പ്രൊഫസർ ഓഫ് മാത്തമാറ്റിക്സ് എന്ന പദവിയിൽ എത്തിചേർന്നു. അത് അക്കാദമിക്ക് രംഗത്തെ ഏറ്റവും ഉന്നതമായ പദവികളിലൊന്നായിരുന്നു. കാരണം സാക്ഷാൽ ഐസക് ന്യൂട്ടൻ അലങ്കരിച്ചിരുന്ന പദവിയായിരുന്നു അത്.

ഹോക്കിൻസിന്റെ എറ്റവും പ്രശസ്തമായ കണ്ടെത്തൽ തമോഗർത്തങ്ങളെ ക്കുറിച്ചാണ്. ഒരു നക്ഷത്രം പിറന്നതിന് ശേഷം അതിന്റെ തെർമോ ന്യൂക്ലിയർ ബലം കൊണ്ട് നക്ഷത്രം വികസിക്കുകയും നേർവിപരീതമായി ഗുരുത്വ ബലം കൊണ്ട് സങ്കോചിക്കുകയും ചെയ്യും. അങ്ങനെയാണ് നക്ഷത്രം സംന്തുല

നം അഥവാ സ്റ്റാറ്റസ്കോ നിലനിർത്തുന്നത്. സൂര്യനെ പോലെ ഭാരം കുറഞ്ഞ നക്ഷത്രങ്ങൾ കാലം കഴിയുമ്പോൾ ശാന്തമായ മരണത്തെ വരിക്കുന്നു. സൂര്യനേക്കാൾ 15 മടങ്ങോ അതിൽ കൂടുതലോ ദ്രവ്യമാനമുള്ള നക്ഷത്രങ്ങളുടെ പരിണാമം വർണോജ്ജ്വലവും സംഭവബഹുലവുമാണ്. അവയിൽ ചിലത് തെർമോ ന്യൂക്ലിയർ (അണുതാപ) പ്രവർത്തനം മേൽക്കൈ നേടി നക്ഷത്ര സ്ഫോടനം സംഭവിച്ച് സൂപ്പർ നോവയായി മാറുന്നു. ചില നക്ഷത്രങ്ങളുടെ ഇന്ധനം കത്തിത്തീർന്ന് തെർമോ ന്യൂക്ലിയർ ബലം നശിച്ച് അതിശക്തമായ ഗുരുത്വബലത്തിന് കീഴടങ്ങുകയും നക്ഷത്രം ചുരുങ്ങാൻ തുടങ്ങുകയും ചെയ്യും. ഗുരുത്വബലം,നക്ഷത്രത്തിനകത്തെ ദ്രവ്യത്തെ ഞെരിച്ചമർത്തി ചുറ്റുമുള്ള സ്പേസിനെ പോലും ഉള്ളിലേക്ക് വക്രീകരിച്ച് ഒരു ബിന്ദുവിലേക്ക് ചുരുക്കുന്നു. ഇതിനെയാണ് സിംഗുലാരിറ്റി എന്ന് പറയുന്നത്. പ്രകാശം പോലും അതിൽ നിന്ന് പുറത്ത് വരില്ല എന്നായിരുന്നു സങ്കൽപ്പം. ഹോക്കിൻസ് ഈ ശാസ്ത്രീയ സങ്കൽപ്പത്തെ തിരുത്തിക്കുറിച്ചു. അദ്ദേഹത്തിന്റെ എറ്റവും പ്രശസ്തമായ കണ്ടെത്തലും ഇതായിരിക്കാം. അതായത് തമോഗർത്തങ്ങളിൽ നിന്ന് ഒരു തരത്തിലുള്ള വികിരണം പുറത്തേക്ക് വരുന്നുണ്ട് എന്നതായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ. 'ഹോകിൻസ് വികിരണം' എന്നാണ് ഇത് അറിയപ്പെടുന്നത്. തമോഗർത്തങ്ങൾ രൂപപ്പെടുന്നത് ഐൻസ്റ്റെന്റെ സാമാന്യ ആപേക്ഷികതാ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കപ്പെട്ടിരുന്നു. എന്നാൽ ക്വാണ്ടം ഭൗതികത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഹോക്കിൻസ് തമോഗർത്ത വികിണം വിശദീകരിച്ചത്. അങ്ങനെ കോടാനുകോടി കൊല്ലത്തെ വികിരണത്തിന് ശേഷം സാവധാനം തമോഗർത്തം ബാഷ്പീകരിക്കപ്പെട്ടു പോകുമെന്നായിരുന്നു ഹോക്കിൻസിന്റെ കണ്ടെത്തൽ. ഈ കണ്ടുപിടുത്തത്തിന് നോബൽ സമ്മാനം വരെ കിട്ടുമെന്ന് കരുതിയിരുന്നു. പക്ഷേ അത് കിട്ടിയില്ല. ഹോക്കിൻസ് റേഡിയേഷൻ ഒരു സൈദ്ധാന്തിക കണ്ടെത്തൽ മാത്രമാണ്. നോബൽ സമ്മാനം ലഭിക്കണമെങ്കിൽ അതിന് വ്യക്തമായ തെളിവുകൾ നൽകേണ്ടതുണ്ട്. തെളിവുകൾ നൽകാൻ കഴിയാത്തതിനാണ് നോബൽ സമ്മാനം ലഭിക്കാതെ പോയത്.

ഫലസ്തീൻ പ്രശ്നത്തിൽ എക്കാലത്തും ഫലസ്തീനികൾക്ക് അനുകൂലമായ അനുഭാവം അദ്ദേഹം തുറന്ന നിലയിൽ ധീരമായി പ്രകടിപ്പിച്ചിരുന്നു. 2013ൽ ഇസ്റയേലി നേതാവ് ഷിമോൺ പെരസിന്റെ 90-ാം വയസ്സിനോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ ഇസ്റയേൽ അധികൃതർ അദ്ദേഹത്തെ ക്ഷണിച്ചെങ്കിലും ആ ചടങ്ങ് അദ്ദേഹം ബഹിഷ്ക്കരിക്കുകയുണ്ടായി. മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽക്ലിന്റനും മുൻ ബ്രിട്ടീഷ് പ്രധാന മന്ത്രി ടോണി ബ്ലെയറും ആ പരിപാടിയിൽ സംബന്ധിച്ചിരുന്നു. ഇസ്രയേലും ജൂതസമൂഹവും ഇക്കാര്യത്തിൽ ഹോക്കിൻസിനോട് കടുത്ത അമർശം രേഖപ്പെടുത്തുകയുണ്ടായി. നിരവധി കലാകാരന്മരും സംഗീതജ്ഞരും ഇസ്റയേൽ ഫലസ്തീനികളോട് കാണിക്കുന്ന അക്രമങ്ങളിൽ പ്രതിഷേധം മുഴക്കുകയും ഇസ്റയേലി പരിപാടികൾ ബഹിഷക്കരിക്കുകയും ചെയ്തിരുന്നു. ശാസ്ത്രസമൂഹത്തിൽ നിന്ന് ഹോക്കിൻസായിരുന്നു ആദ്യം ബഹിഷ്ക്കരിച്ചത്. ഇസ്റയേലിനെതിരെ അദ്യമായ ഹോക്കിൻസ് പ്രതിഷേധിക്കുന്നത് 2009 ൽ അൽജസീറ ചാനലുമായി നടത്തിയ ഒരു ഇന്റർവ്യൂയിൽ ആയിരുന്നു. ഗാസയിൽ ഇസ്റയേൽ നടത്തിയ ആക്രമണത്തെ അദ്ദേഹം അപലപിക്കുകയുണ്ടായി. ആക്രമണം അനുപാതത്തിൽ കവിഞ്ഞതാണെന്നും, 1990 മുമ്പ് ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്ന സാഹചര്യമാണ് അവിടെയുള്ളതെന്നും അത് തുടരനാവില്ലെന്നും ഹോക്കിൻസ് പറഞ്ഞു. ഫലസ്തീനിലെ ശാസ്ത്ര ബിരുദ വിദ്യാർഥികളെ പഠിപ്പിക്കാൻ ഹോക്കിൻസ് തന്റെ ഫെയ്സ് ബുക്ക് അനുയായികൾക്കിടയിൽ പ്രചാരണം നടത്തുകയുണ്ടായി. വിയറ്റ്നാം യുദ്ധകാലത്ത് അമേരിക്കക്കെതിരെ നടന്ന പ്രകടനത്തിൽ ഊന്നു വടിയുടെ സഹായത്തോടെ ഹോക്കിൻസ് പങ്കെടുത്തുകൊണ്ട് തന്റെ യുദ്ധ വിരുദ്ധതയും സമാധാന പ്രേമവും പ്രകടമാക്കി. യുറോപ്യൻ യൂണിയൻ വിട്ടുപോകാനുള്ള ബ്രിട്ടന്റെ തീരുമാനത്തിന്റെയും കടുത്ത വിമർശകനായിരുന്നു ഹോക്കിൻസ്. പ്രഗല്ഭനായ ശാസ്ത്രജ്ഞനും മനുഷ്യസ്നേഹിയുമായ ആ മഹാ പ്രതിഭക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

---

**പേജ് 26 ൽ നിന്ന് തുടർച്ച**

***കഴിവുള്ള ഗ്രന്ഥം ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻ പോലെയുള്ള ഒരു ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിക്കപ്പെട്ട ഈ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നുവെങ്കിൽ അവർ നശിക്കുമായിരുന്നില്ല. നിങ്ങൾക്ക് നൽകപ്പെട്ട ഈ അനുഗ്രഹവും സന്മാർഗവും തൗറാത്തിന് പകരം യഹൂദികൾക്ക് നൽകിയിരുന്നുവെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികൾ ആകുമായിരുന്നില്ല. ഞാൻ സത്യമായും നിങ്ങളോട് പറയുന്നു അതുകൊണ്ട് നിങ്ങൾക്ക് നൽകപ്പെട്ട ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നുവെങ്കിൽ മുഴു ലോകവും അഴുകിയ മാംസപിണ്ഡം പോലെ ആവുമായിരുന്നു. അതാണ് ഖുർആൻ. ഇതിന് എതിരിലുള്ള എല്ലാ മാർഗങ്ങളും നിഷ്ഫലമാണ്.' (കിശ്തീ നൂഹ് പേ. 51-54 മലയാളം തർജമ).***

# അബ്ദുറഹ്മാൻ സാഹിബ്



കണ്ണൂർ സിറ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രവർത്തക സമിതിയിലെ മുതിർന്ന അംഗവും കണ്ണൂരിലെ സീനിയർ ജേർണലിസ്റ്റുമായ എം. അബ്ദുർ റഹ്മാൻ സാഹിബ് (81) മാർച്ച് 1-ാം തീയതി അന്തരിച്ചു. (ഇന്നാലില്ലാഹി....) കേരളത്തിലെ ജമാഅത്തിന്റെ വേദികളും സാംസ്കാരിക സാഹിത്യ രാഷ്ട്രീയ വേദികളും നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹം വാക്കുകൾക്ക് ഇടിമുഴക്കത്തിന്റെ ഗാംഭീര്യവും നക്ഷത്ര തിളക്കവും നൽകിയ ഉജ്ജ്വല വാഗ്മിയായിരുന്നു. കോളേജ് പഠനകാലം മുതൽ പ്രസംഗ വേദികളിൽ അറിയപ്പെട്ട് തുടങ്ങിയ അദ്ദേഹം കെ. കരുണാകരൻ, എ. കെ. ആന്റണി, വയലാർ രവി മുതലായ രാഷ്ട്രീയത്തിലെ തലയെടുപ്പുള്ള നേതാക്കന്മാരുമായി ആത്മബന്ധം പുലർത്തുകയും അത് അവസാനംവരെ തുടരുകയും ചെയ്തിരുന്നു. കരുണാകരന്റെ പേഴ്സണൽ സ്റ്റാഫംഗമായും കെപിസിസി മെംബറായും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും രാഷ്ട്രീയത്തിലെ അനീതിക്കും അധർമത്തിന്നും അധികാര പരതക്കും നേരേ എന്നും പുറം തിരിഞ്ഞ് നിൽക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ഇതിന് തന്നെ പ്രാപ്തനാക്കിയത് ചെറുപ്പം മുതലേ തന്നിൽ രൂഢമൂലമായ ജമാഅത്തിന്റെ ആശയങ്ങളാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

വലിപ്പം ചെറുപ്പ ഭേദമില്ലാതെ എല്ലാവരോടും പൊട്ടിച്ചിരിച്ചുകൊണ്ട് പെരുമാറാനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമാണ്. അദ്ദേഹത്തിന്റെ വിയോഗം ജമാഅത്തിനെന്ന പോലെ കേരള പൊതു സമൂഹത്തിനും കനത്ത നഷ്ടമാണ്. മൗലാനാ അബ്ദുല്ലാ സാഹിബിന്റെ സാമീപ്യം അദ്ദേഹത്തിന്റെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ ഏറെ പങ്ക് വഹിച്ചിട്ടുണ്ട്. തലശ്ശേരി ബ്രണ്ണൻ കോളേജിൽ യൂണിയൻ ചെയർമാനായിരിക്കെ മൗലാനാ അവർകളെ കൊണ്ട് അറബിക്ക് അസോസിയേഷൻ ഉദ്ഘാടനം ചെയ്യിപ്പിച്ചിരുന്നു. ആദികടലായിയിലെ പ്രശസ്തനായ അലി വൈദ്യരുടെ മകനാണ്. ഭാര്യ ഖദീജ കേരളത്തിലെ ആദ്യത്തെ പതിമൂന്ന് അഹ്മദികളിൽ പ്രഗത്ഭനായ ഇബ്രാഹിം കുഞ്ഞ് സാഹിബിന്റെ മകളുടെ മകളാണ്. ഏക മകൾ ഷീജ, മരുമകൻ ബാസിത് മുസ്‌ലിമുമാണ്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. *എ. ടി. ശറഫുദ്ദീൻ കണ്ണൂർ സിറ്റി*

# ഐ. കെ. അലവി സാഹിബ്



കോഴിക്കോട്, മാത്തോട്ടം ജമാഅ ത്തംഗം ഐ.കെ. അലവി സാഹിബ് (79) ബേപ്പൂർ മാഹിയിലുള്ള വസതിയിൽ വെച്ച് ജനുവരി 18-ാം തീയതി വഫാത്തായി. (ഇന്നാലില്ലാഹി....) ആദ്യകാല അഹ്മദികളിലൊരാളായ മർഹൂം ഐ.കെ. മൊയ്തീൻ കുട്ടി സാഹിബിന്റെ മകനാണ്. നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിച്ചിരുന്ന പരേതൻ ഖാദിയാനിലെ വാർഷിക സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിൽ തൽപരനായിരുന്നു. നല്ലൊരു ഗായകനുമായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **ഭാര്യ**: പരേതയായ കെ.ടി മുഹമ്മദ് സാഹിബിന്റെ മകൾ ഖദീജ. **മക്കൾ**: റംലത്ത്(ചേലക്കര), മൻസൂർ അഹ്മദ്, മുബാറക്ക് അഹ്മദ്, നുസ്രത്ത്. **മരുമക്കൾ**: പരേതനായ എം. മുഹമ്മദ് (ചേല ക്കര), വി.പി. മുഹമ്മദലി, സഫിയ, സീനത്ത്.

*- ഐ. കെ. മൻസൂർ*

# ശ്രമദാനവും ഉച്ചഭക്ഷണ വിതരണവും

കോഴിക്കോട് മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള, ഭട്ട് റോഡിൽ സ്ഥിതി ചെയ്യുന്ന, ജില്ലാ ആയുർവ്വേദ ആശുപത്രിയുടെ അങ്കണം സൗജന്യ ശ്രമദാനത്തിലൂടെ ശുചീകരണം നടത്തി. വാർഡ് മെംബർ ശ്രീമതി ആശാ ശശാങ്കൻ ശുചീകരണപ്രവർത്തികൾ ഉദ്ഘാടനം ചെയ്തു. അൻസാറുല്ലാഹ് കോഴിക്കോട് സയീം അഅ്ലാ ജനാബ് എ.എം. മുഹമ്മദ് സലീം സാഹിബ് ആമുഖപ്രസംഗവും ആശുപത്രി സൂപ്രണ്ട് ഡോക്ടർ ജസ്സി പി.സി. ആശംസയും പറഞ്ഞു. തുടർന്ന് ഇരുനൂറോളം വരുന്ന രോഗികൾക്ക് ഉച്ചഭക്ഷണ വിതരണവും നടത്തി.



Published on 7.04.2018
Pages 44
Vol: 90 Issue. 4
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com